H-431

# ഫ്ളോറൻസ്

# നൈററിങ്ങേൽ

H 431

മിസിസ് ഹെലൻ തോമസ്

8811
H 431
ശ്രീകൃഷ്ണവിലാസംഗ്രന്ഥശാല
മലയിൻകീഴ്.

# ഫ്ലോറൻസ് നൈറ്റിൻഗെയ്ൽ

8811
H 431

ഗ്രന്ഥകർത്രി

**മിസിസ് ഹെലൻ തോമസ്**

ശ്രീകൃഷ്ണവിലാസംഗ്രന്ഥശാല
മലയിൻകീഴ്.

മാതൃഭൂമി

പ്രസാധകന്മാർ:

**മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്
കമ്പനി, ലിമിററഡ്, കോഴിക്കോട്**

1960

വില ക. 1/–

*First Impression: 1955*
*Second Impression: 1960*

*All rights reserved*

*Author: Mrs. Helen Thomas, Staff Nurse,*
*Government Hospital, Cannanore*

*Printed by Kurur Neelakandhan Namboodiripad*
*at the Mathrubhumi Press, Calicut-1*

*Publishers:*
*The Mathrubhumi Printing & Publishing Co., Ltd, Kozhikode-1*

*June 1960*

# ആമുഖം

രോഗാതുരപരിചരണത്തിനുവേണ്ടി ജീവാർപ്പണം ചെയ്തു വിശ്വവിഖ്യാതി നേടിയ ഒരു വീരവനിതയുടെ സംക്ഷിപ്തമെങ്കിലും സമ്പൂർണ്ണമായ ഒരു ജീവചരിത്രമാണ് ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം. ഒരു ശതാബ്ദത്തിനുമുമ്പ്, 1854-ൽ, ഇംഗ്ലണ്ടും ഫ്രാൻസും റഷ്യയ്ക്കെതിരായി യുദ്ധം പ്രഖ്യാപനം ചെയ്കയും, ആ കൊല്ലം സെപ്തംബർമാസത്തിൽ സംയുക്തസേന ക്രീമിയായിലെത്തുകയും ചെയ്തപ്പോൾ, രോഗബാധിതരും മുറിവേററവരുമായ അനേകായിരം സൈനികരുടെ രോഗപരിചരണകൃത്യത്തിൻെറ നേതൃത്വം ഏറെറടുക്കുകയും, ക്രീമിയാരണാങ്കണത്തിലും തുടർന്നു മററു രോഗാതുരരംഗങ്ങളിലും ചെയ്ത നിസ്തുലസേവനങ്ങൾമൂലം ലോകത്തിൻെറ മുഴുവൻ ശ്രദ്ധയെയും പ്രശംസയെയും സമാർജ്ജിയ്ക്കുയും, അനന്തരം ആധുനികനേഴ്സിങ്ങിൻെറ സ്ഥാപകയായിത്തീരുകയും ചെയ്ത ആ വീരവനിതയുടെ—ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ—പ്രഥമശതാബ്ദപൂർത്തി ലോകത്തിൻെറ വിവിധഭാഗങ്ങളിലും ഇക്കൊല്ലം ആഘോഷിയ്ക്കപ്പെട്ടുവരികയാണ്. അങ്ങിനെയുള്ള ഒരു സന്ദർഭത്തിൽ ആ മഹതിയുടെ ഒരു ജീവചരിത്രം മലയാളഭാഷയിൽ പ്രസിദ്ധീകരിയ്ക്കുന്നത് സന്ദർഭോചിതമാണെന്നു ഞാൻ വിശ്വസിയ്ക്കുന്നു.

ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ ജീവചരിത്രം ലോകത്തിലെ വിവിധഭാഷകളിലും എഴുതപ്പെട്ടിട്ടുണ്ട്. ആംഗലഭാഷയിൽത്തന്നെ ആ മഹിളാമണിയുടെ അനേകം ജീവചരിത്രങ്ങളാണ് ആ ഭാഷയെ സമ്പുഷ്ടമാക്കിയിട്ടുള്ളത്. ഫ്ലോറൻസ് നൈററിൻഗെയ്ൽതന്നെ എഴുതിയിട്ടുള്ള അനേകായിരം കുറിപ്പുകളും അനേകം പ്രമാണരേഖകളും ഇന്ന് ഇംഗ്ലണ്ടിലെ ബ്രിട്ടീഷ്മ്യൂസിയത്തിൽ സൂക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്. അവയെ അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള പല ആംഗലഗ്രന്ഥങ്ങളെയും ആധാരമാക്കിയാണ് ഈ ചെറുഗ്രന്ഥം ഞാൻ വിരചിച്ചിട്ടുള്ളത്.

രോഗത്തെ വിജയിയ്ക്കുവാൻ വൈദ്യശാസ്ത്രലോകം അതീവയത്നം ചെയ്തുവരികയാണ്. രോഗാക്രമണങ്ങളെ തടയുവാനും, രോഗാക്രമണമുണ്ടായാൽ അതിനെ നിയന്ത്രിയ്ക്കുവാനും

രോഗവിമോചനം വരുത്തുവാനും, വൈദ്യശാസ്ത്രലോകം പുതിയ പുതിയ ഔഷധങ്ങളെ ദിനേനയെന്നോണം കണ്ടുപിടിച്ചുകൊണ്ടിരിയ്ക്കുന്നുമുണ്ട്. എന്നാൽ സുശക്തമായ ഔഷധങ്ങളോടൊപ്പം ശാസ്ത്രീയവും സുശിക്ഷിതവുമായ നേഴ്സിങ്ങും—രോഗപരിചരണവും—രോഗശാന്തിയ്ക്കും രോഗവിമോചനത്തിനും അനുപേക്ഷണീയവും അത്യന്താപേക്ഷിതവുമാണെന്നു വൈദ്യശാസ്ത്രലോകം സമ്മതിച്ചുകഴിഞ്ഞിട്ടുള്ള ഒരു യാഥാർത്ഥ്യമാണ്. നേഴ്സിങ്ങിനെ—രോഗപരിചരണത്തെ—ശാസ്ത്രീയവും ആധുനികവുമായ ഒരു അസ്ഥിവാരത്തിൽ സ്ഥാപിയ്ക്കുയും, ഒരു ശതാബ്ദത്തിനുമുമ്പുവരേയും അതിനിന്ദ്യവും ആഭാസവും സ്ത്രീകൾക്ക് അനഭിലഷണീയവുമായി കരുതപ്പെട്ടിരുന്ന രോഗാതുരപരിചരണജോലി അത്യുൽകൃഷ്ടവും മഹനീയവും സ്തുത്യർഹവുമായ ഒരു സേവനകൃത്യമാണെന്ന് സ്വജീവിതംകൊണ്ടു ലോകത്തിനു മാതൃക നല്കുയും ചെയ്കയാണ് ഫ്ലോറൻസ് നൈററിൻഗെയ്ൽ ചെയ്തത്.

വൈദ്യശാസ്ത്രം എത്രതന്നെ പുരോഗമിച്ചാലും രോഗവും രോഗികളും മാനവസമുദായം നിലനില്ക്കുന്ന കാലത്തോളം ഈ ലോകത്തിലുണ്ടാകാതിരിയ്ക്കയില്ല. രോഗവും രോഗികളും ഈ ലോകത്തിലുണ്ടായിരിയ്ക്കുന്ന കാലത്തോളം രോഗപരിചരണത്തിനു സുശിക്ഷിതരും പരിചയസമ്പന്നരുമായ നേഴ്സുമാരും ലോകത്തിലുണ്ടായിരിയ്ക്കും. അങ്ങിനെ, മാനവസമുദായത്തിൻെറ അന്തിമകാലാന്ത്യംവരെയും നിലനില്ക്കുന്നതും നിലനില്ക്കേണ്ടതുമായ നേഴ്സിങ്ങിൻെറ—സുശിക്ഷിതവും ശാസ്ത്രീയവുമായ രോഗപരിചരണസമ്പ്രദായത്തിൻെറ—സ്ഥാപകയായ മിസ് ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ—"ദീപമേന്തിയ വനിത" എന്ന അപരനാമംകൂടി വഹിയ്ക്കുന്ന ഈ മഹതിയുടെ—മഹനീയജീവിതം ലോകാന്തംവരെയും രോഗാതുരപരിചരണജോലിയിൽ വ്യാപൃതരാകുന്ന അനേകലക്ഷം മഹിളകൾക്കു മാർഗ്ഗദർശിയായ ഒരു ഉജ്ജ്വലദീപമായി പ്രോജ്ജ്വലിയ്ക്കുന്നതായിരിയ്ക്കും.

വിശിഷ്ടമായ ഒരു അവതാരികമൂലം ഈ ചെറുഗ്രന്ഥത്തെ അനുഗ്രഹിച്ച ശ്രീ. കെ. പി. കേശവമേനോൻ അവർകൾക്ക് എൻെറ വിനീതമായ കൂപ്പുകൈ.

ക്രിസ്ത്മസ്, 1954 — ഗ്രന്ഥകർത്രി

# അവതാരിക

നവീനസമ്പ്രദായത്തിലുള്ള ആശുപത്രികളിൽ വെളുത്ത ഉടുപ്പു ധരിച്ച്, തലയിൽ വെളുത്ത തുവാല കെട്ടി രോഗികളെ ശുശ്രൂഷിയ്ക്കുന്ന പ്രസന്നവദനകളായ നേഴ്സുമാരെ കാണാം. അവരുടെ സാന്നിദ്ധ്യംമാത്രമല്ല, ആധുനിക ആശുപത്രികളെ രോഗികളുടെ ആശ്വാസകേന്ദ്രങ്ങളാക്കിത്തീക്കുന്നതിന്നു സഹായിയ്ക്കുന്നത്. രോഗികളുടെ ചികിത്സയ്ക്കും സൌകര്യങ്ങൾക്കും ആശുപത്രികളിലേർപ്പെടുത്തിയിരിയ്ക്കുന്ന ക്രമവും, ചിട്ടയും, വ്യവസ്ഥയും സമ്പ്രദായങ്ങളും നമ്മെ ആശ്ചര്യപ്പെടുത്താതിരിയ്ക്കില്ല. ഇവയൊന്നുമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്നു നമുക്കിപ്പോൾ വിചാരിയ്ക്കുവാൻ പ്രയാസമാണ്.

ഒരു നൂററാണ്ടു മുമ്പ് ഇംഗ്ലണ്ടിലെ ആശുപത്രികളുടെ സ്ഥിതി പരിതാപകരമായിരുന്നു. അവിടെ കണ്ടിരുന്ന ബഹളവും, വൃത്തികേടും, അലസതയും, അഴിമതികളും ആക്കും വേദന തോന്നിപ്പിയ്ക്കുന്ന തരത്തിലായിരുന്നു. അതെല്ലാം ഇപ്പോൾ അവസാനിച്ചു. ആധുനികസമ്പ്രദായത്തിലുള്ള ചികിത്സാക്രമങ്ങളും ശുശ്രൂഷാരീതിയും ഇംഗ്ലണ്ടിൽ മാത്രമല്ല, പരിഷ്കൃതലോകത്തിലെങ്ങും വളർന്നുവന്നു. അതിന്ന് അസ്ഥിവാരമിട്ട ഫ്ളോറൻസ് നൈററിൻഗെയ്ലിൻെറ കഥ ആവേശകരമായ ഒന്നാണ്. അതാണ് ഈ ചെറിയ പുസ്തകത്തിൽ വിവരിയ്ക്കുന്നത്.

H 431

ഇംഗ്ലണ്ടിലെ ഒരു കുലീനകുടുംബത്തിൽ ജനിച്ച ആ വനിതാരത്നം തൻെറ സുഖസൌകര്യങ്ങളെല്ലാമുപേക്ഷിച്ച്, അന്നത്തെ ഇരുളടഞ്ഞ സാഹചര്യങ്ങളോടെതിർത്തു രോഗികളെ ശുശ്രൂഷിയ്ക്കുന്നതിന്നും, അതിന്നാവശ്യമായ പരിശീലനം മററുള്ളവക്കു കൊടുക്കുന്നതിന്നും, തൻെറ ജീവിതം അർപ്പണം ചെയ്തു. ആ മഹതിയുടെ അഗാധമായ അനുകമ്പയും, വിസ്മയനീയമായ ധീരതയും, നിസ്വാർത്ഥസേവനവും കണ്ടറിയു

വാനിടവന്നവരെല്ലാം അവരെ ആത്മാർത്ഥമായി ആരാധിച്ചു. വിശ്വാസവും, ധൈര്യവും, സേവനതല്പരതയുമുള്ള ഒരു വ്യക്തിയ്ക്കു് എത്ര വമ്പിച്ച കാര്യങ്ങൾ നേടുവാൻ കഴിയുമെന്നു ഫ്ളോറൻസ് നൈററിൻഗെയ്ലിൻെറ പാവനജീവിതം നമ്മെ പഠിപ്പിയ്ക്കുന്നു.

ക്രിമിയാ യുദ്ധകാലത്തു മുറിയേററ ബ്രിട്ടീഷുഭടന്മാരെ ചികിത്സിയ്ക്കുന്നതിന്നു സ്കുട്ടേറിയിലേർപ്പെട്ടത്തിയ ആശുപത്രിയിൽ ഫ്ളോറൻസ് നൈററിൻഗെയ്ൽ ചെയ്ത ഉത്സാഹപൂർവ്വമായ സേവനവും അത്ഭുതകൃത്യങ്ങളുമാണ് അവരെ ലോകരുടെ അളവററ ആരാധനയ്ക്കു പാത്രമാക്കിയതു്. യുദ്ധാവസാനത്തിൽ, യുദ്ധത്തിൽ പങ്കെടുത്ത പട്ടാളോദ്യോഗസ്ഥന്മാർക്കു് ഒരു വിരുന്നുസല്ക്കാരം നല്കിയിരുന്നു. അതിൽ സന്നിഹിതരായിരുന്ന അതിഥികളോടു് ആ യുദ്ധക്കാലത്തു് 'ആരുടെ സേവനമാണ് ഭാവിതലമുറ കൃതജ്ഞതയോടെ സ്മരിയ്ക്കുക'യെന്നൊരാൾ ചോദിയ്ക്കുകയുണ്ടായി. ഓരോരുത്തരോടും അവരുടെ അഭിപ്രായം ഒരു കഷ്ണം കടലാസ്സിൽ എഴുതുവാനാവശ്യപ്പെട്ടു. ഒരു പേരു് മാത്രമാണ് അവിടെയുണ്ടായിരുന്നവരെല്ലാം എഴുതിയതു്. അതു് ഫ്ലോറൻസ് നൈററിൻഗെയ്ലിൻേറതാണെന്നു പറയേണ്ടതില്ലല്ലൊ. ആ അഭിപ്രായം എത്ര ശരിയാണെന്നു് പരിഷ്കൃതലോകത്തിൻെറ ഹൃദയത്തിൽ ഫ്ലോറൻസ് നൈററിൻഗെയ്ലിന്നുള്ള സ്ഥാനം വ്യക്തമാക്കുന്നുണ്ടു്.

"സ്ത്രീവംശത്തിന്നു് ഒരു ഉത്തമമാതൃകയായി നിങ്ങളെ ലോകം ഓർമ്മിയ്ക്കുന്നതാണ്" എന്നു് വിക്ടോറിയാ മഹാറാണി ഫ്ലോറൻസ് നൈററിൻഗെയ്ലിനു് എഴുതി. മാത്രമല്ല, അവരെ രാജ്ഞി പല പ്രാവശ്യവും ചെന്നു കാണുകകൂടി ചെയ്തിരുന്നു എന്നറിയുമ്പോൾ ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ സേവനം അന്നത്തെ ജനങ്ങൾ എത്ര മഹത്തായി കരുതിയിരുന്നുവെന്നു് ഊഹിയ്ക്കാവുന്നതാണ്. ആതുരസേവനം ചെയ്യുന്നതിൽനിന്നു് ഉണ്ടാകുന്ന ആനന്ദംതന്നെയാണ് അതിൻെറ പ്രതിഫലമായി അവർ കരുതിയിരുന്നതു്. അതിലധികമൊന്നും ഫ്ലോറൻസ് ആഗ്രഹിച്ചിരുന്നില്ല.

ജീവചരിത്രഗ്രന്ഥങ്ങൾ മലയാളഭാഷയിൽ തുലോം ചുരുക്കമാണ്. ആ സ്ഥിതിയ്ക്ക് ഈ ഗ്രന്ഥം നിർമ്മിച്ച മിസ്സിസ് ഹെലൻ തോമസിൻെറ പരിശ്രമം പ്രത്യേകം പ്രശംസ അർഹിയ്ക്കുന്നുണ്ട്. ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ മഹനീയജീവിതത്തിലെ പ്രധാന സംഭവങ്ങളൊന്നും വിടാതെ, ലളിതഭാഷയിൽ, ചുരുക്കി എഴുതപ്പെട്ട ഈ പുസ്തകം മലയാളികൾ ഔത്സുക്യത്തോടെ വായിയ്ക്കുമെന്നതിന്ന് സംശയമില്ല. ഫ്ലോറൻസ് നൈററിൻഗെയ്ൽ അംഗീകരിച്ച ആതുരസേവനംതന്നെയാണ് ഈ ഗ്രന്ഥകർത്രിയും തൻെറ തൊഴിലായി സ്വീകരിച്ചിരിയ്ക്കുന്നത് എന്നറിയുന്നത് ഈ പുസ്തകം വായിയ്ക്കുവാനുള്ള ആഗ്രഹം വർദ്ധിപ്പിയ്ക്കാതിരിയ്ക്കില്ല.

ഗ്രന്ഥകർത്രിയുടെ വിജയകരമായ പരിശ്രമത്തിൽ അവരെ അഭിനന്ദിയ്ക്കുന്നതിനോടൊപ്പം ഈ ഗ്രന്ഥത്തിന്നു നല്ല പ്രചാരമുണ്ടാകുമെന്നു ആശംസിയ്ക്കുക്കൂടി ചെയ്തുകൊള്ളട്ടെ!

കോഴിക്കോട്,<br>13—8—1955

**കെ. പി. കേശവമേനോൻ**

# BIBLIOGRAPHY


1. The Life of Florence Nightingale
—By Sir Edward Cook.
2. The Life of Florence Nightingale —By Sarah A. Tooby.
3. Florence Nightingale —By I. B. O'Malley.
4. A History of Nursing —By M. A. Nutting.
5. Diary of the Cremean War—By F. Robinson, M. D.
6. Eastern Hospitals and English Nurses
—By A Lady Volunteer.
7. Notes on Hospitals —By Florence Nightingale.
8. Notes on Nursing —By Florence Nightingale.
9. On Trained Nursing for the Sick Poor
—By Florence Nightingale.
10. Addresses to Probationer -Nurses, 1872–1900
—By Florence Nightingale.
11. Introductory Notes on Lying-in Institutions
—By Florence Nightingale.
12. Scutari and Its Hospitals —By S. G. Osborne.

# വിഷയവിവരം


| | | | |
|---|---|---|---|
| 1 | ജനനവും കൌമാരവും | .... | 1 |
| 2 | യൂറോപ്യൻ പര്യടനം | .... | 9 |
| 3 | പ്രകാശലബ്ധി | .... | 16 |
| 4 | മാനസികമായ സമ്മർദ്ദനം | .... | 24 |
| 5 | അവിചാരിതപ്രതിബന്ധങ്ങൾ | .... | 34 |
| 6 | പ്രത്യുദ്ധാരണജോലിയിൽ | .... | 40 |
| 7 | ബ്രിട്ടീഷ്ഗവമ്മെണ്ടിന്റെ ക്ഷണനം | .... | 47 |
| 8 | ഡോക്ടർമാരുടെ എതിർപ്പ് | .... | 59 |
| 9 | രാജ്ഞിയുടെ അഭിനന്ദനം | .... | 64 |
| 10 | രോഗബാധ | .... | 71 |
| 11 | സമരസമാപ്തി | .... | 78 |
| 12 | ക്രീമിയായിൽനിന്നു തിരിച്ചെത്തിയശേഷം | .... | 87 |
| 13 | നേഴ്സിങ്ങ്വിദ്യാലയസ്ഥാപനം | .... | 91 |
| 14 | ലോകത്തോടുള്ള വിടവാങ്ങൽ | .... | 97 |

H 431

ശ്രീകൃഷ്ണവിലാസംഗ്രന്ഥശാല
മലയിൻകീഴ്.



ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിയ്ക്കപ്പെട്ടിട്ടുള്ള ഫ്ലോറൻസ്
നൈററിൻഗെയ്ലിൻെറ ഒരു മാർബിൾപ്രതിമയുടെ ഫോട്ടോ

അദ്ധ്യായം 1

# ജനനവും കൌമാരവും

ഫ്ലോറൻസ് എന്ന പേര് വഹിക്കുന്ന അനേകായിരം സ്ത്രീകളെയും ബാലികമാരേയും ശിശുക്കളേയും ഇന്ന ലോകത്തിൽ എവിടെയും കാണാം. എന്നാൽ 1820-ാണ്ടു ജൂലൈ മാസം 4-ാംനു- ഈ പേര് ഒരു ശിശുവിനു നല്കപ്പെട്ടപ്പോൾ അതു് ഒരു അസാധാരണ നാമകരണമായി പലർക്കും തോന്നി. കാരണം, ഇററലിയിലെ ഒരു നഗരത്തിന്റെ പേരായ "ഫ്ലോറൻസ്" എന്ന നാമധേയം ഒരു ശിശുവിനു നല്കിയതു് അന്നു് ആദ്യമായിട്ടായിരുന്നു.

വില്യം എഡ്വേർഡ് [illegible] ഇംഗ്ലണ്ടിലെ പൌരന്മാരായിരുന്നു. അവരുടെ വിവാഹം 1818-ലാണു് നടന്നതു്. വിവാഹം [illegible] നത്തിനായി [illegible] 1819-ൽ നേപ്പിൾസിൽവെച്ച് അവരുടെ പ്രഥമസന്താനം [illegible] പെൺകുഞ്ഞായിരുന്നു. [illegible] എന്ന് [illegible] ആ ശിശുവിന് [illegible]

[illegible]ായി. [illegible] ഫ്ലോറൻസി [illegible] 1820-ാ [illegible] 12 [illegible] പ്രസവം [illegible] അവ [illegible] "[illegible]" എന്ന പേരു [illegible] നല്കി.

[illegible] ഒരു [illegible] സ്വല്പം കണ്ണിതമുണ്ടാ



ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള [illegible]
നൈററിൻഗെയ്‌ലിന്റെ ഒരു മാർബിൾപ്രതിമയുടെ [illegible]

H431

അധ്യായം 1

# ജനനവും കൌമാരവും

ഫ്ലോറൻസ് എന്ന പേര് വഹിയ്ക്കുന്ന അനേകായിരം സ്ത്രീകളേയും ബാലികമാരേയും ശിശുക്കളേയും ഇന്നു ലോകത്തിൽ എവിടേയും കാണാം. എന്നാൽ 1820–ാമാണ്ടു ജൂലൈ മാസം 4–ാംനു- ഈ പേര് ഒരു ശിശുവിന്നു നല്കപ്പെട്ടപ്പോൾ അത് ഒരു അസാധാരണ നാമകരണമായി പലക്കും തോന്നി. കാരണം, ഇററലിയിലെ ഒരു നഗരത്തിന്റെ പേരായ "ഫ്ലോറൻസ്" എന്ന നാമധേയം ഒരു ശിശുവിന്നു നല്കിയതു് അതു് ആദ്യമായിട്ടായിരുന്നു.

H 431

വില്യം എഡ്വർഡ് നൈററിൻഗെയ്ലും ഫാനിയും ഇംഗ്ലണ്ടിലെ പൌരന്മാരായിരുന്നു. അവരുടെ വിവാഹം 1818–ലാണ് നടന്നതു്. വിവാഹം കഴിഞ്ഞ ഉടനെ അവർ ഒരു പര്യടനത്തിനായി യൂറോപ്പിലേയ്ക്കു പോയി. ആ പര്യടനമദ്ധ്യേ, 1819–ൽ നാപ്പിൾസിൽവെച്ച് അവരുടെ പ്രഥമസന്താനം ജാതയായി. അതൊരു പെൺകുഞ്ഞായിരുന്നു. നാപ്പിൾസിൽ വെച്ചു ജനിച്ചതുകൊണ്ട് ആ സ്ഥലത്തിന്റെ ഗ്രീക്കു പേരായ "പാർത്ഥനോപ്പ്" എന്നീ നാമധേയമാണ് ആ ശിശുവിന് അവളുടെ മാതാവു നല്കിയതു്.

മലയിൻകീഴ്

ആ വിദേശപര്യടനത്തിൽ ഫാനി വീണ്ടും ഗർഭിണിയായി. രണ്ടാമത്തെ പ്രസവസന്ധിയിൽ ആ ദമ്പതികൾ ഫ്ലോറൻസിലായിരുന്നു. അവിടെ താമസിച്ചുകൊണ്ടിരിയ്ക്കുമ്പോൾ 1820–ാമാണ്ടു മേയ്മാസം 12–ാംനു- ഫാനിയുടെ രണ്ടാമത്തെ പ്രസവം നടന്നു. ആ ദ്വിതീയസന്താനവും പെണ്ണായിരുന്നു. അവളുടെ ജന്മസ്ഥലത്തിന്റെ പേരായ "ഫ്ലോറൻസ്" എന്ന പേരു തന്നെ ഫാനി തന്റെ രണ്ടാമത്തെ ശിശുവിന്നു നല്കി.

തങ്ങളുടെ രണ്ടാമത്തെ സന്താനമെങ്കിലും ഒരു ആൺകുഞ്ഞായിത്തീരാതിരുന്നതിൽ വില്യമിന്നു സ്വല്പം കുണ്ഠിതമുണ്ടാ

യിരുന്നു. അദ്ദേഹം ഒരു കുബേരനായിരുന്നെങ്കിലും, തൻെറ സ്വത്തിൻെറ ഭാവിയെ സംബന്ധിച്ചുണ്ടായിരുന്ന ചില ന്യൂനതകൾ അദ്ദേഹത്തിൻെറ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. തൻെറ സമ്പത്തിൻെറ വലിയൊരു ഭാഗം തൻെറ മാതുലനിൽനിന്ന് അദ്ദേഹം സമാർജ്ജിച്ചവയായിരുന്നു. വില്യമിനു പുത്രസന്താനമില്ലാതെ വരുന്നപക്ഷം, അദ്ദേഹത്തിൻെറ മരണശേഷം ആ സ്വത്തു മുഴുവനും അയാളുടെ സഹോദരിയ്ക്കും അവളുടെ മൂത്തപുത്രനും നല്കണമെന്നായിരുന്നു ആ മാതുലൻ തൻെറ മരണപത്രികയിൽ നിർദ്ദേശിച്ചിരുന്നത്. തൻെറ മാതുലനിൽനിന്നു സിദ്ധിച്ച സ്വത്തുക്കൾക്കുടാതെ വേറെയും സമ്പത്തു വില്യമിനുണ്ടായിരുന്നു. അദ്ദേഹം ഒരു മൈനറായിരുന്നപ്പോൾ ലഭിച്ച ഒരു വസ്തുവിൽ ഒരു ലോഹഖനിയുണ്ടെന്നു കണ്ടുപിടിയ്ക്കപ്പെട്ടതുകൊണ്ട് ആ ഭൂമിയുടെ വില അനേകശതം വർദ്ധിയ്ക്കുയും, പ്രായപൂർത്തിയിലെത്തിയശേഷം അദ്ദേഹം ഖനിയുടെ പ്രവത്തനത്തിനുവേണ്ടി മൂലധനം മുടക്കയും ചെയ്തിരുന്നു. തന്മൂലം, ആ ഖനി വില്യമിന് ഒരു വലിയ ധനാഗമമാർഗ്ഗമായിത്തീർന്നിരുന്നു. ഈ ഖനിയും ഇതര സ്വത്തുക്കളുമെല്ലാം തൻെറ കാലശേഷം ഒരു പുത്രസന്താനത്തിനു ലഭിയ്ക്കണമെന്ന് ആ പിതാവ് അഭിലഷിച്ചു എങ്കിൽ അതിൽ അസാംഗത്യമുണ്ടായിരുന്നില്ല.

ദാമ്പത്യജീവിതവിജയത്തിന്നാവശ്യമായ എല്ലാ ഗുണഗണങ്ങളും ആ ദമ്പതിമാക്കുണ്ടായിരുന്നെങ്കിലും, വില്യമിനേക്കാൾ ആറു വയസ്സു കൂടുതൽ പ്രായം ഫാനിയ്ക്കുണ്ടായിരുന്നു. വില്യമിനെ വിവാഹം ചെയ്യുന്നതിനുമുമ്പ്, 1816-ൽ, ഫാനി ഒരു പ്രഭുകുമാരനായ ജെയിംസ് സിൻക്ലയർ എന്നൊരു യുവാവുമായി പ്രണയബദ്ധയായി. പക്ഷെ, ഒരു സൈനിക കേപ്ററൻ മാത്രമായിരുന്ന ആ യുവാവിൻെറ വരുമാനംകൊണ്ടു മാനമായി ജീവിയ്ക്കുവാൻ സാദ്ധ്യമല്ലെന്നു ഫാനിയുടെ പിതാവായ വില്യം സ്മിത്ത് ശഠിച്ചതിനാൽ ഫാനിയുടെ ആ പ്രേമസൂനം വികസിയ്ക്കുന്നതിനിടയായില്ല.

ഫാനിയുടെ ഇളയ സഹോദരനായ ഒക്ടേവിയസിൻെറ സതീർത്ഥ്യനായിരുന്നു വില്യം എഡ്വർഡ് നൈററിൻഗെയ്ൽ. ഒരു ബാലനായിരുന്ന കാലംമുതല്ക്കേ ഫാനി അയാളെ

അറിയുമായിരുന്നു. അയാൾ തന്റെ സതീർത്ഥ്യനും സ്നേഹിതനുമായ ഒക്ടേവിയസിനെ കാണുവാൻ വില്യം സ്മിത്തിന്റെ ഗൃഹത്തിൽ പതിവായി പോകാറുണ്ടായിരുന്നു. അസാധാരണമായ ഉയരവും, ഉയരത്തിനൊത്ത ശരീരമില്ലാത്തതിനാൽ കൃശഗാത്രനുമായിരുന്ന വില്യം എഡ്വാർഡ് നൈററിൻ ഗെയ്ൽ ഫാനിയുടെ ഗൃഹത്തിൽ ചെന്നാൽ കസാലയിൽ 'ഒടിഞ്ഞുകുത്തി'യിരിയ്ക്കാതെ അധികസമയവും നിന്നുതന്നെ കഴിച്ചുകൂട്ടുകയായിരുന്നു പതിവ്.

നൈററിൻഗെയ്ൽ എന്നായിരുന്നില്ല വില്യമിന്റെ ആദ്യത്തെ പേര്. "ഷോർ" എന്ന പേരിലാണ് അദ്ദേഹം തന്റെ 21-ാമത്തെ വയസ്സുവരെ അറിയപ്പെട്ടിരുന്നത്. 21-ാമത്തെ വയസ്സിൽ തന്റെ മാതുലന്റെ സ്വത്തുക്കൾ കൈകാര്യം ചെയ്‌വാനുള്ള അവകാശം കൈവന്നപ്പോൾ നൈററിൻഗെയ്ൽ എന്ന നാമധേയം സ്വീകരിയ്ക്കുയാണ് അദ്ദേഹം ചെയ്തത്. കാരണം, ആ മാതുലന്റെ പേര് പീററർ നൈററിൻഗെയ്ൽ എന്നായിരുന്നു. മാതുലന്റെ സ്വത്തുക്കളിൽനിന്ന്, ഇപ്പോൾ തന്റേതായിത്തീർന്ന സ്വത്തുക്കളിൽനിന്നു, പ്രതിവർഷം കിട്ടിക്കൊണ്ടിരുന്ന ഏതാണ്ട് എണ്ണായിരം പവന്റെ പിൻബലത്തെ ആസ്പദമാക്കി യുവാവായ വില്യംകെയ്യും ബ്രിഡ്ജ് സർവ്വകലാശാലയിൽ ചെന്നുചേരുകയും, അവിടെ വിദ്യാഭ്യാസം ചെയ്കയും ചെയ്തു.

ഇംഗ്ലണ്ടിലെ ഒരു കുലീനകുടുംബത്തിലെ ഒരംഗമായിരുന്നു ഫാനി. അവളുടെ പിതാമഹനായിരുന്ന സാമുവൽ സ്മിത്ത് ലണ്ടനിലെ ഒരു പ്രമുഖ വ്യാപാരിയും സാമൂഹ്യപ്രവർത്തകനുമായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ വില്യം സ്മിത്ത് 46 കൊല്ലത്തോളം ബ്രിട്ടീഷ് പാർലിമെണ്ടിലെ ഒരംഗമായിരുന്നു. അഞ്ചു പുത്രന്മാരും അഞ്ചു പുത്രിമാരുമാണ് വില്യം സ്മിത്തിനുണ്ടായിരുന്നത്. പുത്രിമാരിൽ ഫാനിയായിരുന്നു കൂടുതൽ സൌന്ദര്യവതി.

1818-ൽ നൈററിൻഗെയ്ലും ഫാനിയും തമ്മിലുള്ള വിവാഹം നടന്നു. തത്സമയം ഫാനിക്കു മുപ്പതു വയസ്സും നൈററിൻ ഗെയ്ലിന് ഇരുപത്തിനാലു വയസ്സുമായിരുന്നു പ്രായം. വിവാഹം കഴിഞ്ഞയുടനെ അവർ ഇരുവരും വിദേ

ശപര്യടനത്തിനായി യൂറോപ്പിലേയ്ക്കു പോവുകയാണുണ്ടായത്.

മൂന്നു കൊല്ലത്തോളം ഇററലിയിൽ കഴിച്ചുകൂട്ടിയപ്പോൾ സ്വദേശത്തേയ്ക്കു തിരിച്ചുപോകുവാനുള്ള ആഗ്രഹം ഫാനിയിൽ പ്രബലപ്പെട്ടുവാൻ തുടങ്ങി. എന്നാൽ ഇംഗ്ലണ്ടിലേയ്ക്കു മടങ്ങണമെന്ന വിചാരംതന്നെ അവളുടെ ഭർത്താവിനുണ്ടായിരുന്നില്ല. വായിയ്ക്കുവാൻ ധാരാളം പുസ്തകങ്ങളും, ഹൃദ്യമായ സംഭാഷണങ്ങൾ നടത്തുവാൻ സ്നേഹിതരും ഉണ്ടായിരിയ്ക്കുന്ന കാലത്തോളം എവിടെ ജീവിച്ചാലും തരക്കേടില്ലെന്ന ഒരു മനോഭാവമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പ്രശാന്തമായൊരു ജീവിതത്തെയും, വായിയ്ക്കുവാനും ചിന്തിയ്ക്കുവാനും ഉപയോഗപ്പെട്ടുത്തുവാൻ ധാരാളം വിശ്രമസമയത്തെയുമാണ്, അദ്ദേഹം അഭിലഷിച്ചത്. പക്ഷെ, ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചുപോകണമെന്നുള്ള ഫാനിയുടെ നിർബ്ബന്ധം മൂത്തപ്പോൾ അവളുടെ ആ ഇംഗിതത്തെപ്പററി അദ്ദേഹത്തിനു ചിന്തിയ്ക്കാതിരിയ്ക്കുവാൻ നിവൃത്തിയില്ലാതായി.

തൻെറ കുടുംബത്തിൻെറ സ്ഥിരതാമസത്തിനു പററിയ ഒരു ഭവനം അദ്ദേഹത്തിനുണ്ടായിരുന്നില്ല. തൻെറ മാതുലൻ ജീവിച്ചിരുന്നതും, ഇപ്പോൾ തൻേറതായിത്തീർന്നിട്ടുള്ളതുമായ ഗൃഹം ജീർണ്ണിച്ചുകഴിഞ്ഞിരുന്ന ഒന്നായിരുന്നു. അതിനെ പുനരുദ്ധരിയ്ക്കാമെന്നുവെച്ചാൽതന്നെ, വളർന്നുവരുന്ന തൻെറ കുടുംബത്തിൻെറ സുഖവാസത്തിന് ഉപകരിയ്ക്കുന്ന ഒന്നായിരുന്നില്ല അത്. ചതുപ്പുനിലങ്ങളാലും കാഷികസ്ഥലങ്ങളാലും ചുററപ്പെട്ടിരുന്ന ആ വീട്ടു കുട്ടികളുടെ ആരോഗ്യത്തിനു ഹാനികരമായിരിയ്ക്കുമെന്നും അദ്ദേഹത്തിനു തോന്നി. അതുകൊണ്ടു, തൻെറ കുടുംബത്തെ ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചുകൊണ്ടുപോകുന്നതിനുമുമ്പ് അദ്ദേഹം തനിച്ച് ഇംഗ്ലണ്ടിലേയ്ക്കു പോയി. ഡേർബിഷയറിൽ ആരോഗ്യപ്രദമായൊരു സ്ഥലം കണ്ടുപിടിച്ച്, അവിടെ പുതിയൊരു ഗൃഹം നമ്മിയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു. "ലീ ഹേഴ്സ്റ്റ്" (Lea Hurst) എന്ന പേരിൽ അറിയപ്പെട്ട ഈ മന്ദിരത്തിൻെറ പണി പൂർത്തിയായപ്പോൾ, 1821-ൽ, ഫ്ലോറൻസ്നൈററിൻഗെയ്ലിന് ഒരു വയസ്സു മാത്രം പ്രായമുള്ളപ്പോൾ, നൈററിൻഗെയ്ൽ കുടുംബം ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചുപോയി.

"ലീ ഹേഴ്സ്റ്റി"ൽ താമസമാക്കിയതോടുകൂടി ആ ഗൃഹത്തിനു പല പോരായ്മകളുമുണ്ടെന്നു ഫാനി പരാതിപ്പെടുവാൻ തുടങ്ങി. "ലീ ഹേഴ്സ്റ്റും" ലണ്ടനുമായുള്ള ദൂരം ഫാനിക്കു ദുസ്സഹമായിരുന്നു. ആ ഗൃഹം സ്ഥിതിചെയ്തിരുന്ന സ്ഥലം തന്നെ ഒരു വിജനപ്രദേശമാണെന്ന് അവൾക്കുതോന്നി. വർഷകാലത്ത് അവിടെ താമസിയ്ക്കുക പ്രയാസവുമായിരുന്നു. അവിടെ താമസമാക്കിയ ആദ്യവർഷത്തിൽ കുട്ടികൾ രണ്ടുപേർക്കും "ബ്രോങ്കൈററിസ്" എന്ന ശ്വാസകോശരോഗം പിടിപെട്ടതു തന്നെ ആ ഗൃഹത്തിൻെറ അനാരോഗ്യകരമായ നിലകൊണ്ടാണെന്നു ഫാനി വിധിയെഴുതി. ഇവയെല്ലാമുപരിയായി, പതിനഞ്ചു ശയനമുറികൾ ആ ഗൃഹത്തിലുണ്ടായിരുന്നെങ്കിലും, ആ ഭവനം വളരെ ചെറുതാണെന്നു ഫാനി അഭിപ്രായപ്പെട്ടു! ഉഷ്ണകാലങ്ങളിലല്ലാതെ 'ലീഹേഴ്സ്റ്റി'ൽ താമസിയ്ക്കുക സാദ്ധ്യമല്ലെന്നും, ആകയാൽ പുതിയൊരു ഭവനം കണ്ടുപിടിയ്ക്കുന്നത് ഉത്തമമായിരിയ്ക്കുമെന്നും, 1823-ൽ ഫാനി തൻെറ ഭർത്താവിനെ ബോദ്ധ്യപ്പെടുത്തി.

ഫാനിയുടെ ആശയങ്ങൾക്കും ആവശ്യങ്ങൾക്കും അനുയോജ്യമായൊരു പുതിയ ഭവനം കണ്ടുപിടിയ്ക്കുവാനുള്ള അന്വേഷണം രണ്ടു കൊല്ലത്തോളം നീണ്ടുനിന്നു. ഒടുവിൽ, 1825-ൽ, "എമ്പ്ളി പാർക്ക്" എന്നൊരു മനോഹരമന്ദിരം ഹാംപ്ഷയറിൽ വില്യം വിലയ്ക്കുവാങ്ങി. ഈ പുതിയ മന്ദിരം ലണ്ടൻനഗരത്തിൻെറ അടുത്തായിരുന്നു എന്നുമാത്രമല്ല, ഫാനിയുടെ വിവാഹിതരായ രണ്ടു സഹോദരിമാരും താമസിച്ചിരുന്നതും "എമ്പ്ളിപാർക്കി"ൻെറ സമീപമായിട്ടുതന്നെയായിരുന്നു.

ഫ്ളോറൻസിന് അഞ്ചു വയസ്സായപ്പോൾ നൈററിൻഗെയ്ൽ കുടുംബത്തിൻെറ ജീവിതത്തിന് ഒരു സ്ഥിരത ലഭിച്ചു എന്നു പറയാം. ഉഷ്ണകാലം "ലീഹേഴ്സ്റ്റി"ലും, ബാക്കിയുള്ള സമയം "എമ്പ്ളി പാർക്കി"ലും അവർ കഴിച്ചുകൂട്ടി. വസന്തത്തിലോ ഗ്രീഷ്മത്തിലോ അവർ ഒന്നോ രണ്ടോ പ്രാവശ്യം ലണ്ടൻ സന്ദർശിയ്ക്കുകയും ചെയ്തിരുന്നു.

ഫ്ളോറൻസിനെ "ഫ്ളോ" എന്നും, പാർത്ഥനോപ്പിനെ "പാർത്ഥ" എന്നുമാണ് അവരുടെ മാതാപിതാക്കന്മാർ വിളിച്ചുവന്നിരുന്നത്. കുട്ടികൾ രണ്ടുപേരോടും കൂടുതൽ സ്നേഹവും

പ്രതിപത്തിയും അവരുടെ മാതാവിനേക്കാൾ പിതാവായിരുന്നു കൂടുതൽ പ്രദർശിപ്പിച്ചിരുന്നതെന്നു പറയാം. മാനസികവികാസത്തിലേയ്ക്കു നീങ്ങിനീങ്ങിക്കൊണ്ടിരുന്ന സ്വസന്താനങ്ങളെ വിനോദിപ്പിയ്ക്കുവാനും, തൻെറ വിജ്ഞാനഭണ്ഡാരത്തിൽനിന്നു ജ്ഞാനശകലങ്ങൾ സമയോചിതം ഉദ്ധരിച്ച് അവരെ അഭിജ്ഞരാക്കിത്തീർക്കുവാനും, അദ്ദേഹത്തിനുണ്ടായിരുന്ന കഴിവു നിസ്സീമമായിരുന്നു. പിതാവുമായുള്ള സമ്പക്കം അവക്കു വിജ്ഞാനപ്രദവും ആഹ്ലാദകരവുമായിരുന്നെങ്കിൽ, അവരുടെ ബാല്യചിത്തങ്ങളുമായുള്ള വേഴ്ച അദ്ദേഹത്തിനും വിനോദപ്രദമായിരുന്നു. അദ്ദേഹത്തിൻെറ ജ്ഞാനോപദേശങ്ങൾ ഗ്രഹിയ്ക്കുന്നതിനും പഠിയ്ക്കുന്നതിനും "ഫ്ലോ"യും "പാത്തെ"യും സമർത്ഥകളായിരുന്നു എങ്കിലും, "ഫ്ലോ"യാണ് കൂടുതൽ ബുദ്ധിചാതുര്യം തദവസരങ്ങളിൽ പ്രകാശിപ്പിച്ചിരുന്നത്.

"പാത്തെ"യ്ക്കു പതിമൂന്നും, ഫ്ലോ"യ്ക്കു പന്ത്രണ്ടും വയസ്സായിക്കഴിഞ്ഞു. അവരുടെ സുനിശ്ചിതവും ക്രോഡീകൃതവുമായ വിദ്യാഭ്യാസത്തിനുവേണ്ട യാതൊരു ഏർപ്പാടുകളും ഇനിയും ചെയ്തിരുന്നില്ല. അവക്കാവശ്യമായ വിദ്യാഭ്യാസം നല്കുന്നതിനും, ജീവിതചര്യകൾ അവരെ പഠിപ്പിയ്ക്കുന്നതിനും, ഒരാളെ കണ്ടുപിടിയ്ക്കുവാൻ വില്യവും ഫാനിയും ചെയ്ത ശ്രമങ്ങൾ വിഫലങ്ങളായി. വില്യമിൻെറ ബുദ്ധിമണ്ഡലത്തിൻെറയും, ഫാനിയുടെ നിഷ്കൃഷ്ടമായ പ്രകൃതികളുടെയും മാനദണ്ഡമനുസരിച്ചുള്ള ഒരു വനിതയെ കുട്ടികളുടെ രക്ഷികയും ശിക്ഷികയുമായി കിട്ടുക പ്രയാസമായിരുന്നു. അതുകൊണ്ടു, സ്വസന്താനങ്ങളുടെ അദ്ധ്യയനഭാരം താൻതന്നെ ഏറെറടുക്കുവാൻ 1832-ൽ ആ പിതാവു തീച്ചയാക്കി. കുട്ടികൾ രണ്ടുപേരെയും ഗ്രീക്ക്, ലാററിൻ, ജെമ്മൻ, ഫ്രെഞ്ച്, ഇററാലിയൻ എന്നീ ഭാഷകളും, ചരിത്രവും തത്വശാസ്ത്രവും, ആ പിതാവുതന്നെ പഠിപ്പിയ്ക്കുവാൻ തുടങ്ങി. അവരെ സംഗീതവും ചിത്രകലയും പഠിപ്പിയ്ക്കുവാൻവേണ്ടിമാത്രം ഒരു സ്ത്രീയെ അദ്ദേഹം ഏർപ്പാടുചെയ്തു. നീണ്ടതും ക്ലേശകരവുമായിരുന്ന അദ്ധ്യയനപരിപാടികളാണ് അദ്ദേഹം അവക്കുവേണ്ടി തയ്യാറാക്കിയത്. "പാത്തെ" പലപ്പോഴും അദ്ധ്യയനസമയങ്ങളിൽനിന്നു് ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു.

ഫ്ലോറൻസ് പതിനാറു വയസ്സിലെത്തിയപ്പോൾ നൈററിൻഗെയ്ൽ കുടുംബം മാനസികമായി രണ്ടായി വേർപെട്ടുക

ഴിഞ്ഞിരുന്നു. "ഫ്ലോ"യെ സദാ അവളുടെ പിതാവിനോടു കൂടി അദ്ദേഹത്തിൻെറ ഗ്രന്ഥശാലയിൽ കാണാമായിരുന്നു; "പാത്തെ"യെ അവളുടെ അമ്മയോടുകൂടിയും.

"പാത്തെ"യ്ക്കു പതിനേഴും "ഫ്ലോ"യ്ക്കു പതിനാറും വയസ്സായപ്പോൾ ഫാനിയുടെ ചിന്ത മറെറാരു വിഷയത്തിലേയ്ക്കു പതിഞ്ഞു. ഇംഗ്ലണ്ടിലെ സാമുദായികാചാരപ്രകാരം അവരെ സമുദായമദ്ധ്യത്തിലേയ്ക്കു പ്രവേശിപ്പിയ്ക്കേണ്ട പ്രായം അടുത്തെത്തിക്കഴിഞ്ഞിരുന്നു. അടുത്ത ഒന്നോ രണ്ടോ കൊല്ലങ്ങൾക്കുള്ളിൽ ആ മാതാവിനു് ആ കൃത്യം നിർവ്വഹിയ്ക്കേണ്ടിയിരുന്നു. പക്ഷെ അതിനുവേണ്ട സ്വീകരണങ്ങൾക്കും സല്ക്കാരാദികൾക്കും മററും പററിയ മന്ദിരം അവക്കു ലണ്ടനിൽ ഇല്ലാതിരുന്നതുകൊണ്ടു് "എമ്പ്ളി"യിൽതന്നെ വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതായിവന്നു. ആ മന്ദിരത്തിലുണ്ടായിരുന്ന ശയനമുറികൾക്കു പുറമെ, വേറെ ആറു ശയനമുറികളും കൂടുതൽ പാചകമുറികളും നിമ്മിയ്ക്കുയും, കെട്ടിടത്തിനു പൊതുവെ പല മാററങ്ങളും വരുത്തുകയും ചെയ്യേണ്ടതു് അത്യാവശ്യമായി ഫാനിയ്ക്കും അവളുടെ ഭത്താവിനും തോന്നി. ഈ വക മാററങ്ങൾ "എമ്പ്ളി"യ്ക്കു വരുത്തുമ്പോൾ അവിടെ താമസിയ്ക്കുക സൌകര്യപ്രദമായിരിയ്ക്കയില്ലെന്നും, ആ സമയം കുടുംബസമേതം ഒരു യൂറോപ്യൻ പര്യടനത്തിനു പോകുന്നതു പാത്തെയേയും ഫ്ലോറൻസിനെയും സംബന്ധിച്ചേടത്തോളം അവക്കു് അതു വളരെ ഗുണകരമായിരിയ്ക്കുമെന്നും, ഫാനി അഭിപ്രായപ്പെട്ടു. യാത്രപ്രിയനായിരുന്ന വില്യമിനു ഫാനിയുടെ ഈ അഭിപ്രായം വളരെ സ്വീകാര്യമായിരുന്നു. യൂറോപ്യൻ രാജ്യങ്ങളോടു വലിയ മമതയാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. മാത്രമല്ല, ഇററലിയിലും ഫ്രാൻസിലും അദ്ദേഹത്തിനു ധാരാളം സ്നേഹിതന്മാരും ഉണ്ടായിരുന്നു. അവരെ വീണ്ടും കാണുവാനുള്ള ഈ സന്ദർഭം പാഴാക്കരുതെന്നു വില്യവും വിചാരിച്ചു. കുടുംബസമേതമുള്ള യാത്രയ്ക്കു് ഉപയുക്തമായ ഒരു വാഹനം നിമ്മിയ്ക്കുവാനും, "എമ്പ്ളി" മന്ദിരത്തിന്നാവശ്യമായ നവീകരണങ്ങൾ വരുത്തുവാനും, അദ്ദേഹം നിശ്ചയിയ്ക്കുയും അവയ്ക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. "എമ്പ്ളി"യുടെ ആ നവീകരണനിമ്മാണ ജോലികളുടെ ബഹളത്തിനിടയ്ക്കു്—ആസന്നമായ യൂറോപ്യൻ പര്യടനത്തെ സംബന്ധിച്ചുള്ള സജ്ജീകരണ

ങ്ങൾ ചെയ്തുകൊണ്ടിരിയ്ക്കുന്നതിനിടയ്ക്ക്—ഈശ്വരനിൽനിന്നുള്ള ഒരു ആഹ്വാനം ഫ്ലോറൻസിനു ലഭിച്ചു.

ഈ ആഹ്വാനത്തിൻെറ പ്രകൃതി എന്തായിരുന്നു എന്നു നമുക്കു വ്യക്തമല്ല, തൻെറ വികാരങ്ങളെയും വിചാരങ്ങളെയും അപ്പഴപ്പോൾ കുറിച്ചുവെയ്ക്കുന്ന ഒരു സമ്പ്രദായം ബാല്യന്നേ ഫ്ലോറൻസിനുണ്ടായിരുന്നു. അപ്രകാരം തൻെറ വികാരവിചാരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള കടലാസ്സുകളുടെ സംഖ്യ അസംഖ്യമാണ്. ആ കടലാസ്സുകളെല്ലാം ഇന്നു ബ്രിട്ടീഷ്മ്യൂസിയത്തിൽ സൂക്ഷിയ്ക്കപ്പെട്ടിട്ടുണ്ട്. അവയിലൊന്നിൽ ഈശ്വരൻെറ ഈ ആദ്യ ആഹ്വാനത്തെപ്പററി ഫ്ലോറൻസ്നൈററിൻഗെയ്ൽതന്നെ രേഖപ്പെടുത്തിയിരിയ്ക്കുന്നതിപ്രകാരമാണ്:—"1837 ഫെബ്രുവരി 7–ാംനു- ദൈവം എന്നോടു സംസാരിയ്ക്കുയും, അവിടുത്തെ സേവനത്തിനുവേണ്ടി എന്നെ വിളിയ്ക്കുയും ചെയ്തു." ഈ ആഹ്വാനം കേവലമൊരു അന്തഃകരണപ്രചോദനമായിരുന്നില്ലെന്നും, ജൊവാൻ ഓഫ് ആക്ക് ശ്രവിച്ചതുപോലെ, മാനുഷികമായ പദങ്ങൾ ഉപയോഗിച്ചു പുറമേനിന്ന് ആരോ സംസാരിയ്ക്കുന്നതുപോലെ ഫ്ലോറൻസ് കേൾക്കുകയാണുണ്ടായതെന്നും, അവൾതന്നെ പ്രസ്താവിച്ചിട്ടുണ്ട്.

ദിവ്യമായ ഈ ആഹ്വാനമുണ്ടായപ്പോൾ ഫ്ലോറൻസിനു പതിനേഴുവയസ്സു പൂത്തിയായിരുന്നില്ല. അതുകൊണ്ട്, താൻ സ്വീകരിയ്ക്കേണ്ടതും സഞ്ചരിയ്ക്കേണ്ടതുമായ മാർഗ്ഗമേതെന്ന് ഒരു രൂപവും അവൾക്ക് ഉണ്ടായില്ല. ജൊവാൻ ഓഫ് ആക്കിനോടു ദൈവം സംസാരിച്ചപ്പോൾ നിശ്ചിതമായ നിർദ്ദേശങ്ങളാണ് അവിടുന്ന് അവൾക്കു നല്കിയത്. എന്നാൽ ഫ്ലോറൻസ് നൈററിൻഗെയ്ലിനെ ദൈവം വിളിച്ചപ്പോൾ ഏതു രീതിയിലുള്ള ഒരു സേവനത്തിനുവേണ്ടിയാണ് അവളെ വിളിയ്ക്കുന്നതെന്ന കാര്യം സ്പഷ്ടമാക്കപ്പെട്ടില്ല. രോഗാതുരപരിചരണത്തിനുവേണ്ടി ജീവിതം അർപ്പിയ്ക്കുവാനാണ് ദൈവം തന്നെ വിളിച്ചതെന്ന് അന്നു അവൾക്കു തോന്നിയില്ല. എങ്കിലും ദൈവം തന്നോടു സംസാരിച്ചു എന്നും, താൻ ദൈവത്തിൻേറതാണെന്നുമുള്ള ഒരു ചിന്ത ഫ്ലോറൻസിൻെറ മനസ്സിനെ പ്രബലപ്പെടുത്തുകയും, അവളെ പ്രശാന്തയാക്കിത്തീക്കയും ചെയ്തു.

അദ്ധ്യായം 2

# യൂറോപ്യൻ പര്യടനം

യൂറോപ്യൻ പര്യടനത്തിന്നുവേണ്ടി നൈററിൻഗെയ്ൽ കുടുംബം 1837 സപ്തംബർ 8-ാംനു- ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ടു. ഫ്രാൻസിൽക്കൂടി സഞ്ചരിച്ച് ഇററലിയിൽ എത്തിച്ചേരണമെന്നായിരുന്നു വില്യമിൻെറ വിചാരം. അതുകൊണ്ടു യാത്രയ്ക്കുവേണ്ടി പ്രത്യേകം സജ്ജമാക്കിയിരുന്ന വാഹനം നേരത്തെ ഫ്രാൻസിലെ "ലിഹാവ്റെ" എന്ന സ്ഥലത്തെത്തിച്ചിരുന്നു. ഭക്ഷണത്തിനും വിശ്രമത്തിനും, എഴുതുവാനും വായിക്കുവാനും, മററുമുള്ള എല്ലാ സൌകര്യങ്ങളും ആ വാഹനത്തിൽ ഏർപ്പെടുത്തിയിരുന്നു. പരിചാരകക്കു ഇരിക്കുവാനും, യാത്രാവേളയിൽ കുടുംബാംഗങ്ങൾക്കു വാഹനത്തിൻെറ മേൽഭാഗത്തിരുന്നു പ്രകൃതിരാമണീയകമായ കാഴ്ചകൾ കാണുവാനും, വാഹനത്തിൻെറ ഉപരിഭാഗത്തു പ്രത്യേക സജ്ജീകരണങ്ങൾ ചെയ്തിരുന്നു. ആറു കുതിരകളാണ് ആ വാഹനം വലിച്ചിരുന്നത്.

ഫ്രാൻസിൻെറ ദക്ഷിണഭാഗത്തിലെ വളവില്ലാത്ത റോഡുകളിൽക്കൂടി വാഹനം നീങ്ങിത്തുടങ്ങി. അശ്വപാലകന്മാർ വിനോദങ്ങൾ പറഞ്ഞുരസിച്ചും, ഇടയ്ക്കിടെ പാട്ടുകൾ പാടിയും യാത്രയെ ഉല്ലാസഭരിതമാക്കിത്തീക്കുവാൻ ശ്രമിച്ചു. "ഫ്ലോ" യും "പാർത്തെ"യും വാഹനത്തിൻെറ മേൽഭാഗത്തിരുന്നു കാഴ്ചകൾ കണ്ടുകൊണ്ടിരുന്നു.

ഫ്ലോറൻസിനുണ്ടായ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. ഓരോ ദിവസത്തേയും യാത്രയുടെ വിവരണങ്ങൾ തൻെറ ഡയറിയിൽ എഴുതുന്നതിൽ അവൾ പ്രത്യേകം ശ്രദ്ധിച്ചു. ഓരോ സ്ഥലത്തും എത്തിച്ചേർന്ന തിയ്യതിയും, കൃത്യസമയംപോലും, അവൾ ആ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടു

ണ്ടു്. തൻെറ മാതൃസഹോദരിയുടെ പുത്രിയായ ഹിലാറി ബൊൻഹാം കാർട്ടറിന്ന "ഫ്ലോ" തുടച്ച്യയായി എഴുതിയ കത്തുകളിൽ ആ യാത്രയുടെ വിവരണങ്ങൾ അവൾ നല്കിക്കൊണ്ടിരുന്നു.

ആ വിദേശപര്യടനത്തിൻെറ ആരംഭം അത്രതന്നെ സുഖപ്രദമായി വില്യമിന്ന തോന്നിയില്ല. റോഡുകൾ യാത്രയ്ക്കു പററിയവയായിരുന്നില്ല. യാത്രാമദ്ധ്യേ താമസിയ്ക്കേണ്ടിവന്ന ഹോട്ടലുകളിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന ആഹാരം വളരെ മോശമായിരുന്നു. ഹോട്ടലുകളിലെ കട്ടിലുകളും കിടക്കകളുമാകട്ടെ മൂട്ടകളും മററു കൃമികളും നിറഞ്ഞവയുമായിരുന്നു.

1837 ഡിസമ്പർ 15-ാംനു- പര്യടനസംഘം നൈസ് എന്ന സ്ഥലത്തെത്തി. അതു മനോഹരമായ ഒരു നഗരമായിരുന്നു. 20 കൊല്ലങ്ങൾക്കുമുമ്പ്, ഫാനിയും അവളുടെ ഭർത്താവും അവരുടെ വിദേശപര്യടനത്തിൽ അവിടെയുള്ള ഒരു ഹോട്ടലിലാണ് താമസിച്ചതു്. അതേ സ്ഥലത്തുതന്നെയാണ് ഇന്നു നൈററിൻഗെയ്ൽ കുടുംബം താമസമുറപ്പിച്ചതു്. ഇംഗ്ലീഷുകാരുടെ ഒരു കോളനിയും, ഒരു ദേവാലയവും, ആംഗലരീതിയിലുള്ള നൃത്ത വിനോദസംഘവും മററും ആ നഗരത്തിലുണ്ടായിരുന്നു. നൈററിൻഗെയ്ൽ കുടുംബം അവിടെയെത്തി എന്നറിഞ്ഞയുടനെ വില്യമിൻെറയും ഫാനിയുടേയും പൂർവ്വസ്നേഹിതരെല്ലാം അവരുടെയടുത്തു ഓടിക്കൂടി. അങ്ങിനെ "ഫ്ലോ"യുടെയും മററും ആ നഗരത്തിലെ ജീവിതം ഉല്ലാസഭരിതമായിത്തീർന്നു. വിനോദനൃത്തകേന്ദ്രങ്ങളിൽപോയി നൃത്തങ്ങളിൽ ഭാഗഭാക്കായിത്തീരുക "ഫ്ലോ"യുടെ ഒരു പതിവായിത്തീർന്നു. 1838 ജനവരി 8-ാംനു- നൈററിൻഗെയ്ൽ കുടുംബം നൈസ് വിട്ടപ്പോൾ വലിയ ഖേദത്തോടുകൂടിയാണ് "ഫ്ലോ" അവിടെനിന്നു പോയതു്.

ജനവരി 13-ാംനു- പര്യടനസംഘം ജനോവയിലെത്തി. 1838-ൽ ജനോവാ യൂറോപ്പിലെ ഏററവും പരിഷ്കൃതവും സമ്പത്സമൃദ്ധവുമായ നഗരങ്ങളിലൊന്നായിരുന്നു. അവിടെയും ഫ്ലോറൻസ് നൃത്തവിനോദകേന്ദ്രങ്ങളിൽ പതിവായി പോകാറുണ്ടായിരുന്നു. ഫെബ്രുവരി 14-ാംനു- അവർ ഫ്ലോറൻസ് നഗരത്തിലേയ്ക്കു പുറപ്പെടുകയും, ഫെബ്രുവരി 27-ാംനു- അവിടെ എത്തിച്ചേരുകയും ചെയ്തു.

ഹൃദ്യമായ സല്ക്കാരസ്വീകരണങ്ങൾ ഫാനിയ്ക്കും, വിദ്വൽജ്ജനങ്ങളുമായുള്ള സംഭാഷണസൌകര്യങ്ങൾ വില്യമിനും, വിദ്യാഭ്യാസപരമായ സുവർണ്ണാവസരങ്ങൾ "ഫ്ലോ"യ്ക്കും "പാർത്തെ"യ്ക്കും ഫ്ലോറൻസ് നഗരത്തിൽവെച്ചു സുലഭമായി ലഭിച്ചു. അവിടെയുള്ള നൃത്തവിനോദസ്ഥലങ്ങളിലും സംഗീതകേന്ദ്രങ്ങളിലും നാടകശാലകളിലും "ഫ്ലോ" ഒരു നിരന്തരസന്ദർശകയായിത്തീർന്നു. ആ നഗരത്തിലെ പൌരമുഖ്യരെ ക്ഷണിച്ച് അവരെ സല്ക്കരിയ്ക്കുന്നതിലാണ് ഫാനിയുടെ ശ്രദ്ധ പതിഞ്ഞതു്. ഓരോ ദിവസവും പ്രഭാതത്തിൽ "ഫ്ലോ" തൻെറ പിതാവിനോടുകൂടി കാഴ്ചബങ്കാവുകൾ സന്ദർശിയ്ക്കുകയും, തനിയ്ക്കു വിചിത്രമായി തോന്നിയ വസ്തുക്കളെപ്പററി അപ്പോൾതന്നെ കുറിപ്പുകളെഴുതി എടുക്കയും ചെയ്തിരുന്നു. ഇവയ്ക്കുപുറമെ, ആ നഗരത്തിലെ പ്രശസ്തരായ പണ്ഡിതന്മാർ ഫ്ലോറൻസിനെയും "പാർത്തെ"യെയും ഇററാല്യൻഭാഷയും സംഗീതവും പിയാനോവായനയും പഠിപ്പിച്ചു. മനോഹരമായൊരു സ്വരമാധുരിയാണ് "ഫ്ലോ"യ്ക്കുണ്ടായിരുന്നതു്.

നൃത്തം, സംഗീതം, ആദിയായ സുകുമാരകലകളിൽ മാത്രമല്ല ഫ്ലോറൻസ് ജാഗരൂകയായതു്. ഇററാല്യൻസ്വാതന്ത്ര്യപ്രസ്ഥാനത്തിലും അവൾ ഉത്സുകയായി. അക്കാലത്തു യൂറോപ്പിൽ സ്വേച്ഛാധിപതിയായി വർത്തിച്ചിരുന്ന ഓസ്ട്രിയായുടെ അധീനത്തിലായിരുന്നു അന്ന് ഇററലി. ഇററലിയിൽകൂടി സഞ്ചരിയ്ക്കുമ്പോൾ മർദ്ദിതമായ ആ രാജ്യത്തിൻെറ അതിദാരുണാവസ്ഥ "ഫ്ലോ" മനസ്സിലാക്കി. ഫ്ലോറൻസ് ഒരു സ്വതന്ത്രനഗരമായിരുന്നതുകൊണ്ടു്, അവിടെവെച്ച് ഇററാല്യൻസ്വാതന്ത്ര്യപ്രസ്ഥാനത്തെപ്പററിയുള്ള പുസ്തകങ്ങൾ വായിയ്ക്കുവാനുള്ള സൌകര്യവും "ഫ്ലോ"യ്ക്കു ലഭിച്ചു.

ഫാനിയുടെ ബാല്യകാലംമുതല്ക്കുതന്നെ അവൾ ഇംഗ്ലണ്ടിലെ "ആലൻസ് ഓഫ് പ്രെസെല്ലി" എന്നൊരു കുടുംബവുമായി പരിചയബന്ധത്തിലേർപ്പെട്ടിരുന്നു. ആ കുടുംബത്തിൽപെട്ട ഒരു പ്രശസ്ത വനിതയായിരുന്നു ഫാനി ആലൻ. സ്ത്രീസ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ കർത്താക്കളിലൊരാളായിരുന്നു ഈ മഹിള. അവളുടെ സഹോദരപുത്രിയായ എമ്മയെ ചാറൽസ് ഡാർവിനും, അവളുടെ സഹോദരി ജെസ്സിയെ ഇററലി

യിലെ ഒരു ചരിത്രകാരനായ സിസ്മോണ്ടിയുമാണ് വിവാഹം ചെയ്തിരുന്നത്. ആലൻസ്കുടുംബം വില്യം നൈററിൻഗെയ്ലിനേയും സിസ്മോണ്ടിയേയും തമ്മിൽ നേരത്തെ പരിചയപ്പെടുത്തിയിരുന്നു. സ്വദേശത്തിൽനിന്നും ബഹിഷ്കൃതനായി ജെനീവയിൽ താമസിച്ചിരുന്ന സിസ്മോണ്ടിയെ തന്റെ ഈ പര്യടനത്തിൽ സന്ദർശിയ്ക്കണമെന്നു വില്യം തീർച്ചപ്പെടുത്തിയിട്ടുണ്ടായിരുന്നു.

1838 സപ്തംബർമാസത്തിലാണ് പര്യടനസംഘം ജെനീവയിലെത്തിയത്. ഇററലിയിലെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിരുന്ന സർവ്വപേരേയും നശിപ്പിക്കണമെന്നതായിരുന്നു ഓസ്ട്രിയൻഗവമ്മേണ്ടിന്റെ ലക്ഷ്യം. തന്മൂലം, രാഷ്ട്രീയ അഭയാർത്ഥികളെക്കൊണ്ടു ജനീവാനഗരം നിറഞ്ഞിരുന്നു. ഇററലിയിലെ ശാസ്ത്രജ്ഞന്മാരും, വിദ്യാഭ്യാസപ്രവർത്തകരും, ഗ്രന്ഥകാരന്മാരും, കവികളുമെല്ലാം ആ അഭയാർത്ഥികളിൽ പെട്ടിരുന്നു. അഖിലയൂറോപ്പിലും പ്രഖ്യാതരായ പ്രശസ്തവ്യക്തികളാണ് ജീവസന്ധാരണത്തിനുപോലും മാർഗ്ഗമില്ലാതെ അഭയാർത്ഥികളായി ജനീവയിൽ ജീവിച്ചിരുന്നത്. ജെനീവയിലെ വിദ്യാർത്ഥികളെ പഠിപ്പിയ്ക്കുന്നതിൽനിന്നു ലഭിച്ചിരുന്ന വരുമാനമേ അവക്കുണ്ടായിരുന്നുള്ളു.

വിജ്ഞാനത്തിന്റെയും ത്യാഗത്തിന്റെയും ആ ലോകത്തിൽ നടമാടിക്കണ്ട ദാരിദ്ര്യം ഫ്ലോറൻസിന്റെ ഹൃദയത്തെ സ്പർശിച്ചു. നൃത്തശാലകളും വിനോദമന്ദിരങ്ങളുമെല്ലാം അവളുടെ മനസ്സിൽനിന്ന് അന്തർദ്ധാനംചെയ്തു. അവൾ സിസ്മോണ്ടിയുടെ ഒരു ശിഷ്യയായിത്തീർന്നു. അദ്ദേഹം അവളുമായി സായങ്കാലസവാരികൾക്കായി പോകയും, ആ അവസരങ്ങളിൽ ഇററാല്യൻചരിത്രം, സാമ്പത്തികശാസ്ത്രം, രാജ്യകാര്യമീമാംസ ആദിയായ വിഷയങ്ങളെപ്പററി സംസാരിച്ച് അവളെ അഭിജ്ഞയാക്കിത്തീക്കയുംചെയ്തു. മാത്രമല്ല, ഇററാല്യൻസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പല പ്രമുഖവ്യക്തികളെയും സിസ്മോണ്ടി ഫ്ലോറൻസിനു പരിചയപ്പെടുത്തിക്കൊടുത്തു.

കുറെ അധികകാലം ജെനീവയിൽതന്നെ താമസിക്കണമെന്നായിരുന്നു വില്യമിന്റെ വിചാരം. പക്ഷെ, ഫ്രഞ്ചുഗവമ്മേണ്ടും സ്വിസ്ഗവമ്മേണ്ടുംതമ്മിൽ പൊട്ടുന്നനവെ ഒരു

യുദ്ധം പൊട്ടിപ്പുറപ്പെടുവാനുള്ള ലക്ഷണങ്ങൾ കണ്ടതുകൊണ്ട് ഉടനെ ജെനീവാ വിടുകയാണ് ഉത്തമമെന്ന് അദ്ദേഹത്തിനു തോന്നി. അദ്ദേഹം തൻെറ യാത്രാവാഹനത്തിൽ കുടുംബസമേതം പാരീസിലേയ്ക്കു പുറപ്പെട്ടു.

പാരീസിൽ നാലുമാസക്കാലം താമസിക്കുവാനാണ് വില്യം ഉദ്ദേശിച്ചിരുന്നത്. അതുകൊണ്ട് അദ്ദേഹം അവിടെ പ്രത്യേകമൊരു കെട്ടിടംതന്നെ അവരുടെ താമസത്തിന് ഏർപ്പാടുചെയ്തിരുന്നു.

പാരീസിലെ താമസത്തിനിടയ്ക്ക് ഒരു വലിയ കാര്യം സാധിയ്ക്കണമെന്നു ഫാനിയ്ക്ക് ഉദ്ദേശമുണ്ടായിരുന്നു. പാരീസിലെ പ്രശസ്തവനിതകളിലൊരാളായ മേരിക്ലാക്കുമായി പരിചയപ്പെടണമെന്നതായിരുന്നു ആ ഉദ്ദേശം. അതിനുവേണ്ടി ഫാനി അവളുടെ സഹോദരി "പാററി"യുടെ ഒരു കത്തും സമ്പാദിച്ചിരുന്നു.

ധനമോ, സൌന്ദര്യമോ, മററെന്തെങ്കിലും സ്വാധീനശക്തികളോ, മേരിക്ലാക്കിന് ഉണ്ടായിരുന്നില്ല. എങ്കിലും അവൾ പാരീസിലെ രാഷ്ട്രീയമേഖലയിലും സാഹിത്യമണ്ഡലത്തിലും പ്രശസ്തയായ ഒരു വ്യക്തിയായി പരിലസിച്ചിരുന്നു. ചാററൂബ്രിയൻ, വിക്ടർ ഹ്യൂഗൊ, ഡിവിഗ്നി, ഗിസററ്, ആംപിയർ, ആദിയായി പാരീസിലുണ്ടായിരുന്ന പ്രമുഖ സാഹിത്യനായകന്മാരും ശാസ്ത്രജ്ഞന്മാരുമെല്ലാം മേരിക്ലാക്കിൻെറ സ്നേഹിതരായിരുന്നു. ഒരു കുട്ടിയുടെ ഉയരവും ശരീരപ്രകൃതിയും മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു. യാതൊരുവക ശരീരലാവണ്യവും അവൾക്കുണ്ടായിരുന്നില്ലെങ്കിലും, പാരീസിലെ പ്രശസ്തവ്യക്തികളെല്ലാം അവളുടെ ആരാധകരായിരുന്നു. "അനാകർഷകമായ പ്രകൃതിയാണ് അവളുടെ ഏററവും വലിയ ആകർഷണം" എന്നാണ് ആംപിയർ മേരിക്ലാക്കിനെപ്പററി എഴുതിയിട്ടുള്ളത്.

മേരിക്ലാക്കിൻെറ ആരാധകസംഘത്തിലെ രണ്ടു പേരായിരുന്നു ക്ലോദെഫോറിയലും ജൂലിയസ്മോളും. ഫ്രെഞ്ച് സാഹിത്യത്തിൽ അനന്യസാധാരണമായ പാണ്ഡിത്യമുള്ള ഒരാളായിരുന്നു ക്ലോദെ ഫോറിയൽ. അദ്ദേഹത്തിൻെറ സ്നേഹിതനായ ജൂലിയസ്മോൾ ഒരു ജെർമ്മൻ പ്രഭുകുലജാതനായിരുന്നെങ്കിലും മേരിക്ലാക്കിനോടുള്ള സ്നേഹം പുലർത്തുവാൻ

വേണ്ടി ഫ്രഞ്ചുകാരനായിത്തീർന്ന ഒരു പൌരസ്ത്യ ചരിത്രപണ്ഡിതനായിരുന്നു.

നൈററിൻഗെയ്ൽകുടുംബത്തെ മേരിക്ലാക്കിനു പരിചയപ്പെടുത്തുന്നതായ പാററിയുടെ കത്തു ഫാനി മേരിക്ലാക്കിന് അയച്ചു. സ്ത്രീകളോടു പൊതുവെയും, യുവതികളോടു പ്രത്യേകമായും, യാതൊരു മമതയും മേരിക്ലാക്കിനുണ്ടായിരുന്നില്ല. എങ്കിലും അവർ ഫാനിയ്ക്കു മറുപടി അയയ്ക്കുകയും, കുട്ടികളുടെ ഒരു പാർട്ടിയ്ക്കു നൈററിൻഗെയ്ൽ കുടുംബത്തെ ക്ഷണിയ്ക്കുയുംചെയ്തു.

ക്ഷണിക്കപ്പെട്ടിരുന്ന ദിവസം വൈകുന്നേരം വില്യം നൈററിൻഗെയ്ൽ കുടുംബസമേതം മേരിക്ലാക്കിൻെറ വസതിയിലെത്തി. പ്രവേശനമാർഗ്ഗത്തിൽ ആരേയും കാണാഞ്ഞതുകൊണ്ട് ആഗതർ ഭവനത്തിനകത്തെയ്ക്കു കടന്നുചെന്നു. അവിടെ രണ്ടു മാന്യന്മാർ ഇരിയ്ക്കുന്നതായി അവർ കണ്ടു. ക്ലോദെ ഫോറിയലും ജൂലിയസ് മോളുമായിരുന്നു ആ രണ്ടു പേർ. ആ കെട്ടിടത്തിൻെറ വേറൊരു ഭാഗത്തുനിന്നും കുട്ടികളുടെ സന്തോഷപ്രകടനങ്ങളും ജയാരവങ്ങളും മുഴങ്ങിക്കേട്ടതുകൊണ്ടു സന്ദർശകർ ആ സ്ഥലത്തേയ്ക്കു ചെന്നു. അനേകം ബാലികാബാലന്മാർ വിശാലമായ ആ മുറിയിൽനിന്നു് തുള്ളിച്ചാടി കളിക്കുന്നുണ്ടായിരുന്നു. അവരുടെ മദ്ധ്യേ ഒരു കുട്ടിയോളംമാത്രം ഉയരമുള്ള ഒരു സ്ത്രീ നില്ക്കുന്നതും അവർ കണ്ടു. അവർതന്നെയായിരിക്കും പ്രഖ്യാതയായ മേരിക്ലാക്കെന്നു ഫ്ലോറൻസ് നിശ്ചയിച്ചു. ഫ്ലോയും ആ കുട്ടികളുടെ സംഘത്തോടു ചേർന്നു് കളിയ്ക്കുവാൻ തുടങ്ങി. ആ വിനോദപരിപാടികളുടെ പര്യവസാനത്തിൽ വെച്ചുതന്നെ മേരിക്ലാക്ക് നൈററിൻഗെയ്ൽ കുടുംബത്തിലെ എല്ലാ അംഗങ്ങളേയും സ്നേഹിയ്ക്കുവാൻ തുടങ്ങി. അവർ ദിവസേന പരസ്പരം കാണുകയും, മേരിക്ലാക്കു ഫ്ലോറൻസിനെയും "പാർത്തെ"യെയും പാരീസിലെ എല്ലാ മ്യൂസിയങ്ങളിലേയ്ക്കും, നാടകശാലകളിലേയ്ക്കും, നൃത്തവിനോദകേന്ദ്രങ്ങളിലേയ്ക്കും, സ്വീകരണങ്ങൾക്കും, പാർട്ടികൾക്കും, കൊണ്ടുപോകയും ചെയ്തു. മാത്രമല്ല, പാരീസിലെ പ്രമുഖവ്യക്തികളെയെല്ലാം ആ രണ്ടു യുവതികൾക്കും അവർ പരിചയപ്പെടുത്തിക്കൊടുത്തു.

"ഫ്ലോ"യുടെ ആനന്ദത്തിനു പരിധിയുണ്ടായിരുന്നില്ല.

അവർ മേരിക്ലാക്കിനെ ആരാധിയ്ക്കുവാൻ തുടങ്ങി. അതേസമയംതന്നെ ജൂലിയസ് മോളുമായി ഒരു സ്നേഹബന്ധവും അവർക്കുണ്ടായി.

പാരീസിലെ പ്രമുഖവ്യക്തികളുമായി തൻെറ പുത്രിമാർ പരിചയപ്പെടണമെന്നു ഫാനിയ്ക്കുണ്ടായിരുന്ന ഉദ്ദേശം സാധിച്ചതിൽ ആ മാതാവിന്നു കൃതാർത്ഥതയ്ക്കു് അവകാശമുണ്ടായിരുന്നു. ഫ്ലോറൻസ്, മേരിക്ലാക്കു, ഫോറിയൽ, ജൂലിയസ്മോൾ ആദിയായവരുടെ കണ്ണിലുണ്ണിയായിത്തീർന്നതിൽ ആ മാതാവു അഭിമാനം പൂണ്ടു.

നൈററിൻഗെയ്ൽ കുടുംബം വിദേശപര്യടനം നടത്തുവാൻ തുടങ്ങിയിട്ടു 18 മാസങ്ങളായി. "എമ്പ്ളി"യുടെ നവീകരണജോലികൾ ജൂൺമാസത്തിൽ പൂത്തിയാകുമായിരുന്നു. അതിനു മുമ്പു ലണ്ടൻനഗരത്തിൽകൂടി കുറച്ചുസമയം കഴിച്ചുകൂട്ടണമെന്നു ഫാനിയ്ക്കു് ആഗ്രഹമുണ്ടായിരുന്നതുകൊണ്ടു് 1839 ഏപ്രിൽ മാസത്തിൽ നൈററിൽഗെയ്ൽ കുടുംബം ലണ്ടനിലേയ്ക്കു തിരിച്ചു.

ആ വിദേശപര്യടനകാലം ഫ്ലോറൻസിനെ സംബന്ധിച്ചേടത്തോളം നവീനാനുഭവങ്ങളും നവീനാനന്ദങ്ങളും അലയടിച്ചിരുന്ന ഒരു ഘട്ടമായിരുന്നു. പക്ഷെ, ആ സുഖങ്ങളെല്ലാം സ്വപ്നതുല്യം കടന്നുപോയി. ഈശ്വരനിൽനിന്നുള്ള ആഹ്വാനം അവൾക്കു ആദ്യമായി ലഭിച്ചിട്ടു് രണ്ടു കൊല്ലങ്ങൾ കഴിഞ്ഞിരുന്നു. എന്തുകൊണ്ടാണ് ഈശ്വരൻ വീണ്ടും അവളോട സംസാരിക്കാത്തതെന്ന ചിന്ത അവളുടെ മനസ്സിനെ ഇപ്പോൾ അലട്ടുവാൻ തുടങ്ങി. നൃത്തങ്ങൾ, വിരുന്നുസല്ക്കാരങ്ങൾ, നാടകശാലകൾ, സംഗീതകേന്ദ്രങ്ങൾ, എന്നിത്യാദി ലൌകികാനന്ദങ്ങളിൽ ഹൃദയം മുഴുകിയിരുന്ന അവൾ ഈശ്വരനെ മറന്നിരുന്നു എന്ന വസ്തുത അവൾ ഇപ്പോൾ അനുസ്മരിച്ചു. അതുകൊണ്ടാണ് ദൈവം വീണ്ടും അവളെ വിളിക്കാഞ്ഞതെന്നു് അവൾക്കിപ്പോൾ ബോദ്ധ്യമായി. പാരീസ് വിടുന്നതിനുമുമ്പ്, 1839 മാച്ചിൽ ഫ്ലോറൻസ് തൻെറ ഡയറിയിൽ ഇങ്ങിനെ ഒരു കുറിപ്പെഴുതി:—"ഈശ്വരൻെറ ദാസിയായിത്തീരുവാനുള്ള യോഗ്യത എനിയ്ക്കുണ്ടായിത്തീരണമെങ്കിൽ, സമുദായമദ്ധ്യത്തിൽ പരിലസിക്കണമെന്ന അഭിനിവേശത്തെ ഞാൻ വിജയിയ്ക്കുകതന്നെ വേണം."

## അധ്യായം 3

# പ്രകാശലബ്ധി

**1839** ഏപ്രിൽ 6–ാംനു-യാണ് നൈററിൻഗെയ്ൽ കുടുംബം ലണ്ടനിൽ എത്തിയത്. "എമ്പ്ളി"യിലെ നവീകരണ ജോലികൾ പരിശോധിക്കുവാനായി വില്യം നൈററിൻഗെയ്ൽ അവിടേയ്ക്കു പോയി. ആ നിർമ്മാണജോലികൾ ജൂൺ അവസാനത്തിൽ മാത്രമേ പൂർത്തിയാകയുള്ളു എന്ന് അദ്ദേഹം കണ്ടു. അതുകൊണ്ട്, അതു പൂർത്തിയാകുന്നതുവരെ ലണ്ടനിൽതന്നെ താമസിക്കാമെന്ന് ഫാനി തീർച്ചയാക്കി. അവളുടെ സഹോദരിയായ മിസിസ് നിക്കൽസൻ തൻെറ രണ്ടു പുത്രിമാരോടുകൂടി ലണ്ടനിലേയ്ക്കു വന്നതുകൊണ്ട് എല്ലാവരുടെയും താമസസൌകര്യത്തിനു വേണ്ടി ലണ്ടനിലെ ഒരു ഹോട്ടലിലെ ഏതാനും മുറികൾ വില്യം വാടകയ്ക്കെടുത്തു. മേയ് 24–ാംനു- ഫ്ലോറൻസിനെയും "പാർത്തെ"യെയും രാജ്ഞിയുടെ ജന്മദിനം പ്രമാണിച്ചുള്ള സ്വീകരണത്തിൽവെച്ച് രാജ്ഞിയുടെ സന്നിധിയിലേയ്ക്ക് ആനയിച്ചു.

ലണ്ടനിലെ ജീവിതം ഫ്ലോറൻസിനെ വീണ്ടും ലൌകികാനന്ദങ്ങളിലേയ്ക്കു പിടിച്ചുതള്ളി. മിസിസ് നിക്കൽസൻെറ പുത്രിയായ മരിയാനിയിൽ "ഫ്ലോ"യ്ക്കു അനിതരസാധാരണമായ ഒരു സ്നേഹം ഉദിച്ചു. ആ സ്നേഹബന്ധം ദൃഢപ്പെട്ടതോടുകൂടി മരിയാനിയുടെ സഹോദരനായ ഹെൻറി നിക്കൽസൻ ഫ്ലോറൻസിൽ അനുരക്തനായി. മരിയാനിയോട് വലിയ സ്നേഹമാണ് ഫ്ലോറൻസിനുണ്ടായിരുന്നതെങ്കിലും, ഹെൻറിയുടെ സ്നേഹത്തിന് ഒരു പ്രതിസ്നേഹം "ഫ്ലോ" അയാൾക്ക് നല്കിയില്ല. എന്നാൽ അതേ സമയംതന്നെ, ഹെൻറിയുടെ അനുരാഗത്തെ സേതുബന്ധം ചെയ്യുവാൻ ഫ്ലോറൻസ് യത്നിച്ചതുമില്ല. ഹെൻറിയ്ക്കു തന്നോടുണ്ടായിരുന്ന സ്നേഹം തന്നെ

മരിയാനിയോട് കൂടുതൽ അടുപ്പിയ്ക്കുമെന്നാണ് "ഫ്ലോ" വിചാരിച്ചതു്.

"എമ്പ്ളി"യുടെ നവീകരണജോലികൾ ജൂലൈ അവസാനമായിട്ടും പൂർത്തിയായില്ല. ആകയാൽ നൈററിൻഗെയ്ൽ കുടുംബം "ലീ ഹേഴ്സ്റ്റി"ലേയ്ക്കു പോയി. അവർ ഹെൻറിയെയും അവരുടെകൂടെ കൊണ്ടുപോയി. ഓഗസ്റ്റ് അവസാനത്തിൽ ഹെൻറിയ്ക്കു ഫ്ലോറൻസിനോടുണ്ടായിരുന്ന സ്നേഹം അതിന്റെ മൂർദ്ധന്യത്തിലെത്തി.

സെപ്റ്റംബർമാസം സ്ഥിരതാമസത്തിനായി വില്യം തന്റെ കുടുംബത്തെ "എമ്പ്ളി"യിലേയ്ക്കു കൊണ്ടുപോയി. അവിടത്തെ ജീവിതത്തിനിടയ്ക്കു് തന്റെ ഈ സുഖലോലുപ ജീവിതത്തിനും തന്നെ വലയംചെയ്തിട്ടുള്ള ജീവിതസുഖങ്ങൾക്കും ഒരർത്ഥവുമില്ലെന്നും, ഈ ജീവിതരീതി തുടരുകയാണെങ്കിൽ തന്റെ ജീവിതം വ്യർത്ഥമാകുമെന്നും, ഫ്ലോയ്ക്കു തോന്നുവാൻ തുടങ്ങി. അവൾ ശോകമൂകയായിത്തീർന്നു.

പക്ഷെ, അതു് താല്ക്കാലികമായ ഒരു മനോഭാവം മാത്രമായിരുന്നു. അവളുടെ പിതാവിന്റെ കനിഷ്ഠസഹോദരിയായ ഓണ്ട് മേ ക്രിസ്ത്മസ് പ്രമാണിച്ച് "എമ്പ്ളി"യിലെത്തി. അതോടുകൂടി പ്രായവ്യത്യാസത്തിന്നതീതമായ ഒരു സ്നേഹബന്ധം ഫ്ലോറൻസിനും അവളുടെ പിതൃസഹോദരിയ്ക്കും തമ്മിലുണ്ടായി. ഓണ്ട് മേ തന്റെ ഭവനത്തിലേയ്ക്കു തിരിച്ചുപോയപ്പോൾ അവൾ ഫ്ലോറൻസിനെയും തന്റെ കൂടെ കൊണ്ടുപോയി.

H 431

ഓണ്ട് മേയുടെയും അവളുടെ കുട്ടികളുടെയും കൂടെയുള്ള ഫ്ലോറൻസിന്റെ ജീവിതം ആനന്ദപ്രദമായിരുന്നു. പക്ഷെ, ആ ആനന്ദത്തിൽ യാതൊരുവക ആത്മസംതൃപ്തിയും "ഫ്ലോ" കണ്ടില്ല. തന്റെ ഹൃദയാന്തരാളത്തിൽ അസംതൃപ്തിയുടെയും നൈരാശ്യത്തിന്റെയും നിഴലുകൾ വ്യാപിയ്ക്കുന്നതായി അവൾക്കു തോന്നി. ഈശ്വരനിൽനിന്നുള്ള ആഹ്വാനം അവൾക്കു ലഭിച്ചിട്ടു മൂന്നുകൊല്ലങ്ങളായിരിക്കുന്നു. ആ ആഹ്വാനം എന്തിനുവേണ്ടിയാണുണ്ടായതെന്ന പ്രശ്നം ഇന്നും അവൾക്കു് അജ്ഞാതമായിരിയ്ക്കുന്നു. ഒരുപക്ഷെ, ഈശ്വരനിൽനിന്നു വീണ്ടുമൊരു ആഹ്വാനമോ ആവിഷ്കരണമോ തനിയ്ക്കു ലഭിയ്ക്കുന്ന

തിനുള്ള യോഗ്യത താൻ ഇനിയും സമാർജ്ജിച്ചിട്ടില്ലെന്നു് അവൾ വിചാരിച്ചു.

1842 ഇംഗ്ലണ്ടിൽ വലിയ ദാരിദ്ര്യം നടമാടിയ ഒരു കൊല്ലമായിരുന്നു. പട്ടിണികൊണ്ടു ജനത അവശരും രോഗാതുരരുമായിത്തീർന്നു. ആ കൊല്ലം ഫ്ലോറൻസ് "ലീഹേഴ്സ്റ്റ്" സന്ദർശിച്ചപ്പോൾ അതിനടുത്ത "ഹോളോവെ" എന്ന ഗ്രാമത്തിലെ ജനങ്ങളുടെ അവശതകൾ നേരിട്ടു കാണുവാൻ അവൾക്കു കഴിഞ്ഞു. ഉദാരശീലയായിരുന്ന സ്വമാതാവിൽനിന്നു ഫ്ലോറൻസ് പണവും ആഹാരവും വാങ്ങി പട്ടിണിയും രോഗങ്ങളുംകൊണ്ടു വലഞ്ഞിരുന്ന ആ ഗ്രാമീണരുടെ ഇടയിൽ വിതരണം ചെയ്തു. 1842-ൽ ഫ്ലോറൻസ് എഴുതിയ ഒരു കുറിപ്പിൽ അവൾ ഇങ്ങിനെ രേഖപ്പെടുത്തിയിട്ടുണ്ടു്:—"മനുഷ്യന്റെ യാതനകൾ എന്റെ മനസ്സിനെ മർദ്ദിയ്ക്കുന്നു. ലോകത്തിന്റെ മഹത്വത്തെപ്പററി കവികൾ ചെയ്തിട്ടുള്ള പ്രകീർത്തനങ്ങൾ അയഥാർത്ഥങ്ങളും അവാസ്തവങ്ങളുമാണെന്നു് എനിയ്ക്കു തോന്നുന്നു. ഞാൻ കാണുന്ന സർവ്വജനങ്ങളും ദാരിദ്ര്യത്താലോ രോഗത്താലോ പീഡിതരാണു്." ജീവിതയാതനകൾ അനുഭവിയ്ക്കുന്ന ലോകത്തിലെ ക്ലേശിതവർഗ്ഗത്തിന്റെ മദ്ധ്യേയാണു് തന്റെ ജീവിതലക്ഷ്യം കിടക്കുന്നതെന്നു ഫ്ലോറൻസിനു് അപ്പോൾ തോന്നി. പക്ഷെ, എങ്ങിനെയുള്ള ഒരു സേവനമാണു് ആ ക്ലേശിതവർഗ്ഗം തന്നിൽനിന്നാവശ്യപ്പെടുന്നതെന്നു് അവൾക്കു് ഇനിയും മനസ്സിലായില്ല.

ഷെവലിയർ ബൺസെൻ എന്ന ദേഹമായിരുന്നു ലണ്ടനിലെ അക്കാലത്തെ പ്രഷ്യൻ അമ്പാസഡർ. അദ്ദേഹത്തിന്റെയും പത്നിയുടെയും ഒരു സ്നേഹിതയായിരുന്നു ഫ്ലോറൻസ്. അവൾ അവരുടെ അടുത്തു സാധാരണ പോകാറുണ്ടായിരുന്നു. 1842-ലെ ശരൽക്കാലത്തു "ഫ്ലോ" അവരെ സന്ദർശിച്ചപ്പോൾ അവൾ ഷെവലിയർ ബൺസെനോടു് ഇങ്ങിനെ ചോദിച്ചു:—"അവശരും അശരണരുമായ ജനതയുടെ ക്ലേശഭാരത്തെ നീക്കം ചെയ്‌വാൻ ഒരു വ്യക്തിയ്ക്കു് എന്താണു് ചെയ്യുവാൻ കഴിയുക?" അതിനു മറുപടിയായി, റൈൻനദീതടത്തിനടുത്തായി കെയ്സേർസ് വേർത്ത് എന്ന സ്ഥലത്തു പാസ്റ്റർഫ്ലീഡ്നർ എന്ന ദേഹവും അദ്ദേഹത്തിന്റെ പ

ത്തിയും രോഗാതുരപരിചരണത്തിനുവേണ്ടി ആസ്പത്രിയിൽ യു-തികളെ പഠിപ്പിച്ചുവരുന്നതിനെപ്പററി ഷെവലിയർ ബെൺസെൻ "ഫ്ലോ"യെ പറഞ്ഞു മനസ്സിലാക്കി. എന്നാൽ ആ വിവരങ്ങളൊന്നും "ഫ്ലോ"യുടെ ശ്രദ്ധയെ സമാകർഷിച്ചില്ല. "നേഴ്സിങ്ങി"നെപ്പററി, രോഗാതുരപരിചരണത്തെപ്പററി, ഫ്ലോറൻസ് ചിന്തിക്കുവാൻ ഇനിയും തുടങ്ങിയിരുന്നില്ല.

1843 ജൂലൈമാസത്തിൽ നൈററിൻഗെയ്ൽ കുടുംബം വീണ്ടും "ലീഹേഴ്സ്റ്റി"ലേയ്ക്കു പോയി. "ഹോളൊവെ" ഗ്രാമീണരുടെ ദുരിതങ്ങൾക്ക് ഇനിയുമൊരറുതിവന്നിരുന്നില്ല. "ഹോളോവെ" ഒരു കാർഷികഗ്രാമം മാത്രമായിരുന്നില്ല. അനേകം നെയ്ത്തുതൊഴിലാളികളുടെയും ഒരു കേന്ദ്രമായിരുന്നു അത്. പത്തൊൻപതാം ശതാബ്ദത്തിലെ വ്യവസായവല്ക്കരണത്തിൻെറ ദുരന്തഫലങ്ങളായ മദ്യപാനം, ജനങ്ങളുടെ മൃഗീയമായ ജീവിതരീതി, അവരുടെ തിങ്ങിപ്പാർക്കൽ, ഇവയെ നേരിട്ടു മനസ്സിലാക്കുന്നതിനു "ഫ്ലോ"യ്ക്കു സാധിച്ചു. ദീനത നിറഞ്ഞ ആ കാഴ്ചകൾ അവളുടെ മനസ്സിനെ ഗാഢഗാഢം സ്പർശിച്ചു. അവൾ തൻെറ മാതാവിനെ സ്ഥാനത്തും അസ്ഥാനത്തും ബുദ്ധിമുട്ടിച്ച് ആ ഗ്രാമീണക്കുവേണ്ട മരുന്നുകളും, ആഹാരങ്ങളും, വസ്ത്രങ്ങളും, ശയനോപകരണങ്ങളും വാങ്ങിപ്പിക്കയും, അവയുമായി ആ ഗ്രാമത്തിലെ അവശരുടെയും ദീനരുടെയും കുടിലുകൾ കയറിയിറങ്ങി ദീനസേവനത്തിനായി ദിനത്തിലെ അധികഭാഗവും വിനിയോഗിയ്ക്കുയും ചെയ്തു. "എമ്പ്ളി"യിലേയ്ക്കു മടങ്ങിപ്പോകുവാനുള്ള സമയമായപ്പോൾ ഫ്ലോറൻസ് വൈമനസ്യം പ്രദർശിപ്പിച്ചു. രോഗാതുരപരിചരണം തുടരുവാൻ അവളുടെ ഹൃദയം വെമ്പൽകൊണ്ടു. ദീനദീനരും അവശരുമായ ആ മാനുഷസഹോദരങ്ങളെ അവൾ എങ്ങിനെയാണ് വിട്ടുപോവുക! പക്ഷെ, തൻെറ മാതാവിൻെറ നിർബ്ബന്ധംകൊണ്ട് അവൾക്ക് "എമ്പ്ളി"യിലേയ്ക്കു തിരിച്ചുപോകേണ്ടിവന്നു.

1843-ൽ താനുമായുള്ള വിവാഹനിശ്ചയത്തിലേർപ്പെടുന്നതിനു ഹെൻറിനിക്കൽസൻ ഫ്ലോറൻസിനെ നിർബ്ബന്ധിയ്ക്കുവാൻ തുടങ്ങി. "ഫ്ലോ" അതിനു വഴിപ്പെടാഞ്ഞതുകൊണ്ടു മരിയാനിയ്ക്കു ഫ്ലോറൻസിനോടുണ്ടായിരുന്ന സ്നേഹം അമർഷമായി രൂപാന്തരപ്പെട്ടു.

## ഫ്ലോറൻസ് നൈററിൻഗെയ്ൽ

ആസ്പത്രികളിലെ രോഗികളുടെ മദ്ധ്യേയാണ് തൻെറ സേവനലക്ഷ്യം സ്ഥിതിചെയ്യുന്നതെന്ന് 1844-ലെ വസന്തത്തിലാണ് ഫ്ലോറൻസിന് ആദ്യമായി ബോദ്ധ്യമായത്. ഈശ്വരനിൽനിന്നുണ്ടായ ആഹ്വാനത്തിനുശേഷം ഏഴു നീണ്ട കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ മാത്രമാണ് ആ ആഹ്വാനലക്ഷ്യം അവർക്കു സ്പഷ്ടമായത്!

അമേരിക്കയിലെ ഒരു പ്രഖ്യാതദാനശീലനായ ഡോക്ടർ വാർഡ് ഹൌവെയും അദ്ദേഹത്തിൻെറ പത്നിയും 1844-ലെ വസന്തത്തിൽ "എമ്പ്ളി" സന്ദർശിച്ചു. ന്യൂയോക്കിൽ അന്ധന്മാക്കുവേണ്ടിയുള്ള ഒരു സ്ഥാപനം ആദ്യമായുണ്ടാക്കിയത് അദ്ദേഹമായിരുന്നു. മാത്രമല്ല, വാർദ്ധക്യമോ രോഗമോ ബാധിച്ച ഏതു അമേരിക്കൻ പൌരനും പണം കൊടുക്കാതെ മരുന്നും രോഗാതുരപരിചരണവും ലഭ്യമാക്കുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്തതും അദ്ദേഹമായിരുന്നു. "എമ്പ്ളി"യിൽ അവർ എത്തിച്ചേർന്ന അന്നു രാത്രി ആഹാരത്തിനുശേഷം ഫ്ലോറൻസ് ഡോക്ടർ ഹൌവെയെ സമീപിച്ചു, പിറേറ ദിവസം പ്രാതൽ കഴിയുമ്പോൾ തനിയ്ക്ക് അദ്ദേഹത്തെ ഗ്രന്ഥമുറിയിൽവെച്ചു രഹസ്യമായി കാണുവാൻ സൌകര്യമാകുമോ എന്ന് ആരാഞ്ഞു. ഡോക്ടർ ഹൌവെ അതിനു സമ്മതിച്ചു. പിറേറ ദിവസം പ്രഭാതത്തിൽ അവർ ഗ്രന്ഥമുറിയിൽവെച്ചു കണ്ടു. ഉടനെ ഫ്ലോറൻസ് അദ്ദേഹത്തോടു ചോദിച്ചു: "ഡോക്ടർ ഹൌവെ, ആംഗലസമുദായത്തിൽപ്പെട്ട ഒരു യുവതിയ്ക്കു, കത്തോലിക്കരായ സിസ്റ്റേഴ്സ് ചെയ്യുന്നതുപോലെ, ആസ്പത്രികളിലോ മറെറവിടെയെങ്കിലുമോ പോയി ദീനപരിചരണവേലകൾ ചെയ്യുന്നത് അനുചിതമാണെന്ന്, അഭികാമ്യമല്ലെന്ന് അങ്ങു കരുതുന്നുണ്ടോ? അതൊരു ഭയങ്കരകൃത്യമാണെന്ന്, ഒരു നീചകൃത്യമാണെന്ന്, അങ്ങയ്ക്ക് അഭിപ്രായമുണ്ടോ?" ഡോക്ടർ ഹൌവെ മറുപടി പറഞ്ഞു: "എൻെറ പ്രിയപ്പെട്ട ഫ്ലോറൻസേ, നീ പറയുന്ന കൃത്യം അസാധാരണമായ ഒന്നാണ്. അസാധാരണമായ ഏതു കൃത്യവും ഇംഗ്ലണ്ടിൽ അനുചിതവുമാണ്. എന്നാൽ നീ മുന്നോട്ടു പോവുക എന്നാണ് എനിയ്ക്കു നിന്നോടു പറയുവാനുള്ളത്. രോഗാതുരസേവനം നിൻെറ ജീവിതത്തിൻെറ പരമലക്ഷ്യമാണെന്നു നിൻെറ അന്തഃകരണം നിന്നോടു പറയുന്നുണ്ടെങ്കിൽ, ആ അന്തഃകര

ണപ്രചോദനാനുസരണം നീ പ്രവത്തിയ്ക്കുക. മററുള്ളവരുടെ നന്മയ്ക്കുവേണ്ടി നീ നിൻെറ ധമ്മം ചെയ്യുന്നതിൽ അസാംഗത്യമായോ അനഭിലഷണീയമായോ നിന്ദ്യമായോ യാതൊന്നും തന്നെയില്ല. നിൻെറ ജീവിതലക്ഷ്യം എന്തെന്നു മനസ്സിലാക്കി, ആ ലക്ഷ്യം നിന്നെ എങ്ങോട്ടാനയിച്ചാലും ശരി, തദനുസരണം നീ ചെയ്യുക; ഈശ്വരൻ നിൻെറകൂടെ ഉണ്ടാകും.''

തൻെറ ജീവിതലക്ഷ്യം ഫ്ലോറൻസിന്നു് ഇപ്പോൾ കൂടുതൽ സ്പഷ്ടമായിത്തീർന്നു. പക്ഷെ, ഈ വിഷയം തൻെറ മാതാപിതാക്കന്മാരുടെ മുമ്പിൽ അവതരിപ്പിയ്ക്കുക അവൾക്കൊരു പ്രശ്നമായിരുന്നു. ആസ്പത്രിയെന്ന പദംപോലും അവക്കു് അരോചകമായിരുന്നു. ആ സ്ഥിതിയ്ക്കു് അവരുടെ പുത്രി ആസ്പത്രിയിലെ ജീവിതത്തെയും രോഗാതുരപരിചരണത്തെയും ജീവിതലക്ഷ്യമായി സ്വീകരിയ്ക്കുവാൻ അവളുടെ മാതാപിതാക്കന്മാർ അനുവദിയ്ക്കുമോ? ഈ വിഷയത്തിൽ തൻെറ മാതാപിതാക്കളുടെ അനുമതി ലഭിയ്ക്കുവാനുള്ള മാർഗ്ഗമെന്തെന്നു ഫ്ലോറൻസ് ഗാഢമായി ചിന്തിയ്ക്കുവാൻ തുടങ്ങി.

തന്നെ വിവാഹം ചെയ്യണമെന്നു ഹെൻറി നിക്കൽസൻ 1844 വസന്തത്തിൽ ഫ്ലോറൻസിനോടു് അഭ്യർത്ഥിച്ചു. ഫ്ലോറൻസ് ആ അഭ്യർത്ഥന നിരസിച്ചു. ഹെൻറിയുടെ കുടുംബക്കാർ കുപിതരായി. അയാളെ വിവാഹം ചെയ്യാനുള്ള ഉദ്ദേശം ഫ്ലോറൻസിനില്ലായിരുന്നു എങ്കിൽ അവൾ അയാളുമായി സ്നേഹബന്ധം പുലർത്തേണ്ടതില്ലായിരുന്നു എന്നു് അവർ ആക്ഷേപിച്ചു. എന്നാൽ ഫ്ലോറൻസിൻെറ മാതാപിതാക്കൾ സ്വപുത്രിയുടെ പക്ഷത്താണു് നിലകൊണ്ടതു്. കൂടുതൽ രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹത്തിനു് അവർ അനുകൂലികളായിരുന്നില്ല. ഹെൻറിയുടെ വിവാഹാലോചന നിരസിയ്ക്കപ്പെട്ടതുകൊണ്ടു നിക്കൽസെൻെറയും നൈററിൻഗെയ്‌ലിൻെറയും കുടുംബങ്ങൾക്കു തമ്മിൽ ഒരു അകൽച്ചയുണ്ടായി.

ആ കൊല്ലം ആഗസ്റ്റ്മാസത്തിൽ വില്യമിൻെറ മാതാവിനു സുഖക്കേടു പിടിപെട്ടു കിടപ്പിലായി. ആ വൃദ്ധയുടെ പരിചരണത്തിനു ഫ്ലോറൻസാണു് നിയുക്തമായതു്. അവക്കേതാണ്ടു് സുഖപ്രാപ്തിയുണ്ടായപ്പോൾ നൈററിൻഗെയ്‌ൽ

കുടുംബത്തിലെ ഒരു പരിചാരികയ്ക്കായി രോഗബാധ. അവൾക്കും ഫ്ലോറൻസുതന്നെയാണ് രോഗപരിചരണങ്ങൾ ചെയ്തത്. അങ്ങിനെ രോഗപരിചരണത്തിനുള്ള പ്രാപ്തി തനിയ്ക്കുണ്ടെന്നു ഫ്ലോറൻസ് തൻെറ മാതാപിതാക്കന്മാരെ ബോദ്ധ്യപ്പെടുത്തി. ഒരു സ്ത്രീയായിരിയ്ക്കുക എന്നതു മാത്രമാണ് രോഗികളെ പരിചരിയ്ക്കുവാനുള്ള ഏകയോഗ്യതയെന്നായിരുന്നു അക്കാലത്ത് സാർവ്വത്രികമായുണ്ടായ വിചാരം. എന്നാൽ ആ യോഗ്യത മാത്രം പോരെന്നും, രോഗാതുരപരിചരണത്തിനു സുശിക്ഷിതവും പ്രത്യേകവുമായ പരിശീലനംതന്നെ സ്ത്രീകൾ സമ്പാദിയ്ക്കേണ്ടത് ആവശ്യമാണെന്നും ഫ്ലോറൻസിനു തോന്നി. രോഗാതുരപരിചരണത്തിനുള്ള പരിപൂർണ്ണമായ പരിജ്ഞാനവും പകതയും സാമർത്ഥ്യവും കരസ്ഥമാക്കാതെ രോഗികളെ പരിചരിയ്ക്കുന്നതു തെററാണെന്നും അവൾക്കു ബോദ്ധ്യമായി. അതുകൊണ്ടു, രോഗാതുരപരിചരണമാണ് തൻെറ ജീവിതലക്ഷ്യമെങ്കിൽ, രോഗത്താൽ വിവശരായവരുടെ അവശതകളെ ലഘൂകരിയ്ക്കുയോ ദൂരീകരിയ്ക്കുയോ ചെയ്യുന്ന സേവനമാണ് തൻെറ ജീവിതലക്ഷ്യമെങ്കിൽ, രോഗാതുരപരിചരണവിഷയത്തിൽ പരിജ്ഞാനവും പരിചയവും പരിശീലനവും സമ്പാദിയ്ക്കുകയാണ് തൻെറ പ്രഥമവും പ്രധാനവുമായ കടമയെന്നു ഫ്ലോറൻസ് ദൃഢനിശ്ചയം ചെയ്തു. ആ പരിശീലനം സമ്പാദിയ്ക്കുവാനുള്ള മാർഗ്ഗമെന്തെന്നായി അവളുടെ അനന്തരചിന്താവിഷയം.

"എമ്പ്ളി"യിൽനിന്ന് ഏതാനും നാഴിക അകലെ ഒരാസ്പത്രി ഉണ്ടായിരുന്നു. "സാലിസ്ബറി ഇൻഫേർമറി" എന്നായിരുന്നു ആ ആസ്പത്രിയുടെ പേര്. അതിലെ പ്രധാന ഭിഷക്കായിരുന്ന ഡോക്ടർ ഫൌളർ നൈററിൻഗെയ്ൽകുടുംബത്തിൻെറ ഒരു സ്നേഹിതനായിരുന്നു. ആ ആസ്പത്രിയിൽ പോയി മൂന്നു മാസക്കാലം നേഴ്സിങ്ങിൽ വേണ്ട പരിശീലനം സമ്പാദിയ്ക്കാമെന്നു ഫ്ലോറൻസ് തീർച്ചയാക്കി. ആസ്പത്രി വളരെ അടുത്തായതുകൊണ്ടും, ഡോക്ടർ ഫൌളർ തൻെറ മാതാപിതാക്കന്മാരുടെ സ്നേഹിതനായതുകൊണ്ടും, മൂന്നു മാസങ്ങൾ കഴിഞ്ഞു തിരിച്ചുവരാമെന്നുള്ളതുകൊണ്ടും, തൻെറ ഈ ഇംഗിതത്തിന്ന് അവളുടെ മാതാപിതാക്കന്മാർ അനുമതി നൽകുമെന്നു ഫ്ലോറൻസ് വിചാരിച്ചു.

1845 ഡിസംബറിൽ ഡോക്ടർ ഫൌളർ കുടുംബസമേതം "എമ്പ്ളി" സന്ദർശിച്ചു. തൻെറ അഭിലാഷം ഡോക്ടർ ഫൌളറിനേയും തൻെറ മാതാപിതാക്കന്മാരെയും അറിയിയ്ക്കുവാൻ ഫ്ലോറൻസ് ആ അവസരം ഉപയോഗപ്പെടുത്തി. "എമ്പ്ളി"യിൽ ഒരു കോളിളക്കമാണ് അതുണ്ടാക്കിയത്. ഫാനി കോപിഷ്ടയായി. "പാർത്തെ" മോഹാലസ്യപ്പെട്ടു. വില്യം നിരാശനായി. ആസ്പത്രിയിലെ രോഗികളെ പരിചരിയ്ക്കുകയെന്ന നീചമായ ജോലിയ്ക്കുയയ്ക്കുവാൻ വേണ്ടിയാണോ തങ്ങളുടെ ആ പുത്രിയെ വളർത്തിയതും പഠിപ്പിച്ചതുമെല്ലാം എന്ന് ആ മാതാപിതാക്കൾ ക്രുദ്ധരായി ഡോക്ടർ ഫൌളറോടു ചോദിച്ചു. അദ്ദേഹം യാതൊരാളുടെയും പക്ഷം ചേർന്നില്ല. ഫ്ലോറൻസിൻെറ പിതാവ് ക്രോധശമനത്തിനുവേണ്ടി ലണ്ടനിലേയ്ക്കു പോയി. ഫ്ലോറൻസിൻെറ ജീവിതലക്ഷ്യം അപ്രാപ്യമാണെന്ന് അവൾക്കു തോന്നി.

അധ്യായം 4

# മാനസികമായ സമ്മർദ്ദം

**രോ**ഗാതുരപരിചരണപരിശീലനത്തിനുവേണ്ടി ഒരാസ്പത്രിയിൽ പോകണമെന്നുള്ള ഫ്ലോറൻസിൻെറ അഭിലാഷത്തോട് അവളുടെ മാതാപിതാക്കൾ വിയോജിക്കുവാനും, ആ ആശയത്തെ അധിക്ഷേപിക്കുവാനുമുണ്ടായ കാരണങ്ങൾ എന്തായിരുന്നു എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

1845-ൽ ആസ്പത്രികൾ വൃത്തിഹീനതയുടേയും, സംസ്കാരശൂന്യതയുടേയും, ധാർമ്മികമായ അധഃപതനത്തിൻെറയും, കേന്ദ്രങ്ങളായിരുന്നു. ശുചീകരണനടപടികളുടെ അഭാവംമൂലം അഴുക്കും വൃത്തികേടും നിറഞ്ഞിരുന്ന ആസ്പത്രിമുറികളിൽ നിന്നു വമിച്ചുകൊണ്ടിരുന്ന ദുർഗ്ഗന്ധം ദുസ്സഹമായിരുന്നു. ആസ്പത്രികൾ സന്ദർശിക്കുന്നവർ അവയുടെ അകത്തുചെന്നു കഴിഞ്ഞാൽ അവിടെയുണ്ടായിരുന്ന ദുർഗ്ഗന്ധംമൂലം ഛർദ്ദിക്കുകയായിരുന്നു പതിവ്. ആസ്പത്രികളിലെ വാർഡുകൾ സാമാന്യം വലിയതുതന്നെയായിരുന്നെങ്കിലും, ശരിയായ ശയനോപകരണങ്ങളോ മററു സജ്ജീകരണങ്ങളോ അവിടെ ഉണ്ടായിരുന്നില്ല. അതേസമയംതന്നെ ഓരോ വാർഡിലുമുണ്ടായിരുന്ന രോഗികളാകട്ടെ നിരവധിയുമായിരുന്നു. തന്മൂലം, രോഗികളുടെ ഇടയ്ക്കുണ്ടായിരുന്ന ഒഴിഞ്ഞ സ്ഥലം ഏതാണ്ട് രണ്ടടി മാത്രമായിരുന്നു!

യാതൊരു വക ശുചിത്വവുമില്ലാതിരുന്നതും, എപ്പോഴും കോളറായും മററും പിടിപെട്ടിരുന്നതും, സാംക്രമികരോഗങ്ങൾ സ്വച്ഛന്ദവിഹാരം നടത്തിക്കൊണ്ടിരുന്നതുമായ സ്ഥലങ്ങളിൽ നിന്നു വന്നവരായിരുന്നു ആസ്പത്രികളിലെ രോഗികൾ. ലഹരിയുള്ള പാനീയപദാർത്ഥങ്ങൾ പല രോഗികളും അധികൃതന്മാരുടെ അറിവൊന്നുംകൂടാതെ ആസ്പത്രികളിലേക്കു കൊണ്ടു

ചെല്ലുകയും, കുടിച്ചു മദോന്മത്തരായി ലഹളകൾക്കൊരുങ്ങുകയും, പലപ്പോഴും ആസ്പത്രിയിലെ അധികൃതക്കു പോലീസ് സഹായം ആവശ്യമായിവരികയും ചെയ്യുകപതിവായിരുന്നു.

വൃത്തിശൂന്യതയിൽനിന്നു വന്നവരായ ആ രോഗികൾ ആസ്പത്രികളിലും വൃത്തിശൂന്യരായിത്തന്നെയാണ് കഴിഞ്ഞുകൂടിയത്. 1854-ൽ ഫ്ലോറൻസ് എഴുതിയ ഒരു കുറിപ്പിൽ ഇപ്രകാരമാണ് പ്രസ്താവിച്ചിട്ടുള്ളത്:—"രോഗികളെ കഴുകി വൃത്തിയാക്കുന്ന വിഷയത്തിൽ നേഴ്സുമാർ ശ്രദ്ധവെച്ചിരുന്നില്ല. രോഗികളുടെ പാദങ്ങൾ കഴുകുന്നത് ഒരു ഹീനകൃത്യമായിട്ടാണ് നേഴ്സുമാർ വിചാരിച്ചിരുന്നത്. ഒരു തുള്ളി വെള്ളംകൊണ്ടാണ് അവർ രോഗികളുടെ കാലും മുഖവും തുടച്ചിരുന്നത് എന്നു പറയുന്നതിൽ വലിയ അതിശയോക്തി ഉണ്ടായിരുന്നില്ല. രോഗികൾ കിടന്നിരുന്ന കിടക്കകൾ മാലിന്യത്തിൻെറ കൂമ്പാരമായിരുന്നു. ഒരു രോഗി ഉപയോഗിച്ചിരുന്ന ഷീററുകൾ അലക്കി വൃത്തിയാക്കാതെയാണ് അയാളുടെ പിന്നാലെവന്ന രോഗിക്കും ആസ്പത്രികളിൽ നല്കപ്പെട്ടിരുന്നത്!"

ആസ്പത്രികളിലെ വൃത്തിശൂന്യതകൾ മാത്രമായിരുന്നില്ല ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ രോഗാതുരപരിചരണപരിശീലനത്തിനുള്ള യഥാർത്ഥ പ്രതിബന്ധം. അക്കാലത്തെ ആസ്പത്രികളിലെ നെഴ്സുമാരുടെ അധഃപതിച്ച ജീവിതരീതിയായിരുന്നു അതിനുള്ള സാക്ഷാൽ പ്രതിബന്ധം. 1845-ൽ കുലീനകുടുംബത്തിൽ ജാതയായ ഒരു സ്ത്രീയും, മാനവും മര്യാദയുമുള്ള ഒരു സ്ത്രീയും, ഒരു നേഴ്സിൻെറ ജോലിക്കുപോയിരുന്നില്ല; പോകുവാൻ ഇഷ്ടപ്പെട്ടിരുന്നുമില്ല. കാരണം, അക്കാലത്തെ നേഴ്സുമാർ സദാചാരത്തിൽ ഏററവും അധഃപതിച്ചവരായിരുന്നു. "സദാചാരം തീരെ നഷ്ടപ്പെട്ട, അതായതു വിവാഹബന്ധത്തിൽപെടാതെ ഒരു ശിശുവിൻെറ മാതാവായിത്തീർന്ന, യുവതികളെയാണ് നേഴ്സുമാരായി എടുത്തിരുന്നത്" എന്നു ഫ്ലോറൻസ് ഒരു കുറിപ്പിൽ അന്നത്തെ നേഴ്സുമാരെപ്പററി രേഖപ്പെടുത്തിയിട്ടുണ്ട്. നേഴ്സുമാരുടെ കുപ്രസിദ്ധമായ അസാന്മാർഗ്ഗികജീവിതത്തിന്നനുയോജ്യമായ ജീവിതസൌകര്യങ്ങൾതന്നെയാണ് അന്നത്തെ ആസ്പത്രിക

ളിൽ അവക്കു ലഭിച്ചുകൊണ്ടിരുന്നതും. ഓരോ നേഴ്സുമാരും ജോലിചെയ്തിരുന്ന വാർഡുകളിൽതന്നെ രാത്രിയിൽ ഉറങ്ങുകയായിരുന്നു അന്നത്തെ പതിവ്. പുരുഷന്മാരുടെ വാർഡുകളിൽ നേഴ്സുമാർ പുരുഷന്മാരോടുകൂടികിടന്നുറങ്ങുന്നതും അസാധാരണമായിരുന്നില്ല. ഇംഗ്ലണ്ടിലെ ഏററവും പ്രഖ്യാതമായിരുന്ന ഒരാസ്പത്രിയിലെ നേഴ്സുമാക്ക് ഉറങ്ങുവാൻനല്കിയിരുന്ന സൌകര്യങ്ങളെപ്പററി ഫ്ലോറൻസ് നൈയ്ററിൻഗെയ്ൽ എഴുതിയിട്ടുള്ള ഒരു കുറിപ്പിൽ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:—"വാർഡുകളിലേക്കുള്ള വാതിലുകളുടെ പുറത്തുവെച്ചിരുന്ന മരക്കൂട്ടകളിൽകിടന്നാണ് നേഴ്സുമാർ ഉറങ്ങിയിരുന്നത്. സ്വഭാവസംശുദ്ധിയുള്ള ഒരു സ്ത്രീക്കും അവിടെ കിടന്നുറങ്ങുക ഒരിക്കലും സാദ്ധ്യമല്ല. വെളിച്ചമോ ശുദ്ധവായുവോ കടക്കാത്ത അവിടെക്കിടന്നു പകലുറങ്ങുക രാത്രി ഡ്യൂട്ടി ചെയ്ത നേഴ്സുമാക്കും സാദ്ധ്യമായിരുന്നില്ല. ശബ്ദംകൊണ്ട് അവക്ക് അവിടെ വിശ്രമിക്കുവാൻപോലും കഴിഞ്ഞിരുന്നില്ല."

ഇന്നത്തെ നേഴ്സുമാക്ക് ലഭിക്കുന്ന താമസസൌകര്യങ്ങളൊന്നും അക്കാലത്തെ നേഴ്സുമാക്കു കിട്ടിയിരുന്നില്ല. ആസ്പത്രികളിലെ വാർഡുകൾതന്നെയായിരുന്നു അവരുടെ താമസസ്ഥലം. അവർ പകൽ കഴിച്ചുകൂട്ടിയതും, രാത്രി ഉറങ്ങിയതും, സ്വന്തം ഭക്ഷണം പാകംചെയ്തിരുന്നതുമെല്ലാം, അവരവരുടെ വാർഡുകളിൽതന്നെയായിരുന്നു. അച്ചടക്കം അവരെ തൊട്ടുതെറിക്കുപോലും ചെയ്തിരുന്നില്ല. അവരുടെ നിയന്ത്രണത്തിനോ ശിക്ഷണത്തിനോ ആരുമുണ്ടായിരുന്നില്ല. ഓരോ നേഴ്സിൻെറയും കീഴിൽ അനേകം രോഗികളാണുണ്ടായിരുന്നത്. രോഗികൾ നേഴ്സുമാരോടു പെരുമാറിയതും വളരെ നിന്ദ്യമായിട്ടായിരുന്നു.

മദ്യപിക്കുന്നതിലും അന്നത്തെ നേഴ്സുമാർ കുപ്രസിദ്ധി സമ്പാദിച്ചിരുന്നു. 1854_ൽ ലണ്ടനിലെ ഒരാസ്പത്രിയിലെ ഒരു ഹെഡ്നേഴ്സ് തന്നോട് ഇങ്ങിനെ പറഞ്ഞതായി ഫ്ലോറൻസ് രേഖപ്പെടുത്തിയിരിക്കുന്നു:—"ദീർഘമായ എൻെറ സേവനകാലത്തിൽ മദ്യപാനംചെയ്യാത്ത ഒരു നേഴ്സിനെപ്പോലും കാണുവാൻ എനിക്ക് ഇടവന്നിട്ടില്ല. ഓരോ വാർഡിലും നേഴ്സുമാർ അസാന്മാർഗ്ഗികകൃത്യങ്ങളിൽ ഏർപ്പെട്ടുമിരുന്നു."

മേൽപ്രസ്താവിച്ച വസ്തുതകളിൽനിന്നു ഫ്ലോറൻസിൻെറ മാതാപിതാക്കൾ രോഗാതുരപരിചരണപരിശീലനത്തിനുവേണ്ടി സ്വപുത്രിയെ ആസ്പത്രിയിൽ അയയ്ക്കാഞ്ഞതു് എന്തുകൊണ്ടാണെന്നു നമുക്കു് ഏതാണ്ടു് ഊഹിയ്ക്കാവുന്നതാണു്. ആസ്പത്രികളോടും നേഴ്സുമാരോടും ആ മാതാപിതാക്കന്മാക്കുണ്ടായിരുന്ന അവജ്ഞയുടെ ആധിക്യംമൂലം അവർ ഫ്ലോറൻസിനെ സ്ഥാനത്തും അസ്ഥാനത്തും അധിക്ഷേപിയ്ക്കുവാൻതുടങ്ങി. രോഗാതുരസേവനത്തിനുള്ള തൻെറ അഭിലാഷങ്ങളെപ്പററി അവൾ ശബ്ദിച്ചുപോകരുതെന്നുപോലും ഫാനി പുത്രിയെ താക്കീതുചെയ്തു. മാത്രമല്ല, ഗാർഹികജോലികൾ ധാരാളമായി അവളെക്കൊണ്ടു ഫാനി ചെയ്യിയ്ക്കുവാനുംതുടങ്ങി.

1845 അവസാനത്തോടുകൂടി ഫ്ലോറൻസിൻെറ മനഃക്ലേശങ്ങൾ അവയുടെ മൂർദ്ധന്യത്തിലെത്തി. നിശാകാലങ്ങളിൽ അവൾക്കു് ഉറങ്ങുവാൻകഴിയാതായി. അവൾ ഇങ്ങിനെ പ്രാർത്ഥിച്ചു:—"ദൈവമേ, ജീവിയ്ക്കുവാൻ ഇനി എനിയ്ക്കാഗ്രഹമില്ല. അവിടുന്നു് എന്നോടു ക്ഷമിയ്ക്കുക; ഞാൻ ഇന്നുതന്നെ മരിച്ചുപോകട്ടെ."

മാനസികമായി വലിയ മർദ്ദനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ആ സമയത്തുപോലും നിരാശ ഫ്ലോറൻസിനെ തീണ്ടിയില്ല. അവൾ തൻെറ സ്നേഹിതനായ ആഷ്ലിപ്രഭുവിൻെറ നിർദ്ദേശമനുസരിച്ചു്, ആസ്പത്രികളെപ്പററി പ്രസിദ്ധീകരിയ്ക്കപ്പെട്ടിരുന്ന റിപ്പോർട്ടുകളും "ബ്ലൂബുക്കു"കളും പഠിയ്ക്കുവാനാരംഭിച്ചു. വളരെ ഗോപ്യമായിട്ടാണു് അവൾ ആ പഠനംനടത്തിയതു്. ദിവസേന അതിരാവിലെ അവൾ ഉറക്കമുണർന്നു, മെഴുകുതിരി കത്തിച്ചുവെച്ചു്, ആ നേരിയ വെളിച്ചത്തിലിരുന്നുകൊണ്ടു് ആസ്പത്രികളെപ്പററിയുള്ള റിപ്പോർട്ടുകൾ പഠിയ്ക്കയും കുറിപ്പുകളെഴുതുകയുംചെയ്യുക പതിവായിത്തീർന്നു. പാരീസു്, ബേർലിൻ മുതലായ സ്ഥലങ്ങളിലെ ആസ്പത്രികളെപ്പററിയുള്ള റിപ്പോർട്ടുകൾപോലും അവൾ കരസ്ഥമാക്കി, അവയിലെ വിവരങ്ങളും അവൾ ശേഖരിച്ചു.

1846 ജൂലൈമാസത്തിൽ നൈററിൻഗെയ്ൽ കുടുംബം "ലീഹേഴ്സ്റ്റി"ലേയ്ക്കു പോയി. അവിടെവെച്ചു രോഗിയായ ഒരു സ്ത്രീയെ പരിചരിച്ചതിനെപ്പററി ഫ്ലോറൻസു് ഇങ്ങിനെ

യാണ് എഴുതിയിരിയ്ക്കുന്നത്:—"ഇതുപോലെയുള്ള രോഗപരിചരണജോലികൾ എനിയ്ക്കു ചെയ്‌വാനുണ്ടെങ്കിൽ, വിവാഹമോ ജനങ്ങൾ സാധാരണ അഭിലഷിയ്ക്കാറുള്ള സാമൂഹ്യമോ ബുദ്ധിപരമോ ആയ സമ്പൎക്കങ്ങളോ എനിയ്ക്ക് ആവശ്യമില്ല. രോഗാതുരപരിചരണം എൻെറ ആത്മാവിനെ സംതൃപ്തിപ്പെടുത്തുന്നു. എൻെറ ഹൃദയത്തിൻെറയും ബുദ്ധിയുടെയും സൎവ്വ ആവശ്യങ്ങളെയും അതു നിൎവ്വഹിച്ചുതരുന്നു. അത് എൻെറ എല്ലാ രോഗങ്ങളെയും സുഖപ്പെടുത്തുന്നു. അത് എൻെറ ആത്മാവിനെ വിനാശത്തിൽനിന്നു പരിരക്ഷണംചെയ്യുന്നു. എനിയ്ക്കു മറെറാന്നുംതന്നെ ആവശ്യമില്ല; ആത്മസംതൃപ്തിയാൽ അത് എൻെറ ഹൃദയം സമൃദ്ധമാക്കുന്നു."

ആ കൊല്ലം ഒക്ടോബറിൽ കെയ്സേർഴ്‌വേത്ത് ആസ്പത്രിയിലെ രോഗാതുരപരിചരണപരിശീലനത്തെ സംബന്ധിച്ച ഒരു പ്രസിദ്ധീകരണം ഷെവലിയർ ബൺസെൻ ഫ്ലോറൻസിന് അയച്ചുകൊടുത്തു. നാലുകൊല്ലങ്ങൾക്കുമുമ്പാണ് അദ്ദേഹം കെയ്സേർഴ്‌സ്‌വേത്തിലെ ആസ്പത്രിയേയും അവിടെ രോഗാതുരപരിചരണ പരിശീലനത്തിലേർപ്പെട്ടുകൊണ്ടിരുന്ന "ഡീക്കനസ്സ്"മാരായ വനിതകളെയും ഫ്ലോറൻസിൻെറ ശ്രദ്ധയിൽ പെടുത്തിയിരുന്നത്. നേഴ്‌സിങ്ങാണ്, രോഗാതുരപരിചരണമാണ്, തൻെറ ജീവിതലക്ഷ്യമെന്ന് അന്ന് അവൾക്കു തോന്നിയില്ല. എന്നാൽ ഇന്ന് അവരെയും അവരുടെ പ്രവൎത്തനങ്ങളെയുംപററി സവിസ്തരം പ്രതിപാദിയ്ക്കുന്ന ഈ പ്രസിദ്ധീകരണം വായിച്ചപ്പോൾ കെയ്സേർസ്‌വേത്തിലേയ്ക്കു പോകയാണ് തൻെറ ലക്ഷ്യപ്രാപ്തിയ്ക്ക് അത്യുത്തമമെന്നു ഫ്ലോറൻസിനു തോന്നി. അവിടെ പോയാൽ രോഗാതുരപരിചരണത്തെപ്പററി വേണ്ട പരിചയവും പരിജ്ഞാനവും സമ്പാദിയ്ക്കാമെന്നും, ഇംഗ്ലണ്ടിലെ ആസ്പത്രികളെപ്പററി പറയപ്പെട്ടിരുന്ന ആക്ഷേപങ്ങളൊന്നും കെയ്സേർസ്‌വേത്തിലെ ആസ്പത്രിയ്ക്കു ബാധകമായിരിയ്ക്കയില്ലെന്നും, അവൾ സമാധാനിച്ചു. മാത്രമല്ല, അവിടെ രോഗാതുരപരിചരണം പരിശീലിച്ചുകൊണ്ടിരുന്ന വനിതകൾ പ്രോട്ടസ്റ്റൻറു സന്യാസസമൂഹത്തിൽ പെട്ട സ്ത്രീകളും, പഠിപ്പിച്ചുകൊണ്ടിരുന്നവർ പ്രോട്ടസ്റ്റൻറു വൈദികരുമായിരുന്നതുകൊണ്ട് ഇംഗ്ലണ്ടിലെ ആസ്പത്രികളിൽ കാണപ്പെട്ടിരുന്ന സാന്മാൎഗ്ഗികമായ അധഃപതനം കെയ്സേർ

സ്‌വേത്തിലെ ആസ്പത്രിയേയും നേഴ്‌സിങ്ങുസ്ഥാപനത്തെയും തീണ്ടകപോലും ചെയ്യുകയില്ലെന്നും അവൾക്ക ബോദ്ധ്യമായിരുന്നു. സർവ്വോപരി, അവിടത്തെ മതാത്മകമായ അന്തരീക്ഷവും, അധികൃതരുടെ ശരിയായ നിയന്ത്രണവും ശിക്ഷണവും, അധിക്ഷേപങ്ങൾക്കതീതമായി ആ നേഴ്‌സിങ്ങ്‌സ്ഥാപനത്തെ സുരക്ഷിതമാക്കിയിരുന്നെന്നും അവൾ മനസ്സിലാക്കി. കെയ്‌സേർസ്‌വേത്തിനെപ്പററി ഒക്ടോബർ 7–ാംനു- ഫ്ലോറൻസ് എഴുതിയ ഒരു കുറിപ്പിൽ ഇങ്ങിനെയാണ് പറഞ്ഞിട്ടുള്ളത്:—"അവിടെയാണ് എൻെറ ഭവനം. അവിടെ രോഗാതുരശ്ശുശ്രൂഷചെയ്തുകൊണ്ടിരിക്കുന്നവരെല്ലാം എൻെറ സഹോദരന്മാരും സഹോദരികളുമാണ്. അവിടെയാണ് എൻെറ ഹൃദയം സ്ഥിതിചെയ്യുന്നത്. എൻെറ ശരീരവും ഒരു ദിവസം അവിടെയായിരിക്കുമെന്നാണ് എൻെറ വിശ്വാസം."

മാനസികമായ അസ്വാസ്ഥ്യം ഫ്ലോറൻസിൻെറ ആരോഗ്യത്തെ ക്ഷയിപ്പിച്ചുതുടങ്ങി. 1847–ലെ ശരൽക്കാലത്ത് അവൾ തീരെ കിടപ്പിലായി. സെലീനാ ബ്രെയ്‌സ്‌ബ്രിഡ്ജ് എന്ന അവളുടെ സ്നേഹിതയാണ് ഫ്ലോറൻസിനെ ആ വിഷമസന്ധിയിൽനിന്ന് രക്ഷിച്ചത്.

സെലീനായും അവളുടെ ഭർത്താവ് ചാറൽസ് ബ്രെയ്സ് ബ്രിഡ്‌ജും നൈററിൻഗെയ്‌ൽ കുടുംബത്തിൻെറ സ്നേഹിതരായിരുന്നു. സന്താനരഹിതരായിരുന്ന ആ ദമ്പതികൾക്ക് ദേശസഞ്ചാരത്തിലായിരുന്നു വാസന. ചാറൽസ് ധനികനായിരുന്നതുകൊണ്ട് ദീർഘയാത്രകൾക്കുവേണ്ടി വിനിയോഗിക്കുവാൻ ധാരാളം പണവും അവർക്കുണ്ടായിരുന്നു. അവർ റോമിലേയ്ക്കു പോകുവാൻ തീച്ചപ്പെടുത്തിയ സമയമാണ് ഫ്ലോറൻസിൻെറ ക്ഷയോന്മുഖമായ ആരോഗ്യത്തെപ്പററി അറിഞ്ഞത്. ഫ്ലോറൻസിനെ തങ്ങളുടെകൂടെ കൊണ്ടുപോകുന്നത് അവളുടെ ആരോഗ്യം വീണ്ടെടുക്കുവാൻ സഹായിക്കുമെന്ന് സെലീനാ ഫാനിയെ ധരിപ്പിച്ചു. ഫ്ലോറൻസിനെ അവരുടെകൂടെ അയയ്ക്കുവാൻ ഫാനി തീച്ചയാക്കി. ഒക്ടോബർ 27–ാംനു- അവർ റോമിലേയ്ക്കു പുറപ്പെടുകയും ഫ്ലോറൻസ് സെലീനായോടും അവളുടെ ഭർത്താവിനോടും കൂടി ആറു മാസങ്ങൾ റോമിൽ കഴിച്ചുകൂട്ടുകയും ചെയ്തു. റോ

മിലെ താമസംകൊണ്ടു് തൻെറ നഷ്ടപ്പെട്ട ആരോഗ്യം ഏതാണ്ടു് വീണ്ടെടുക്കുവാൻ ഫ്ലോറൻസിനു കഴിഞ്ഞു.

റോമിലെ ആ താമസത്തിന്നിടയ്ക്കാണ് സിഡ്നി ഹെർബട്ടിൻെറയും അദ്ദേഹത്തിൻെറ പത്നി ലിസ്സിൻെറയും പരിചയവും സ്നേഹവും സമ്പാദിയ്ക്കുന്നതിനു ഫ്ലോറൻസിനു സാധിച്ചതു്.

ഇംഗ്ലണ്ടിലെ ഒരു പ്രമുഖ വ്യക്തിയായിരുന്നു സിഡ്നി ഹെർബട്ടു്. വമ്പിച്ച സമ്പത്തിൻെറ അധിപതിയായിരുന്ന അദ്ദേഹം ഇഗ്ലണ്ടിലെ അതിമനോഹര മന്ദിരങ്ങളിലൊന്നായി അക്കാലത്തു പരിഗണിക്കപ്പെട്ടിരുന്ന "വിൽട്ടൻ" എന്ന രമ്യഹർമ്മ്യത്തിലാണു് താമസിച്ചിരുന്നതു്. അദ്ദേഹത്തിനു് ഐർലണ്ടിലും സ്ക്കോട്ടുലണ്ടിലും ധാരാളം വസ്തുക്കളുമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഭാര്യ ലിസ്സ് സൌന്ദര്യധാമമായ ഒരു യുവതിയായിരുന്നു. വിവാഹശേഷം അവർ കുറെ ദിവസങ്ങൾ റോമിൽ കഴിച്ചുകൂട്ടുകയായിരുന്നു. തദവസരത്തിലാണു് സെലീനാ ഫ്ലോറൻസിനെ അവക്കു പരിചയപ്പെടുത്തിയതു്. പ്രഥമദൃഷ്ടിയിൽതന്നെ വലിയൊരാകർഷണം ലിസ്സിനു ഫ്ലോറൻസിൻെറ നേരെയുണ്ടായി.

1848 ഏപ്രിൽ മാസത്തിൽ ഫ്ലോറൻസും സെലീനായും റോമിൽനിന്നു് ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി. അടുത്ത മാസം സിഡ്നിഹെർബട്ടും പത്നിയും ഇംഗ്ലണ്ടിൽ തിരിച്ചെത്തിയപ്പോൾ, ഒരു ദിവസം ഫ്ലോറൻസ് ആ ദമ്പതികളോടുകൂടി ആഹാരം കഴിച്ചു. പിറേറ മാസം അവർ ചാർമൌത്തു് എന്ന സ്ഥലത്തു് ആരംഭിച്ച ഒരു ആരോഗ്യമന്ദിരത്തിൻെറ ഉൽഘാടനത്തിൽ സംബന്ധിയ്ക്കുവാൻ ഫ്ലോറൻസ് അവരോടുകൂടി പോകയും, മടങ്ങിവരുമ്പോൾ അവർ അവരുടെ "വിൽട്ടൻ" മന്ദിരത്തിൽ താമസിയ്ക്കുകയും ചെയ്തു. ആസ്പത്രികളുടെ നവീകരണവിഷയത്തിൽ അതീവതല്പരരായ പല പ്രമുഖ വ്യക്തികളുമായി അവിടെവെച്ചു ഫ്ലോറൻസ് പരിചയപ്പെട്ടു. ഇംഗ്ലണ്ടിലെ ആസ്പത്രികളെ അവയുടെ നിന്ദ്യവും ദാരുണവുമായ നിലയിൽനിന്നു പ്രത്യുദ്ധരിക്കുന്നതിനു പൊതുജനാഭിപ്രായവും ഉണരുന്നതായി കണ്ടതുകൊണ്ടു്, ആസ്പത്രികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളും മററും

കഴിഞ്ഞ അഞ്ചുകൊല്ലമായി ശേഖരിച്ചുകൊണ്ടിരുന്ന ഫ്ലോറൻസിനോടു ഹെർബെട്ട്ദമ്പതികളും അവരുടെ സ്നേഹിതന്മാരും കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടു. ആസ്പത്രികളെ സംബന്ധിച്ച സ്ഥിതിവിവരങ്ങളിൽ ഫ്ലോറൻസ് ഒരു വിദഗ്ദ്ധയാണെന്ന് അവർക്ക് അനുഭവപ്പെട്ടുവാൻ തുടങ്ങി.

കെയ്സേർസ്വേർത്തിലേയ്ക്കു പോകുവാനുള്ള ഫ്ലോറൻസിന്റെ ഉദ്ദേശം ഹെർബെട്ട്ദമ്പതികൾ മനസ്സിലാക്കി. അവർ ആ ആശയത്തോട് അനുകൂലികളാണെന്ന് അവളെ ധരിപ്പിച്ചു. ബൺസെൻദമ്പതികൾ അവരുടെ പുത്രിയേയും കെയ്സേർസ്വേത്തിലേയ്ക്കയയ്ക്കുവാൻ തീച്ചപ്പെട്ടുത്തിയിരുന്നു. അങ്ങിനെയെങ്കിൽ തന്റെ അഭിലാഷങ്ങളും സാക്ഷാല്ക്കരിക്കപ്പെട്ടുവാൻ സാദ്ധ്യതയുണ്ടെന്നു ഫ്ലോറൻസിനു തോന്നി. ഹെർബെട്ട് ദമ്പതികളും ബൺസെൻ ദമ്പതികളും അനുകൂലിക്കുന്ന ഒരു വിഷയത്തോടു പ്രാതികൂല്യം പ്രദർശിപ്പിയ്ക്കുവാൻ ആരാണ് മുതിരുക? തീച്ചയായും തന്റെ മാതാവു തനിയ്ക്കു അനുമതി നല്കുമെന്നു ഫ്ലോറൻസ് സ്വയം ന്യായവാദം ചെയ്തു.

രോഗികളെ പരിചരിക്കുവാനുള്ള അത്യന്താഭിലാഷം വർദ്ധിച്ചുകൊണ്ടിരുന്നതിനാൽ "എമ്പ്ളി"യുടെ അടുത്തുള്ള "വെല്ലൊ" എന്ന ഗ്രാമത്തിലേയ്ക്കു ഫ്ലോറൻസ് പോയിത്തുടങ്ങി. അവിടെയുള്ള രോഗികളെ കണ്ടുപിടിച്ച് അവരെ അവൾ പരിചരിച്ചു. ഫ്ലോറൻസിന്റെ മാതാപിതാക്കന്മാരും "പാത്തെ"യും അതറിഞ്ഞപ്പോൾ കുപിതരായി. അവർ അവളുടെനേരെ അധിക്ഷേപശരങ്ങൾ വർഷിക്കുവാൻ ആരംഭിച്ചു. തന്റെ മാനസികമായ മർദ്ദനത്തെ അതിന്റെ മൂർദ്ധന്യത്തിലേയ്ക്കു് ആനയിക്കുമാറു മറെറാരു സംഭവവും ഇപ്പോൾ ഉണ്ടായി. നൈററിൻഗെയ്ൽ കുടുംബത്തിന്റെ ഒരു സ്നേഹിതനായ റിച്ചാർഡ് മോൺക്ടറൻ മൈൽസ് എന്ന ദേഹം ഫ്ലോറൻസിനെ വിവാഹംചെയ്യാൻ അഭിലഷിച്ചിരുന്ന ഒരു മാന്യനായിരുന്നു. തനിയ്ക്കു സുനിശ്ചിതമായൊരു മറുപടി നല്കണമെന്ന് അദ്ദേഹം ഫ്ലോറൻസിനെ നിർബ്ബന്ധിച്ചു. ഫ്ലോറൻസാകട്ടെ അദ്ദേഹത്തിന്റെ വിവാഹാഭ്യർത്ഥനയെ നിരസിച്ചു.

നിന്ദ്യമായി കരുതപ്പെട്ടിരുന്ന രോഗാതുരപരിചരണജോ

ലിയോടുള്ള ഫ്ലോറൻസിൻെറ പ്രതിപത്തി, നല്ലൊരു വിവാഹാലോചനയോട് അവൾ കാണിച്ച നിരസനം, ഇവ രണ്ടും ഫ്ലോറൻസിൻെറ കുടുംബാംഗങ്ങൾക്ക് സഹിക്കുവാൻ കഴിഞ്ഞില്ല. അവർ അവളെ അധിക്ഷേപശരങ്ങൾകൊണ്ട് അഹോരാത്രം മദ്ദിക്കുവാൻ തുടങ്ങി. ജീവിതം വീണ്ടും ദുസ്സഹമായി ഫ്ലോറൻസിനു തോന്നി. മനഃക്ലേശങ്ങൾ അവളുടെ മനസ്സിനെ പൊള്ളയാക്കിത്തീർത്തു. അവൾ സംഭ്രാന്തിയോടുകൂടി ജനങ്ങളെ നോക്കിത്തുടങ്ങി. അന്യർ അവളോട് പറയുന്നതുപോലും അവൾ കേൾക്കാതായി.

സെലീനാ വീണ്ടും ഫ്ലോറൻസിൻെറ സഹായത്തിനെത്തി. സെലീനായും അവളുടെ ഭത്താവും ഈജിപ്തിലേയ്ക്കും, അവിടെ നിന്ന് ഗ്രീസ്സിലേയ്ക്കും യാത്രചെയ്യുവാൻ ഉദ്ദേശിച്ചിരുന്നു. അവർ ഫ്ലോറൻസിനെക്കൂടി കൊണ്ടുപോകുവാൻ തീരുമാനിച്ചു. ഫ്ലോറൻസിൻെറ മാതാപിതാക്കൾ അതിനു സമ്മതി നല്കി. ഫ്ലോറൻസ് അവരോടുകൂടി യാത്രപുറപ്പെട്ടു.

ഈജിപ്തിലെ ആ യാത്രകൊണ്ട് ഫ്ലോറൻസിന് ഒരു ഗുണവുമുണ്ടായില്ല, അവളുടെ ഇംഗിതമനുസരിച്ച് പ്രവത്തിച്ചില്ലെങ്കിൽ ഫ്ലോറൻസിന് ചിത്തഭ്രമം ബാധിക്കുമോ എന്നുപോലും സെലീനാ ഭയന്നു. തൻെറ സ്വന്തം ഉത്തരവാദിത്വത്തിൽ ഫ്ലോറൻസിനെ കെയ്സേർസ്‌വേർത്ത് സന്ദർശനത്തിന്നയയ്ക്കുവാൻ സെലീനാ തീരുമാനിച്ചു.

അവർ ബേർലിനിലെത്തി. ഫ്ലോറൻസ് ബേർലിനിലെ ആസ്പത്രികളും ആതുരശാലകളും സന്ദർശിയ്ക്കുവാൻ തുടങ്ങി. ആ സ്ഥാപനങ്ങളിലെ കാഴ്ചകൾ അവളുടെ മനസ്സിനെ തട്ടിയുണത്തി. ജൂലൈ 31–ാംനു- ഫ്ലോറൻസ് അവളുടെ ഒരു പരിചാരികയോടുകൂടി കെയ്സേർസ്‌വേത്തിലെത്തി. അന്നു രാത്രി അവർ ഒരു സത്രത്തിൽ താമസിച്ചിട്ടു, പിറേറന്നു ഫ്ലോറൻസ് പാസ്റ്റർഫ്ലീഡ്നറിനെ ചെന്നുകണ്ടു. അദ്ദേഹം ഫ്ലോറൻസിനെ തൻെറ സ്ഥാപനത്തിലെടുക്കാമെന്നു സമ്മതിച്ചു. തൻെറ പരിചാരികയെ സെലീനായും ഭത്താവും താമസിച്ചിരുന്ന സ്ഥലത്തേയ്ക്ക് അവൾ പറഞ്ഞയച്ചു.

ഫ്ലോറൻസ് രണ്ടാഴ്ചകൾ കെയ്സേർസ്‌വേത്തിൽ താമസിച്ചു. ആ സ്ഥാപനത്തിൻെറ പ്രവത്തനം കണ്ടുമനസ്സിലാ

ക്കയും, ശിശുക്കളെ പരിചരിയ്ക്കുകയും ചെയ്കതല്ലാതെ രോഗാതുര പരിചരണമൊന്നും ഫ്ലോറൻസ്സ ചെയ്തില്ല. കെയ്സേർസ്വേത്തിലെ ആസ്പത്രിയിൽ യാതൊരു വക ദുർഗ്ഗന്ധവും അവൾ കണ്ടില്ല. അവിടത്തെ പ്രധാന ഭിഷക്ക് ഒരു സ്ത്രീയായിരുന്നു. പുരുഷന്മാരായ ഡോക്ടർമാർ ആരുംതന്നെ ആസ്പത്രിയിൽ താമസിച്ചിരുന്നില്ല. പുരുഷന്മാരായ രോഗികളുടെ ശാരീരികാവശ്യങ്ങൾ നിർവ്വഹിച്ചു കൊടുത്തിരുന്നത് പുരുഷന്മാരായ നേഴ്സുമാർ തന്നെയായിരുന്നു.

ഓഗസ്റ്റ് 13-ാംനു- ഫ്ലോറൻസ് കെയ്സേർസ്വേത്ത് വിട്ടു. അവളുടെ കായികവും മാനസികവുമായ ശക്തികൾ രണ്ടാഴ്ചകൾകൊണ്ടു തനിയ്ക്കു തിരിച്ചുകിട്ടിയതായി അവൾക്ക് അനുഭവപ്പെട്ടു. കെയ്സേർസ്വേത്തിലെ അത്ഭുതകരമായ പ്രവർത്തനങ്ങളേയും, ഇംഗ്ലണ്ടിലെ 'സമയം കൊല്ലി'കളായ വനിതകൾക്കു കെയ്സേർസ്വേർത്തു നല്കുന്ന സന്ദേശത്തെയുംപററി പ്രതിപാദിയ്ക്കുന്നതായ 32 പെയ്ജുകളുള്ള ഒരു ലഘുലേഖ ഒരാഴ്ചകൊണ്ടു ഫ്ലോറൻസ് എഴുതി സെലീനായുടെ ഭത്താവിന് അയച്ചുകൊടുത്തു. അദ്ദേഹം ഈ ലഘുലേഖ 1851-ൽ അച്ചടിച്ചു പ്രസിദ്ധം ചെയ്കയുണ്ടായി.

ഓഗസ്റ്റ് 21-ാംനു- ഫ്ലോറൻസ് "ലീഹേഴ്സ്റ്റി"ൽ തിരിച്ചെത്തി. പക്ഷെ, ആ പ്രത്യാഗമനസന്തോഷം കുറച്ചു നേരത്തേയ്ക്കുമാത്രമേ നീണ്ടുനിന്നുള്ളു. പുത്രിയുടെ കെയ്സേർസ്വേർത്ത് സന്ദർശനത്തെപ്പററി അറിഞ്ഞപ്പോൾ ഫാനി കുപിതയായി. അധിക്ഷേപശരങ്ങൾ വീണ്ടും വഷിയ്ക്കപ്പെട്ടു. ഫ്ലോറൻസിൻെറ ജീവിതം വീണ്ടും ക്ലേശനിർഭരമായിത്തീർന്നു.

അധ്യായം 5

# അവിചാരിതപ്രതിബന്ധങ്ങൾ

സ്വജനങ്ങളുടെ ശകാരങ്ങളും മർദ്ദനങ്ങളും വർദ്ധിച്ചതോടുകൂടി ഫ്ലോറൻസിന് അവരോടുണ്ടായിരുന്ന മമതയ്ക്കും മാററം വന്നുതുടങ്ങി. തൻെറ ജീവിതലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടി സ്വജനങ്ങളെ ആശ്രയിയ്ക്കുന്നതു ശരിയല്ലെന്നും, അവരിൽനിന്ന് ആനുകൂല്യങ്ങളും ആശിസ്സുകളും ആശിയ്ക്കുന്നത് അസ്ഥാനത്താണെന്നും, അതുകൊണ്ടു സ്വയമായി പ്രവത്തിയ്ക്കുന്നതാണ് തൻെറ ലക്ഷ്യപ്രാപ്തിയെ സഹായിക്കുന്ന ഏകമാർഗ്ഗമെന്നും അവൾ കണ്ടു. കെയ്സേർസ്‌വേർത്തിലേയ്ക്കു വീണ്ടും പോകുന്നതിനു ഫ്ലോറൻസു തീച്ചയാക്കി.

ആസ്പത്രികളെപ്പററിയുണ്ടായിരുന്ന പൊതുജനാഭിപ്രായത്തിനു മാററം വന്നുകഴിഞ്ഞിരുന്ന ഒരു സമയമായിരുന്നു അത്. ഹെർബട്ട്, ബൺസെൻ, ബ്രെയ്സ്‌ബ്രിഡ്ജ് ആദിയായവർ ആനുകൂല്യം പ്രദർശിപ്പിച്ച ഒരു വിഷയത്തോടു ഫാനിയ്ക്ക് ഇനിയും ചെറുത്തുനില്ക്കുക സാദ്ധ്യമല്ലെന്നായി. ഫ്ലോറൻസ് കെയ്സേർസ്‌വേർത്തിലേയ്ക്കു പോകുന്നതിന് അനുവാദം നല്കുവാൻ ഫാനി നിർബ്ബന്ധിതയായി. പക്ഷേ അവൾ കെയ്സേർസ്‌വേർത്തിലേയ്ക്കാണ് പോകുന്നതെന്ന് ആരുമറിയരുതെന്നായി ഫാനിയുടെ ഇപ്പോഴത്തെ ശാഠ്യം. മാത്രമല്ല, മൂന്നു മാസങ്ങളിലധികം ഫ്ലോറൻസ് അവിടെ താമസിയ്ക്കരുതെന്നും അവൾക്കു നിർബ്ബന്ധമായിരുന്നു.

ആസ്പത്രിയോടനുബന്ധിതമായിരുന്ന അനാഥശിശുമന്ദിരത്തിലായിരുന്നു ഫ്ലോറൻസ് കെയ്സേർസ്‌വേത്തിൽ താമസിച്ചത്. ആ അനാഥമന്ദിരത്തിലെ ശിശുക്കളുടെ പരിചരണവും ആസ്പത്രിയിലെ ജോലികളും പരിശീലിയ്ക്കുവാൻ ഈ സന്ദർഭം ഫ്ലോറൻസ് ഉപയോഗപ്പെടുത്തി. ആസ്പത്രിയിൽ ചെയ്യപ്പെട്ടിരുന്ന ശസ്ത്രക്രിയകളും അവൾ നേരിട്ടുകണ്ടു മനസ്സി

ലാക്കി. അവളുടെ ആ താമസത്തിന്റെ അവസാനഘട്ടത്തിൽ ഹെർബർട്ട് ദമ്പതികൾ അവളെ സന്ദർശിച്ചു. 1851 ഒക്ടോബർ 8-ാംനു- ഫ്ലോറൻസ് തന്റെ മാതാവിന്റെയടുത്തു തിരിച്ചെത്തി.

കേയ്സേർസ്‌വേർത്തിലെ പരിശീലനം രോഗാതുരപരിചരണത്തിനു ഫ്ലോറൻസിലുണ്ടായിരുന്ന അഭിലാഷത്തെ അനേകശതം വർദ്ധിപ്പിച്ചു. ലണ്ടനിലെ ഒരു വലിയ ആസ്പത്രിയിൽപോയി കൂടുതൽ പരിശീലനം സമ്പാദിക്കുവാൻ അവളുടെ ഹൃദയം വെമ്പൽകൊണ്ടു. പക്ഷെ, തന്റെ കുടുംബാംഗങ്ങളെ പ്രീതിപ്പെടുത്തുവാൻവേണ്ടി ആ ആഗ്രഹത്തെ അവൾക്കു കടിഞ്ഞാണിട്ടു നിയന്ത്രിക്കേണ്ടിവന്നു.

1852-ൽ ഫ്ലോറൻസ് റോമൻകത്തോലിക്കു സഭയിലെ ഒരു വൈദികനായിരുന്ന ഫാദർ മാനിങ്ങുമായി പരിചയപ്പെടുന്നതിനിടയായി. ആ പരിചയബന്ധം പ്രബലപ്പെട്ടതോടുകൂടി രോഗാതുരപരിചരണത്തിനുവേണ്ടിയുള്ള തന്റെ അഭിലാഷത്തെയും, എന്നാൽ ആ വിഷയത്തിൽ തന്റെ കുടുംബാംഗങ്ങൾ പ്രദർശിപ്പിച്ചിരുന്ന വെറുപ്പിനേയും എതിർപ്പിനേയും ഫ്ലോറൻസ് ഫാദർ മാനിങ്ങിനെ അറിയിച്ചു. സന്യാസികളായ സ്ത്രീകൾ രോഗാതുരപരിചരണം ചെയ്തിരുന്നതും, സദാചാരപരമായ വിപത്തുകളില്ലാതിരുന്നതുമായ ഒരു കത്തോലിക്കാസ്പത്രിയിൽ ഫ്ലോറൻസിനു വേണമെങ്കിൽ പ്രവേശനം വാങ്ങിക്കൊടുക്കാമെന്ന് അദ്ദേഹം അവളോടു പറഞ്ഞു. 1852-ൽ അദ്ദേഹം സുനിശ്ചിതമായ ഒരു നിർദ്ദേശം ഫ്ലോറൻസിനുനല്കി. ഫ്ലോറൻസിന്റെ ആഗ്രഹത്തെ അദ്ദേഹം ചില സ്ഥാപനഭാരവാഹികളെ അറിയിച്ചെന്നും, ഡബ്ലിനിലെ "സിസ്റ്റേഴ്സ് ഓഫ് മേഴ്സി" (Sisters of Mercy) സഹോദരികളും, പാരീസിലെ "സിസ്റ്റേർസ് ഓഫ് ചാരിററി" (Sisters of Charity) സഹോദരികളും നടത്തിയിരുന്ന ആസ്പത്രികളിൽ ഫ്ലോറൻസിനു രോഗപരിചരണപരിശീലനത്തിനുള്ള പ്രവേശനം ഏർപ്പാടുചെയ്തിട്ടുണ്ടെന്നും, വേണമെങ്കിൽ അവൾക്കു പോകാമെന്നുമായിരുന്നു ആ നിർദ്ദേശം.

ഫാദർ മാനിങ്ങിന്റെ നിർദ്ദേശം സ്വീകരിക്കുവാൻതന്നെ ഫ്ലോറൻസ് തീർച്ചയാക്കി. ആദ്യം ഡബ്ലിനിലേക്കും, അന

ന്തരം പാരീസിലേയ്ക്കു പോകുവാൻ അവൾ നിശ്ചയിച്ചു. ഈ വിവരം അറിഞ്ഞപ്പോൾ ഫാനിയും "പാത്തെ"യും വീണ്ടും ക്ഷുഭിതരായി. ഡബ്ലിനിലേയ്ക്കും പാരീസിലേയ്ക്കും പോകണമെന്നുണ്ടായ ആശയം തൻെറ മാതാവിൻെറയും സഹോദരിയുടെയും മദ്ദനംമൂലം ഫ്ലോറൻസിനു നിരാകരിയ്ക്കേണ്ടിവന്നു.

"ഫ്ലോ"യുടെ സ്നേഹിതർ ഭയാക്രാന്തരായി. ഫാനി ഫ്ലോറൻസിനോട് അനുവത്തിച്ചിരുന്ന നയം നിന്ദ്യവും നിദ്ദയവുംമാത്രമല്ല, അത് ഉന്മാദപരവുംകൂടിയാണെന്ന് അവക്കു തോന്നി. ഫാനി ഇഷ്ടപ്പെടുന്നില്ല എന്ന കാരണത്താൽ, "ഫ്ലേ"യുടെ ഉൽകൃഷ്ടമായ കഴിവുകളെയും ജീവിതത്തെത്തന്നെയും നിഹനിച്ചുകളയുന്നത് അക്രമമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ഓണ്ട്മേയ്ക്കും മിസിസ് ബ്രെയ്സ്ബ്രിഡ്ജിനും ഈ വിഷയത്തിൽ ഇടപെടേണ്ടതു തങ്ങളുടെ കടമയായി തോന്നി. അവർ ഫാനിയെ സമീപിച്ചു ന്യായവാദങ്ങൾ ചെയ്തു. എന്നാൽ ഫാനിയിൽ ഒരു ആശയപരിവത്തനംവരുത്തുവാൻ അവക്കു കഴിഞ്ഞില്ല.

ഫ്ലോറൻസിനെ സാലിസ്ബറി ആസ്പത്രിയിൽ പ്രവേശിപ്പിയ്ക്കുവാൻ 1845-ൽ ശ്രമംചെയ്ത ഡോക്ടർ ഫൌളറും അദ്ദേഹത്തിൻെറ പത്നിയും ഡബ്ലിനിലേയ്ക്കു പോകുന്ന ഒരു സന്ദർഭമായിരുന്നു അത്. അവർ ഫ്ലോറൻസിനെയും തങ്ങളുടെകൂടെ കൊണ്ടുപോകുവാൻ ഫാനിയുടെ അനുവാദം ആവശ്യപ്പെട്ടു. ഫാനി അനുമതി നല്കി. ഡബ്ലിനിലെത്തുമ്പോൾ ഫാദർ മാനിങ്ങിൻെറ ശുപാർശിയോടുകൂടി അവിടത്തെ "സിസ്റ്റേഴ്സ് ഓഫ് മേഴ്സി" സന്ന്യാസിനികൾ നടത്തിയിരുന്ന ആസ്പത്രിയിൽ പ്രവേശിച്ചു പരിശീലനം സമ്പാദിയ്ക്കാമെന്നു ഫ്ലോറൻസും നിശ്ചയിച്ചു.

പക്ഷെ, ഡബ്ലിനിലെത്തിയപ്പോൾ ആ ആസ്പത്രിക്കെട്ടിടങ്ങളുടെ പുനരുദ്ധാരണജോലികൾ നടന്നുകൊണ്ടിരുന്ന സന്ദർഭമായിരുന്നതിനാൽ ഫ്ലോറൻസിനു പരിശീലനത്തിനുള്ള സൌകര്യം ലഭിച്ചില്ല. എങ്കിലും, അവൾ ഡബ്ലിനിലെ മററുള്ള ആസ്പത്രികൾ സന്ദർശിയ്ക്കുന്നതിന് ആ സന്ദർഭം വിനിയോഗിച്ചു.

1852 ഒക്ടോബറിൽ പാരീസിലേയ്ക്കു പോകുവാനും, ഫാദർ മാനിങ്ങിൻെറ സഹായത്തോടുകൂടി പാരീസിലെ "സ്വ

സ്റ്റേഴ്സ് ഓഫ് ചാരിററി'' സന്യാസിനികൾ നടത്തിക്കൊണ്ടിരുന്ന ആസ്പത്രികളിൽ പരിശീലനം സമ്പാദിയ്ക്കുവാനും, ഫ്ലോറൻസ് തീരുമാനിച്ചു. പക്ഷെ, ധനപരമായ ചില ബുദ്ധിമുട്ടുകൾകൊണ്ടു, ഫാനിയുടെ അനുമതിയില്ലാതെ അവൾക്കു പാരീസിലേയ്ക്കു പോകുക സാദ്ധ്യമായിരുന്നില്ല. പുത്രിയുടെ ആ പുതിയ സംരംഭത്തെയും ഫാനി വീറോടുകൂടി എതിർത്തു. വീണ്ടും "ഫ്ലോ"യുടെ ക്ഷേമകാംക്ഷികളായ ഹെർബട്ട്, ബെൺസെൻ, ബ്രെയ്സ്ബ്രിഡ്ജ് മുതലായവർ ഫാനിയുടെ അടുത്തെത്തി ഫ്ലോറൻസിനുവേണ്ടി വാദിച്ചു. തൽഫലമായി, മകളുടെ ഇംഗിതത്തിനു ഫാനി വഴിപ്പെടേണ്ടിവന്നു. ഫ്ലോറൻസിൻെറ ആഗമനത്തെപ്പററി ഫാദർ മാനിങ്ങ് പാരീസിലെ സന്യാസിനികൾക്ക് എഴുതി അയച്ചു. അപ്പോൾ നൈററിൻഗെയ്ൽ കുടുംബത്തോടു രക്തബന്ധമുള്ള ഒരു വൃദ്ധസ്ത്രീയ്ക്ക് രോഗം മൂർച്ഛിച്ചതുകൊണ്ടു പാരീസിലേയ്ക്കുള്ള യാത്ര "ഫ്ലോ"യ്ക്കു നീട്ടിവെയ്ക്കേണ്ടിവന്നു.

മേരി ക്ലാക്ക് ജൂലിയസ്മോളിനെ വിവാഹംചെയ്തു പാരീസിൽ താമസിയ്ക്കുകയായിരുന്നു. 1854 ഫിബ്രവരി 4-ാംനു ഫ്ലോറൻസ് മേരി ക്ലാക്കിൻെറ അടുത്തെത്തി. ഒരു മാസത്തോളം മേരി ക്ലാക്കിൻെറ അടുത്തു താമസിച്ചുകൊണ്ടു പാരീസിലുള്ള എല്ലാ ആസ്പത്രികളുടെയും ഒരു പര്യവേക്ഷണം നടത്താമെന്നായിരുന്നു ഫ്ലോറൻസിൻെറ ഉദ്ദേശം. ഫ്ലോറൻസിനു പാരീസിലെ എല്ലാ ആസ്പത്രികളിലും യഥേഷ്ടം കടന്നുചെല്ലുന്നതിനുള്ള രേഖാമൂലമായ ഒരു അനുമതി ജൂലിയസ് മോൾ ഗവമ്മേണ്ടധികൃതരിൽനിന്നു വാങ്ങിക്കൊടുത്തു. ആസ്പത്രികളുടെ സന്ദർശനത്തിനുശേഷം ഫാദർ മാനിങ്ങിൻെറ സഹായത്തോടുകൂടി തനിയ്ക്കു പാരീസിലെ "സിസ്റ്റേഴ്സ് ഓഫ് ചാരിററി'' സന്യാസിനികൾ നടത്തിക്കൊണ്ടിരുന്ന ആസ്പത്രിയിൽ പരിശീലനാർത്ഥം പ്രവേശിയ്ക്കാമെന്നും അവൾ കരുതി.

ഒരു മാസത്തോളം ഫ്ലോറൻസ് പാരീസിലെ ആസ്പത്രികളും അഗതിമന്ദിരങ്ങളും സന്ദർശിയ്ക്കുന്നതിലും, ആസ്പത്രികളിൽ ഡോക്ടർമാർ രോഗികളെ പരിശോധിയ്ക്കുന്ന രീതികളും ശസ്ത്രക്രിയകളുടെ സമ്പ്രദായങ്ങളും മനസ്സിലാക്കുന്നതിലുംകഴിച്ചുകൂട്ടി. താൻ സന്ദർശിച്ച ആസ്പത്രികളെപ്പററി സവിസ്തര

മായ വിവരങ്ങൾ അവൾ കുറിച്ചെടുത്തു. ആസ്പത്രികളെസ്സംബന്ധിച്ച പല വിവരങ്ങളും ശേഖരിയ്ക്കുവാൻവേണ്ടി അവൾ ഒരു പ്രശ്നാവലി തയ്യാറാക്കയും അവ ഫ്രാൻസിലെയും ജമ്മനിയിലെയും ഇംഗ്ലണ്ടിലെയും ആസ്പത്രികളിലേയ്ക്കു് അയച്ചുകൊടുക്കയുംചെയ്തു. യൂറോപ്പിലെ എല്ലാ ആസ്പത്രികളെയും, ആ ആസ്പത്രികളിലോരോന്നിലുമുണ്ടായിരുന്ന നേഴ്സിങ്ങ് ഏർപ്പാടുകളെയുംപററിയുള്ള പൂണ്ണമായ വിവരങ്ങളും അവൾ സമ്പാദിച്ചു. ഒരു മാസത്തിനുള്ളിൽ ഫ്ലോറൻസ് സമാഹരിച്ച വിവരങ്ങൾ ആസ്പത്രിയെസ്സംബന്ധിച്ച് വിവരങ്ങളിൽ അവളെ അഭിജ്ഞയാക്കിത്തീക്കുക മാത്രമല്ല, അവളെ തദ്വിഷയത്തിൽ ഒരു വിദഗ്ദ്ധയാക്കിത്തീക്കുകകൂടി ചെയ്തു.

"സിസ്റ്റേഴ്സ് ഓഫ് ചാരിററി" സന്യാസിനികളുടെ ആസ്പത്രിയിൽ ഫ്ലോറൻസിനു ചേരുവാനുള്ള സമയം സമാഗതമായി. അവൾ ആ ആസ്പത്രിസ്ഥാപനങ്ങളുടെ ആധിപത്യം വഹിച്ചിരുന്ന റവ: മദറിനെ ചെന്നുകണ്ടു പ്രവേശനത്തിനുള്ള തീയതിയും നിശ്ചയിച്ചു. പക്ഷെ, ആ നിശ്ചിതതീയതിയുടെ തലേദിവസം നിയതി വീണ്ടും അവൾക്കു പ്രതികൂലമായി ത്തീർന്നു. അവളുടെ അമ്മുമ്മയ്ക്കു രോഗം കലശലാണെന്നും അതുകൊണ്ടു് ഉടനെ ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെടണമെന്നുമുള്ള ഒരു സന്ദേശം ഫ്ലോറൻസിനു ലഭിച്ചു. അവൾ ഉടനെ ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചുപോയി.

തൻെറ ഹൃദയാഭിലാഷങ്ങളുടെ സാക്ഷാല്ക്കാരത്തിനും ജീവിതലക്ഷ്യങ്ങളുടെ പ്രാപ്തിയ്ക്കും വലിയൊരു പ്രതിബന്ധമായി നിന്നിരുന്ന തൻെറ കുടുംബവുമായുള്ള ബന്ധം അവസാനിപ്പിയ്ക്കുവാൻതന്നെ അവൾ തീച്ചയാക്കിയിരുന്നു. അതുകൊണ്ടു, പാരീസിലെ തൻെറ പരിശീലനത്തിനുശേഷം ഒരു ജോലിയിൽ പ്രവേശിയ്ക്കണമെന്നു ഫ്ലോറൻസ് തീരുമാനിച്ചു. അവളുടെ സ്നേഹിതകൾക്കും ആ അഭിപ്രായംതന്നെയാണുണ്ടായിരുന്നതു്. അവർ ഫ്ലോറൻസിനു യോജിച്ചതായ ഒരു ജോലി അന്വേഷിയ്ക്കുന്നുമുണ്ടായിരുന്നു. സാമ്പത്തികകഴിവുകളില്ലാതിരുന്ന കുലീനകുടുംബങ്ങളിലെ സ്ത്രീകൾക്കു് രോഗബാധയുണ്ടായാൽ അവരെ ശുശ്രൂഷിയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു സ്ഥാപനം മഹിളകളുടെ ഒരു കമ്മിററി ഇംഗ്ലണ്ടിൽ നടത്തുന്നുണ്ടായിരുന്നു

രുന്നു. അതിൻെറ ഭരണസാരഥ്യം വഹിയ്ക്കുവാൻ ശരിയായ ആളില്ലാതിരുന്നതുകൊണ്ടു് അതിൻെറ പ്രവൎത്തനത്തിനു സാരമായ കോട്ടംതട്ടിയിരുന്നു. കമ്മിററിയുടെ അദ്ധ്യക്ഷയായിരുന്ന ലേഡി കാനിങ്ങ് ആ സ്ഥാപനത്തിന് ഒരു സൂപ്രണ്ടിനെ അന്വേഷിച്ചുനടക്കുകയുമായിരുന്നു. കമ്മിററിയിലെ ഒരംഗമായ ലിസ്സ് ഹെർബെട്ട് ഫ്ലോറൻസിനെ ആ സ്ഥാപനത്തിൻെറ സൂപ്രണ്ടായി നിയമിയ്ക്കുന്നതു നന്നായിരിയ്ക്കുമെന്നു് അഭിപ്രായപ്പെട്ടു. തങ്ങളുടെ സ്ഥാപനത്തിൻെറ സൂപ്രണ്ടായിരിയ്ക്കാമോ എന്നു ചോദിച്ചുകൊണ്ടു ലേഡി കാനിങ്ങ് ഫ്ലോറൻസിന് എഴുതി. തൻെറ ഇഷ്ടാനുസരണം സ്ഥാപനം ഭരിയ്ക്കുവാനുള്ള പൂൎണ്ണമായ സ്വാതന്ത്ര്യംനല്കുയാണെങ്കിൽ സൂപ്രണ്ടിൻെറ ജോലി സ്വീകരിയ്ക്കാമെന്നു ഫ്ലോറൻസ് മറുപടിനല്കി. സ്ഥാപനത്തിനുവേണ്ടിയുള്ള ഒരു പുതിയ കെട്ടിടം പൂൎത്തിയായ ഉടനെ ഫ്ലോറൻസ് ജോലിയിൽ പ്രവേശിയ്ക്കുവാൻ കമ്മിററി നിൎദ്ദേശിച്ചു. പക്ഷെ, കെട്ടിടം പൂൎത്തിയാകുവാൻ കുറച്ചുകൂടി കാലവിളംബം ഉണ്ടായിരുന്നതുകൊണ്ടു, പാരീസിലേയ്ക്കുപോയി രോഗാതുരപരിചരണത്തിലുള്ള തൻെറ പരിശീലനം പൂൎത്തിയാക്കാമെന്നു ഫ്ലോറൻസ് തീരുമാനിച്ചു.

1853 മെയ് 30-ാംനു- ഫ്ലോറൻസ് പാരീസിലേയ്ക്കു പുറപ്പെട്ടു. ജൂൺ 8-ാംനു- അവൾ "സിസ്റ്റേഴ്സ് ഓഫ് ചാരിററി" സന്യാസിനികളുടെ ആസ്പത്രിയിൽ പരിശീലനത്തിനു ചേൎന്നു. പക്ഷെ, രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവളെ "പോളൻ" എന്ന രോഗം ബാധിച്ചു. മേരി ക്ലാൎക്ക് അപ്പോൾ ഇംഗ്ലണ്ടിലായിരുന്നതുകൊണ്ടു ജൂലിയസ് മോൾ ഫ്ലോറൻസിൻെറ രോഗം ഭേദമായ ഉടനെ അവളെ കൂട്ടിക്കൊണ്ടുപോയി തൻെറ കൂടെ താമസിപ്പിച്ചു. അനന്തരം അവൾ ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി. എന്നാൽ തൻെറ മാതാപിതാക്കന്മാരുടെ അടുക്കലേയ്ക്കു പോകാതെ, അവൾ താമസസൌകൎയ്യമുള്ള ഒരു കെട്ടിടമെടുത്ത് അവിടെ താല്ക്കാലികമായി താമസമുറപ്പിച്ചു. താൻ ഭരണഭാരം ഏറെറടുക്കുവാൻ നിശ്ചയിച്ച രോഗപരിചരണസ്ഥാപനത്തിൻെറ കെട്ടിടങ്ങളുടെ പണി പൂൎത്തിയായതുകൊണ്ടു്, ആ സ്ഥാപനം സ്ഥിതിചെയ്തിരുന്ന നമ്പർ 1, ഹാർലി സ്റ്റ്റീററിലേയ്ക്കു് 1853 ഓഗസ്റ്റ് 12-ാംനു- ഫ്ലോറൻസ് താമസം മാററി.

അധ്യായം 6

# പ്രത്യുദ്ധാരണജോലിയിൽ

"ഹാർലി സ്ല്ീററി''ലെ രോഗപരിചരണസ്ഥാപനത്തിൻെറ ആധിപത്യം തന്നിൽ അർപ്പിയ്ക്കപ്പെട്ടതോടുകൂടി ആ സ്ഥാപനത്തെ സമുദ്ധരിയ്ക്കുവാനുള്ള യത്നങ്ങളിലാണ് ഫ്ലോറൻസിൻെറ ശ്രദ്ധ ഉടനെ പതിഞ്ഞതു്. ചെറിയൊരു ആസ്പത്രിയായിരുന്ന പ്രസ്തുതസ്ഥാപനത്തിൻെറ പ്രവൎത്തനം കാര്യക്ഷമമാക്കിത്തീർക്കുവാനുള്ള നടപടികൾ അവർ സ്വീകരിച്ചു. ആസ്പത്രിയിൽ അവശ്യം വേണ്ടിയിരുന്ന പല പരിഷ്കരണങ്ങളും വരുത്തുവാൻ അവർ കമ്മിററികളുടെ അനുവാദം ആവശ്യപ്പെട്ടു.

പുരുഷന്മാരുടെയും സ്ത്രീകളുടെയും ഓരോ കമ്മിററികളാണ് ആ സ്ഥാപനത്തിൻെറ ഭരണഭാരം വഹിച്ചുകൊണ്ടിരുന്നതു്. പക്ഷേ, ഭരണപരമായ യാതൊരു പരിചയവും അവൎക്കുണ്ടായിരുന്നില്ല. ധനസംബന്ധമായ കാര്യങ്ങൾ നിൎവ്വഹിച്ചുകൊണ്ടിരുന്നതു പുരുഷന്മാരുടെ കമ്മിററിയായിരുന്നു. വരവുചിലവു കണക്കുകളൊന്നും നിഷ്കൃഷ്ടയോടുകൂടി സൂക്ഷിയ്ക്കപ്പെട്ടിരുന്നില്ല. രണ്ടു കമ്മിററികളും തമ്മിൽ എപ്പോഴും ശണ്ഠ കൂടുകയായിരുന്നു പതിവ്. തന്മൂലമുള്ള അഭിപ്രായഭിന്നതകൾ മൂലം ആസ്പത്രിയ്ക്കു യാതൊരു പുരോഗതിയുമുണ്ടായില്ല.

ആസ്പത്രിയുടെ രണ്ടാമത്തെ നിലയിലായിരുന്നു രോഗികൾ ശയിച്ചിരുന്നതു്. അവൎക്കാവശ്യമായ ആഹാരവും മററും താഴെനിന്നു് മുകളിലത്തെ നിലയിലേയ്ക്കു കൊണ്ടുപോകേണ്ടിയിരുന്നു. അതൊരു സമയനഷ്ടം മാത്രമല്ല, നേഴ്സുമാൎക്കു കൂടുതൽ ക്ലേശകരവുമായിരുന്നു. അതുകൊണ്ടു് ആസ്പത്രിയിൽ "ലിഫ്ററു"സമ്പ്രദായം ഏർപ്പെടുത്തണമെന്നു ഫ്ലോറൻസ് കമ്മിററിയോടു് ആവശ്യപ്പെട്ടു. ഇതുപോലെയുള്ള

മററു പരിഷ്കരണങ്ങളെപ്പററിയും അവൾ കമ്മിററിക്കു നിർദ്ദേശങ്ങൾ നല്കി. അവ സ്വീകരിക്കാതിരിക്കുവാൻ കമ്മിററിക്കു നിവ്വാഹമുണ്ടായിരുന്നില്ല.

ഫ്ലോറൻസ് ജോലിയിൽ പ്രവേശിച്ചയാഴ്ചയിൽതന്നെ കമ്മിററികളുമായി ഒരു സംഘട്ടനത്തിനു കാരണമുണ്ടായി. ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ അംഗങ്ങൾക്കുമാത്രമേ ആസ്പത്രിയിൽ പ്രവേശനം അനുവദിച്ചുകൂടൂ എന്നായിരുന്നു കമ്മിററികളുടെ നിർബ്ബന്ധം. എന്നാൽ രോഗികളുടെ മതം നോക്കിയല്ല അവക്ക് ആസ്പത്രിയിൽ പ്രവേശനം നല്കേണ്ടതെന്നും, മതമേതായാലും രോഗം ബാധിച്ചവക്കെല്ലാം ആസ്പത്രിയിൽ പ്രവേശനം നല്കണമെന്നും, ഫ്ലോറൻസ് കമ്മിററിയോട് ആവശ്യപ്പെട്ടു. വലിയ എതിർപ്പ് ഈ വിഷയത്തിലുണ്ടായെങ്കിലും, ഫ്ലോറൻസിൻെറ ഈ നിർദ്ദേശവും കമ്മിററിക്കു സ്വീകരിക്കേണ്ടതായി വന്നു.

ആസ്പത്രിയിലെ പാചകശാലയിലാണ് ഫ്ലോറൻസിൻെറ ശ്രദ്ധ അനന്തരം പതിഞ്ഞത്. പല കൃത്രിമങ്ങളും അവിടെ നടന്നിരുന്നതായി അവൾ കണ്ടു. പല ആസ്പത്രികളിലും ഇന്നു ചെയ്യപ്പെടുന്നതുപോലെ അന്നും കൺട്രാക്ടർമാരാണ് പാചകശാലയിലേക്കുള്ള സാമാനങ്ങൾ നല്കിക്കൊണ്ടിരുന്നത്. സാമാനങ്ങളുടെ തൂക്കത്തിലും അളവിലുമെല്ലാം വലിയ കൃത്രിമങ്ങൾ അവർ ചെയ്തിരുന്നു. അവയെല്ലാം ഫ്ലോറൻസ് കണ്ടുപിടിക്കുകയും, കോൺട്രാക്ട് സമ്പ്രദായം നിറുത്തിക്കൊണ്ട്, ആസ്പത്രിയിലേക്കാവശ്യമായ സാമാനങ്ങൾ സത്യസന്ധരും പ്രശസ്തരുമായ കമ്പനികളിൽനിന്നു നേരിട്ട് ആവശ്യാനുസൃതം വാങ്ങുന്ന പതിവ് അവൾ ഏർപ്പെടുത്തുകയും ചെയ്തു.

ആസ്പത്രിയിലെ കട്ടിലുകൾ, മേശകൾ, അലമാരികൾ ആദിയായവയെല്ലാം ജീർണ്ണിച്ചവയും അഴുക്കുപിടിച്ചവയുമായിരുന്നു. അവയ്ക്കാവശ്യമായ ജീർണ്ണോദ്ധാരണവേലകൾ അവൾ ചെയ്യിക്കുകയും, തേച്ചു കഴുകി ശുദ്ധിവരുത്തുകയും ചെയ്തു. ആസ്പത്രിയിലെ വിവിധാവശ്യങ്ങൾക്കുവേണ്ടിയിരുന്ന തുണികളും, രോഗികൾ ഉപയോഗിച്ചിരുന്ന പുതപ്പുകളും അധികപക്ഷവും കീറിയവയും വൃത്തിശൂന്യവുമായിരുന്നു. അവയിൽ നിരാകരിക്കേണ്ടത് ഉപേക്ഷിക്കയും, ബാക്കിയുള്ളത് അലക്കിയും തയ്പി

ച്ചും ഉപയോഗയോഗ്യമാക്കിത്തീക്കയും പോരാതെ വന്നതു് പുതുതായി വാങ്ങിയ്ക്കുകയും ചെയ്തു. ഈ ആവശ്യങ്ങൾക്കായി കമ്മിററി നിയുക്തസംഖ്യയിൽ കൂടുതൽ വിനിയോഗിച്ചുകഴിഞ്ഞിരുന്നതുകൊണ്ടു, ഫ്ലോറൻസ് തൻെറ മാതാവിനെഴുതി തലയണ ഉറകൾ, മേൽവിരിപ്പുകൾ, പുതപ്പുകൾ ആദിയായവ സമ്പാദിച്ചു.

ആരംഭത്തിൽ കമ്മിററികൾക്കു ഫ്ലോറൻസിൻെറ പ്രവത്തനങ്ങളോടു് ഒരു പ്രാതികൂല്യമനോഭാവമാണുണ്ടായിരുന്നതെങ്കിലും, അതു സാവധാനം മാറിത്തുടങ്ങുകയും, ഫ്ലോറൻസിനു് അവരുടെമേൽ അനന്യസാധാരണമായ ഒരു സ്വാധീനശക്തി ഉണ്ടായിത്തീരുകയും ചെയ്തു. തന്മൂലം, ധനവ്യയകാര്യത്തിലും അവൾക്കൊരു നിയന്ത്രണശക്തി ഉണ്ടായി.

ആസ്സത്രിയിലെ അഴിമതിക്കാരായ ജോലിക്കാർ തങ്ങളുടെ അഴിമതികൾ പുറത്താകുന്നതിനു മുമ്പുതന്നെ രാജിവെച്ചു പിരിഞ്ഞു. രോഗികളിൽനിന്നു കൈക്കൂലി വാങ്ങിക്കൊണ്ടിരുന്ന "ഹൌസ് സർജൻ" ഫ്ലോറൻസ് ജോലിയിൽ പ്രവേശിച്ചു് ഒരു മാസം കഴിഞ്ഞപ്പോൾ ജോലി രാജിവെച്ചു. അയാളുടെ സ്ഥാനത്തേയ്ക്കു വേറൊരു ഡോക്ടരെ ഫ്ലോറൻസ് നിയമിച്ചു.

ആസ്സത്രിയിലെ നേഴ്സ്മാരുടെ നിയമനം നടത്തിക്കൊണ്ടിരുന്നതു സ്ത്രീകളുടെ കമ്മിററിയായിരുന്നു. ഫ്ലോറൻസ് ആ അധികാരം ആസ്സത്രിയിലെ ഡോക്ടർമാരിലേയ്ക്കു മാററി. രോഗികളെ ചികിത്സിയ്ക്കുവാനുള്ള പരിപൂണ്ണമായ ഉത്തരവാദിത്വം ഡോക്ടർമാക്കാണെന്നും, ആ വിഷയത്തിൽ കൈകടത്തുവാൻ കമ്മിററിയ്ക്കു യാതൊരു അർഹതയുമില്ലെന്നും ഫ്ലോറൻസ് നിശ്ചയിച്ചു. രോഗികൾക്കു് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അവ തന്നോടു നേരിട്ടു പറയണമെന്നും, മരിച്ചുപോകുമെന്ന ഘട്ടത്തിലല്ലാതെ ഒരു രോഗിയേയും രണ്ടു മാസത്തിൽ കൂടുതൽ ആസ്പത്രിയിൽ താമസിപ്പിയ്ക്കുയില്ലെന്നും, ഫ്ലോറൻസ് രണ്ടു പുതിയ നിയമങ്ങളുണ്ടാക്കി.

ആസ്പത്രിയുടെ പ്രവത്തനത്തിൽ മാത്രമല്ല ഫ്ലോറൻസ് വ്യാപൃതയായതു്. രോഗികളുടെ പരിചരണകൃത്യത്തിലും അവൾ ജാഗരൂകയായി. രോഗികളോടു് അവൾക്കുണ്ടായിരുന്ന

നിഷ്കാമമായ സ്നേഹവും ദയയും അവരുടെ ഹൃദയങ്ങളെ ഫ്ലോറൻസിലേയ്ക്കു ഹഠാദാകർഷിച്ചു. രോഗവിമുക്തിയ്ക്കുശേഷം ആസ്പത്രി വിട്ടുപോയിട്ടുള്ള അനേകമനേകം സ്ത്രീകളിൽനിന്നു ഫ്ലോറൻസിനു ദിനേനയെന്നോണം കിട്ടിക്കൊണ്ടിരുന്ന കത്തുകൾ അവൾക്കു ഫ്ലോറൻസിനോടുണ്ടായിരുന്ന ആരാധനാതുല്യമായ പ്രതിസ്നേഹത്തിൻെറയും കൃതജ്ഞതയുടെയും ഉത്തമരേഖകളായിരുന്നു.

അധഃപതിച്ചുകഴിഞ്ഞിരുന്ന ആ ആസ്പത്രിയെ പ്രത്യുദ്ധരിയ്ക്കുന്നതിലും, അതിനെ വിജയകരമായി ഭരിയ്ക്കുന്നതിലും തനിയ്ക്കുള്ള കഴിവു നിസ്സീമമായിരുന്നു എന്നു് ഏതാനും മാസങ്ങൾക്കുള്ളിൽ ഫ്ലോറൻസ് വ്യക്തമാക്കി. അവളുടെ സദ്യശസ്സ് ആ ആസ്പത്രിമന്ദിരത്തിൽനിന്നു വെളിയിലേയ്ക്കു വ്യാപിയ്ക്കുവാൻ തുടങ്ങി.

1854-ലെ വസന്തത്തിൽ, ആസ്പത്രികളിലെ നേഴ്സുമാരുടെ സ്ഥിതിഗതികളെ നന്നാക്കുവാൻവേണ്ടി അതിനു സഹായകമായ തെളിവുകളും വിവരങ്ങളും സമ്പാദിയ്ക്കുവാനായി ഫ്ലോറൻസ് മററുള്ള ആസ്പത്രികൾ സന്ദർശിച്ചു. ആ കൊല്ലം മെയ് 29-ാംനു- സിഡ്നിഹെർബട്ടിൻെറ ഭാര്യ ലിസ്സ് ഫ്ലോറൻസിനെഴുതിയ ഒരു കത്തിൽ ഇങ്ങിനെ പ്രസ്താവിച്ചിരുന്നു:—"..........ആസ്പത്രികളിൽ നിലകൊള്ളുന്ന അഴിമതികളെ ഉന്മൂലനം ചെയ്വാനായി വല്ല വസ്തുതകളും നല്കുവാൻ കഴിയുമോ എന്നു ഭവതിയ്ക്കെഴുതുവാൻ എൻെറ ഭർത്താവു് എന്നോടു് അവശ്യപ്പെട്ടിരിയ്ക്കുന്നു. നേഴ്സുമാരുടെ സ്ഥിതിഗതികളെപ്പററിയുള്ള യഥാർത്ഥവിവരങ്ങൾ ലഭിയ്ക്കുന്നപക്ഷം, അവരുടെ കുറഞ്ഞ ശമ്പളനിരക്കിനേയും അവരുടെ താമസത്തിനുള്ള അസൌകര്യങ്ങളെയും ദൂരീകരിയ്ക്കുവാനും, പൊതുജനാഭിപ്രായത്തെ തദ്വിഷയത്തിലേയ്ക്കു സമാകർഷിയ്ക്കുവാനും സാധിയ്ക്കുമെന്നു് അദ്ദേഹം പറയുന്നു."

ഈ വിഷയം ഫ്ലോറൻസും സിഡ്നി ഹെർബട്ടുമായി ദിവസേനയുള്ള കത്തിടപാടുകൾക്കു വഴി തെളിച്ചു. ഫ്ലോറൻസ് പല റിപ്പോർട്ടുകളും ഹെർബട്ടിനയച്ചു; അദ്ദേഹം കൂടുതൽക്കൂടുതൽ വിവരങ്ങൾ അവളിൽനിന്നു് ആവശ്യപ്പെട്ടു.

ആസ്പത്രികളിലെ നേഴ്സുമാരുടെ സ്ഥിതിഗതികൾ

നന്നാക്കുക അത്ര വിഷമരഹിതമായൊരു കൃത്യമായിരുന്നില്ല. നേഴ്സുമാരുടെ നിയമനംതന്നെ അക്കാലത്തു കൈക്കൂലികൊണ്ടോ സ്വജനപക്ഷപാതിത്വംകൊണ്ടോ ആണ് സാധിച്ചുകൊണ്ടിരുന്നതു്. നേഴ്സുമാരുടെ സ്ഥിതിഗതികൾ ഭേദപ്പെടുത്തണമെന്നോ ആസ്പത്രികൾ പരിഷ്കരിയ്ക്കണമെന്നോ അതിനുത്തരവാദികളായ വല്ല ഉദ്യോഗസ്ഥന്മാരും പറഞ്ഞിരുന്നെങ്കിൽ അവർക്ക് അവരുടെ ഉദ്യോഗങ്ങൾതന്നെ നഷ്ടപ്പെടുമായിരുന്നു. സുശിക്ഷിതരും, നേഴ്സിങ്ങിൽ നല്ല പരിചയവും പക്വതയും സിദ്ധിച്ചവരും, സ്വഭാവശുദ്ധിയുള്ളവരുമായ പുതിയ നേഴ്സുമാരാണ് അന്നത്തെ അടിയന്തരാവശ്യമെന്നു ഹെർബെട്ട ദമ്പതികളെപ്പോലെ മനസ്സിലാക്കയും, ആ അടിയന്തിരാവശ്യസാദ്ധ്യതയ്ക്കുവേണ്ടി യത്നിക്കയും ചെയ്തിരുന്നവർ അന്നു വളരെ കുറവായിരുന്നു.

രോഗാതുരപരിചരണവിഷയത്തിൽ പ്രാവീണ്യവും സ്വഭാവശുദ്ധിയും സേവനസന്നദ്ധതയുമെല്ലാം ഒത്തിണങ്ങിയ നേഴ്സുമാരെ എവിടെനിന്നാണ് സമ്പാദിയ്ക്കുകയെന്നതും അന്നു വലിയൊരു പ്രശ്നമായിരുന്നു. ഈ ഗുണഗണങ്ങളുള്ള നേഴ്സുമാർ അക്കാലത്തുണ്ടായിരുന്നില്ല. ആസ്പത്രികളിൽ മെയ്ട്രൻെറ ജോലി വഹിയ്ക്കുവാൻവേണ്ടി സമർത്ഥരും വിശ്വാസയോഗ്യരുമായ രണ്ടു നേഴ്സുമാരെ അയച്ചുകൊടുക്കണമെന്ന് പാരീസിൽവെച്ചു പരിചയപ്പെടുവാനിടയായ ഒരു ഡോക്ടർ 1854 ജൂൺമാസത്തിൽ ഫ്ലോറൻസിനെഴുതുകയുണ്ടായി. അദ്ദേഹം ആവശ്യപ്പെടുന്ന ഗുണഗണങ്ങളോടുകൂടിയ ഒരു നേഴ്സിനേയും താനറിയുകയില്ലെന്നാണ് ഫ്ലോറൻസ് അതിനു മറുപടി അയച്ചതു്. അക്കാലത്തുണ്ടായിരുന്ന നേഴ്സുമാരെ നന്നാക്കുവാനുള്ള ഏതൊരു പദ്ധതിയും തയ്യാറാക്കുന്നതിനുമുമ്പ്, മാന്യതയുള്ളവരും, വിശ്വാസയോഗ്യരും, സേവനസന്നദ്ധരും, രോഗാതുരപരിചരണം ശാസ്ത്രീയമായി പഠിച്ചവരും, സർവ്വോപരി സ്വഭാവശുദ്ധിയുള്ളവരുമായ നേഴ്സുമാരെ സൃഷ്ടിക്കുന്നതിന്, അതിന്നനുയോജ്യമായ ഒരു പരിശീലനവിദ്യാലയമാണ് ആദ്യം സ്ഥാപിക്കേണ്ടതെന്ന് ഫ്ലോറൻസു കണ്ടു. അതെ, പുതിയ രീതിയിലുള്ള നേഴ്സിനെ സംജാതമാക്കുകയാണ് തൻെറ പ്രഥമകർത്തവ്യമെന്ന് അവർ മനസ്സിലാക്കി.

തൻെറ ഈ ആശയത്തെ ആ ആസ്ഃപത്രിയിലെ സർജ്ജനായി വത്തിച്ചിരുന്ന ദേഹവും അക്കാലത്തെ പ്രഖ്യാതസർജ്ജന്മാരിലൊരാളുമായിരുന്ന ഡോക്റ്റർ ബൌമേനോട് ഫ്ലോറൻസ് പറഞ്ഞു. അദ്ദേഹം "ഹാർലി സ്ട്രീററി"ലെ ആസ്പത്രിയിൽവെച്ചു ചെയ്ത വിഷമമേറിയ ഒരു ശസ്ത്രക്രിയാവേളയിൽ അദ്ദേഹത്തിൻെറ നേഴ്സായി വർത്തിച്ചത് ഫ്ലോറൻസായിരുന്നു. ആ ആസ്പത്രിയുടെ പ്രത്യുദ്ധാരണത്തിനായി ഫ്ലോറൻസ് ചെയ്ത പ്രശസ്തകൃത്യങ്ങളെപ്പററിയും അദ്ദേഹത്തിന് നല്ല നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ട്, നേഴ്സിങ്ങിനുള്ള ഒരു വിദ്യാലയം സ്ഥാപിക്കണമെന്നുള്ള തൻെറ ആശയത്തെപ്പററി ഫ്ലോറൻസ് അദ്ദേഹത്തോടു പറഞ്ഞപ്പോൾ, ഫ്ലോറൻസ് അവളിലുള്ള അത്ഭുതശക്തികളെ ആ ചെറിയ ആസ്പത്രിക്കു വേണ്ടി പാഴാക്കിക്കളകയാണെന്നും, താൻ ഒരു ഉയർന്ന ഉദ്യോഗം വഹിക്കുന്ന "കിങ്ങ്സ് കോളേജ് ആസ്പത്രി" പുനരുദ്ധരിച്ചുവരികയാണെന്നും, അവിടെ നേഴ്സുമാരുടെ സൂപ്രണ്ടായി ഫ്ലോറൻസിനെ നിയമിച്ചുകിട്ടുവാൻ തൻെറ സ്വാധീനശക്തി അദ്ദേഹത്തിന് ഉപയോഗിക്കുവാൻ കഴിയുമെന്നും, ഫ്ലോറൻസ് ആ ഉദ്യോഗം സ്വീകരിച്ചാൽ അവൾ വിഭാവനംചെയ്യുന്ന രീതിയിലുള്ള പുതിയ നേഴ്സുമാരെ സൃഷ്ടിക്കുവാൻ സാധിക്കുമെന്നും ഡോക്റ്റർ ബൌമേൻ ഫ്ലോറൻസിനോടു പറഞ്ഞു. ഈ വിവരം മിസിസ് ഹെർബെട്ടും മിസിസ് ബ്രെയ്സ്ബ്രിഡ്ജും അറിഞ്ഞപ്പോൾ, "കിങ്ങ്സ് കോളേജ് ആസ്പത്രി"യിലെ ഉദ്യോഗം സ്വീകരിക്കുന്നതിന് അവർ ഫ്ലോറൻസിനെ നിർബ്ബന്ധിച്ചു. ഫ്ലോറൻസ് "കിങ്ങ്സ് കോളേജ് ആസ്ഃപത്രിയിൽ ഉദ്യോഗം സ്വീകരിക്കുവാൻ പോകുന്നു" എന്ന വാർത്ത ഫാനിയും "പാർത്തെ"യും കേട്ടു. അവർ രണ്ടു പേരും ആ അഭിപ്രായത്തിന് അനുകൂലികളായിരുന്നില്ല. അവിവാഹിതരായ മെഡിക്കൽ വിദ്യാർത്ഥികൾ, ലജ്ജാവഹമായ രോഗങ്ങൾ, ദുർമാർഗ്ഗികളായ കൂട്ടുകാർ, നീചനീചമായ പശ്ചാത്തലം എന്നിത്യാദി ഫാനിയും "പാർത്തെ"യും ആസ്ഃപത്രികളെപ്പററി പണ്ട് ഉന്നയിക്കാറുണ്ടായിരുന്ന ആക്ഷേപങ്ങൾതന്നെ അവർ ഇപ്പോഴും പുറപ്പെട്ടുവിക്കുവാൻ തുടങ്ങി. അവരുടെ ആക്ഷേപത്തിൻെറ ശക്തി

വർദ്ധിക്കുംതോറും "കിങ്ങ്സ് കോളേജ് ആസ്പത്രി"യിലെ ജോലി സ്വീകരിക്കുവാനുള്ള നിശ്ചയത്തിനും ഫ്ലോറൻസിൽ കൂടുതൽ പ്രാബല്യം ഉണ്ടായിത്തീർന്നു. പക്ഷെ, ആ ജോലി സ്വീകരിക്കുന്നതിനു മുമ്പ് നിയതി അവളെ മറെറാരു രംഗത്തിലേക്കാണ് നയിച്ചത്.

1854-ലെ ഗ്രീഷ്മകാലത്ത് ലണ്ടനിലെ വൃത്തിശൂന്യമായ കേന്ദ്രങ്ങളിൽ കോളറാ പൊട്ടിപ്പുറപ്പെട്ടു. ആസ്പത്രികളെല്ലാം കോളറാ ബാധിച്ചവരെക്കൊണ്ട് നിറഞ്ഞു. ആസ്പത്രികളിലെ പല നേഴ്സുമാരും രോഗം പകർന്ന് അന്തരിച്ചു. മററു പല നേഴ്സുമാർ രോഗബാധ ഭയന്ന് ആസ്പത്രികളിൽനിന്ന് ഓടിപ്പോയി. മിഡിൽസെക്സ് ആസ്പത്രിയിലെ കോളറാ ബാധിച്ചവർക്ക് നല്കപ്പെട്ടിരുന്ന പരിചരണങ്ങളുടെ മേൽനോട്ടം വഹിയ്ക്കുവാൻവേണ്ടി 1854 ഓഗസ്റ്റ് മാസം ഫ്ലോറൻസ് അവിടേയ്ക്കു പോയി. അവിടെയെത്തിയ ശേഷം രോഗികളെ പരിചരിക്കുന്നതിൽ ഫ്ലോറൻസ് അഹോരാത്രം ദത്തശ്രദ്ധയായി.

1854-ലെ ഗ്രീഷ്മകാലം ഫ്ലോറൻസ്നൈററിൻഗെയ്ലിൻെറ ജീവിതത്തിലെ ഒരദ്ധ്യായത്തിൻെറ പര്യവസാനം കുറിക്കുന്നു. "ഹാർലി സ്റ്റ്രീററിലെ ആസ്പത്രിക്കു പുറമെയുള്ള ലോകത്തിൽ ഒരു യുദ്ധത്തിൻെറ കാർമ്മേഘപടലങ്ങൾ വ്യാപിക്കുന്നുണ്ടായിരുന്നു. 1854-ൽ ഇംഗ്ലണ്ടും ഫ്രാൻസും റഷ്യയുടെനേരെ യുദ്ധം പ്രഖ്യാപനംചെയ്തു. ആ കൊല്ലം സെപ്ടംബറിൽ ഇംഗ്ലണ്ടും ഫ്രാൻസും അവരുടെ സംയുക്ത സൈന്യങ്ങളെ "ക്രീമിയാ"യിലേയ്ക്കയച്ചു.

അദ്ധ്യായം 7

# ബ്രിട്ടീഷ്ഗവർമ്മെണ്ടിൻെറ ക്ഷണനം

H 431

ആമേനിയായിലെ സിലിസ്ട്രിയാ എന്ന സ്ഥലമായിരുന്നു ക്രീമിയായുദ്ധത്തിൻെറ ആദ്യരംഗം. 1854-ൽ അതൊരു ടർക്കിഷ്പ്രോവിൻസായിരുന്നു. റഷ്യക്കാർ അവിടത്തെ ടർക്കിഷ് ജനതയെ ആക്രമിയ്ക്കയാണ് ആദ്യം ചെയ്തത്. ആ ആക്രമണത്തെ ചെറുക്കവാൻവേണ്ടി ബോസ്ഫറസിൻെറ ഏഷ്യൻതീരത്തിലുണ്ടായിരുന്ന സ്കുട്ടാറി എന്ന ഒരു വലിയ ഗ്രാമത്തെയാണ് ഇംഗ്ലണ്ടിൻെറയും ഫ്രാൻസിൻെറയും സംയുക്തസൈന്യം ഒരു സമരസങ്കേതമായി തിരഞ്ഞെടുത്തത്.

മുപ്പതിനായിരം ബ്രിട്ടീഷ് പടയാളികളാണ് ക്രീമിയായുദ്ധത്തിനുവേണ്ടി ബ്രിട്ടനിൽനിന്ന് അയയ്ക്കപ്പെട്ടത്. പക്ഷെ അവരുടെ സാമാനങ്ങൾ വഹിയ്ക്കുന്നതിനായുള്ള മൃഗങ്ങളോ അവരുടെ താമസത്തിനുള്ള "ടെണ്ടു"കളോ, പാചകോപകരണങ്ങളോ, വൈദ്യസഹായത്തിനുള്ള സജ്ജീകരണങ്ങളോ വേണ്ടത്ര അവൎക്കു നല്കപ്പെട്ടിരുന്നില്ല. ബ്രിട്ടീഷ്സേന ആദ്യം ബൾഗേറിയായിലെ 'വാർനാ' എന്ന സ്ഥലത്താണ് ഇറങ്ങിയത്. അതു കോളറാ പതിവായി നടമാടിക്കൊണ്ടിരുന്ന ഒരു സ്ഥലമായിരുന്നു. ബ്രിട്ടീഷ്സേന കരയ്ക്കിറങ്ങിയ ഉടനെ അവരിൽ പലൎക്കും കോളറാ പിടിപെട്ടു. കോളറാ ബാധിച്ച ആയിരം യുദ്ധഭടന്മാരെ ഉടനെ സ്കുട്ടാറിയിലേയ്ക്കയച്ചു.

റഷ്യക്കാർ ആയിടെ നിൎമ്മിച്ച ഒരു നാവികകേന്ദ്രമായ 'സെബാസ്റ്റോപോൾ' ആക്രമിയ്ക്കുവാനായിരുന്നു സംയുക്തസൈന്യം തീൎച്ചയാക്കിയിരുന്നത്. അതുകൊണ്ടു സംയുക്തസേന അങ്ങോട്ടു പുറപ്പെട്ടു. 'ആൽമാ' എന്ന സ്ഥലത്തുവെച്ചു സംയു

ക്തസൈന്യം റഷ്യൻസേനയുമായി ഏററുമുട്ടി. റഷ്യൻസേന അവിടെനിന്നു പിൻമാറി. പക്ഷെ, ആ സംഘട്ടനത്തിൽ അനേകമനേകം ബ്രിട്ടീഷ്ഭടന്മാക്കു ഗുരുതരമായ പരുക്കുകൾ പററി. അവരെ പരിചരിയ്ക്കുവാനുള്ള ആസ്പത്രിസജ്ജീകരണങ്ങളൊന്നുംതന്നെ 'ആൽമാ'യിലുണ്ടായിരുന്നില്ല. മുറിവേററവരു മൃഗങ്ങളുടെ മലമൂത്രവിസർജ്ജനങ്ങൾ കുന്നുകുന്നായിക്കിടന്നിരുന്ന നിലത്തു കിടക്കേണ്ടിവന്നു. അവരുടെ വ്രണങ്ങൾ തുടച്ചു കെട്ടുവാനുള്ള തുണികൾപോലും അവിടെ ഉണ്ടായിരുന്നില്ല. ബോധം കെടുത്തുവാനുള്ള ഔഷധങ്ങൾ ഇല്ലാതിരുന്നതുകൊണ്ട്, കാലോ കൈയോ മുറിച്ചുകളയേണ്ടിവന്നവരുടെ കൈകാലുകൾ ബോധം കെടുത്താതെയാണ് ഛേദിച്ചുകളഞ്ഞിരുന്നത്! വിളക്കുകളോ മെഴുകുതിരികളോ ഇല്ലാഞ്ഞതിനാൽ ചന്ദ്രന്റെ പ്രകാശത്തിലാണ് സർജ്ജന്മാർ ഈവക ജോലികൾ രാത്രിയിൽ ചെയ്തുകൊണ്ടിരുന്നത്!! മുറിവേററവരെ കൂടാതെ, കോളറാ ബാധിച്ചവർ യുദ്ധഭടന്മാരുടെയിടയിൽ വീണ്ടുമുണ്ടായി. ഒരായിരം പേരെക്കൂടി സ്കുട്ടാറിയിലേയ്ക്കു് അയയ്ക്കേണ്ടിവന്നു.

ടർക്കിഷ്സേനയുടെ ഹെഡ്ക്വാർട്ടേഴ്സ് സ്കുട്ടാറിയിലായിരുന്നു. അവിടെയുണ്ടായിരുന്ന അതിവിപുലമായ ബാറക്ക് കെട്ടിടങ്ങളും ആസ്പത്രിയും ടർക്കിഷ്സൈനികാധികാരികൾ ബ്രിട്ടീഷുകാക്കു ഏല്പിച്ചുകൊടുത്തിരുന്നു. അവിടത്തെ ആസ്പത്രി ജനറൽ ആസ്പത്രിയായി പരിഗണിയ്ക്കപ്പെട്ടിരുന്നു. കുറെയൊക്കെ രോഗപരിചരണസജ്ജീകരണങ്ങൾ ആ ആസ്പത്രിയിൽ ഉണ്ടായിരുന്നു. കൂടുതൽ സജ്ജീകരണങ്ങൾക്കുവേണ്ടിയുള്ള ഏർപ്പാടുകളും അധികൃതർ അവിടെ ചെയ്തിരുന്നു. എന്നാൽ കോളറാ ബാധിച്ച ആദ്യത്തെ ആയിരം പേർ ആ ആസ്പത്രിയിലെത്തിയതോടുകൂടി അവിടെ വേണ്ടത്ര സ്ഥലസൌകര്യമോ, ശയനോപകരണങ്ങളോ, ശുചീകരണ ഏർപ്പാടുകളോ, ഡോക്ടർമാരോ ഇല്ലാതെയായി. എന്തു ചെയ്യണമെന്നറിയാതെ ആസ്പത്രിയിലെ സീനിയർ മെഡിക്കൽ ഓഫീസറായിരുന്ന ഡോക്ടർ മെൻസീസ് അമ്പരന്നു. അപ്പോഴാണ് അംഗഭംഗം വന്നവരും കോളറാ ബാധിച്ചവരും ആയ രണ്ടാമത്തെ ആയിരം യുദ്ധഭടന്മാർ 'ആൽമാ'

യിൽനിന്നു വരുന്നുണ്ടെന്നുള്ള വിവരമെത്തിയതു്. ഉടനെ ആർട്ടിലറി ബാറക്കുകെട്ടിടങ്ങളെ ആസ്പത്രിയായി മാററുവാനുള്ള ഒരാജ്ഞ അധികൃതരിൽനിന്നു ഡോക്ടർ മെൻസീസിനു ലഭിച്ചു. അതു് അസാധ്യമായൊരു കാര്യമായിരുന്നു. ബാറക്കുകെട്ടിടങ്ങൾ ജീർണ്ണിച്ചവയും വൃത്തിശൂന്യതയുടെ കേന്ദ്രങ്ങളുമായിരുന്നു. മാത്രമല്ല, യാതൊരുവക സൌകര്യങ്ങളും അവിടെ ഉണ്ടായിരുന്നതുമില്ല. ആ കെട്ടിടങ്ങൾ വൃത്തിയാക്കുവാൻ തൊഴിലാളികളെ കിട്ടുക പ്രയാസവുമായിരുന്നു. ആ കെട്ടിടങ്ങളിൽ ഇടുവാനുള്ള ആസ്പത്രിസജ്ജീകരണങ്ങൾ ഒന്നുംതന്നെ അവിടെ ഉണ്ടായിരുന്നതുമില്ല.

യുദ്ധത്തിൽ മുറിവേററവരും അംഗഭംഗംവന്നവരും മാത്രമല്ല, കോളറാ ബാധിച്ചവരും എല്ലാംകൂടി ഏതാണ്ടു് 1500 പേർ ബാറക്കു് ആസ്പത്രിയിൽ എത്തി. അവക്കു കിടക്കുവാൻ ശയ്യോപകരണങ്ങൾ ഒന്നുമില്ലാതിരുന്നതുകൊണ്ടു് ഓരോരുത്തക്കുമുണ്ടായിരുന്ന പുതപ്പുകൊണ്ടു ശരീരം പൊതിഞ്ഞു നിലത്തുതന്നെ അവർ കിടന്നു. ആ പുതപ്പുകളിൽ യുദ്ധക്കളത്തിലെ രക്തവും മററു മാലിന്യങ്ങളും പുരണ്ടിരുന്നതിനാൽ അവയിൽനിന്നു ദുർഗ്ഗന്ധം വമിച്ചിരുന്നു. ബാറക്കു് ആസ്പത്രിയിൽ പാചകത്തിന്നുള്ള ഏർപ്പാടുകളൊന്നുമുണ്ടായിരുന്നില്ല. തന്മൂലം, രോഗികൾക്കു് ആഹാരമൊന്നും കൊടുക്കുവാൻ നിവ്വാഹമില്ലായിരുന്നു. അവരുടെ രോഗങ്ങൾ പരിശോധിക്കുവാനും ഔഷധങ്ങൾനല്കുവാനും വേണ്ടത്ര ഡോക്ടർമാരും അവിടെ ഇല്ലായിരുന്നു: രോഗികളിൽ പലരും അന്നു രാത്രിയും പിറേറദിവസവും ജലപാനംപോലും ചെയ്യാതെ കഴിച്ചുകൂട്ടി. വെള്ളം കൊണ്ടുവരുന്നതിനു ബക്കററുകളോ, കുടിക്കുന്നതിനു കോപ്പകളോ അവിടെ ഉണ്ടായിരുന്നില്ല. മേശകൾ, കസാലകൾ, ശസ്ത്രക്രിയകൾക്കായുള്ള പ്രത്യേകമേശകൾ ഇവയൊന്നുംതന്നെ അവിടെ ഇല്ലായിരുന്നു. ആ കെട്ടിടങ്ങളിലെ ജീർണ്ണിച്ച മുറികളുടെ വൃത്തിശൂന്യമായ തറകളിൽ അർദ്ധനഗ്നരായ രോഗികൾ വരിവരിയായിക്കിടന്നു. ബ്രിട്ടീഷ്സേനകൾക്കു നേരിടേണ്ടിവന്ന ഈ ദുരവസ്ഥകളെപ്പററി ഇംഗ്ലണ്ടിലുള്ളവർ ആരംഭത്തിലൊന്നും അറിഞ്ഞില്ല.

പക്ഷെ, ആ ബ്രിട്ടീഷ്സേനയോടുകൂടി ഇംഗ്ലണ്ടിലെ

"ദി ടൈംസ്" എന്ന പത്രത്തിൻെറ ലേഖകനായ വില്യം ഹൊവാർഡ് റസ്സൽ എന്ന ദേഹവുമുണ്ടായിരുന്നു. അദ്ദേഹം ബ്രിട്ടീഷ്ഭടന്മാരുടെ ആ നരകയാതനകളെപ്പററിയുള്ള വിവരണങ്ങൾ തൻെറ പത്രത്തിലേക്കെഴുതി അയച്ചു. ഒരു ലേഖനത്തിൽ അദ്ദേഹം ഇങ്ങിനെ പ്രസ്താവിച്ചു:—"യുദ്ധത്തിൽ മുറിവേററവരെ പരിചരിക്കുവാനുള്ള ഏർപ്പാടുകൾ വളരെ വിരളമായിട്ടാണ് ഇവിടെ ചെയ്തിരിക്കുന്നതെന്നവസ്തുത വളരെ അത്ഭുതത്തോടും അമർഷത്തോടുംകൂടിയായിരിയ്ക്കും ബ്രിട്ടീഷ്ജനത വായിക്കുക. വേണ്ടത്ര ഡോക്ടർമാരോ, വ്രണങ്ങൾ കെട്ടിക്കൊടുക്കുന്നതിനുള്ള ആളുകളോ, നേഴ്സുമാരോ ഇവിടെയില്ല. മുറിവേററവരുടെ വ്രണങ്ങൾ കെട്ടുന്നതിനുള്ള തുണികൾപോലും ഇവിടെയില്ല. 'ആൽമാ'യിലെ യുദ്ധത്തിൽ ബ്രിട്ടനുണ്ടായ വിജയത്തിൽ ആനന്ദതുന്ദിലരാണ് ബ്രിട്ടനിലെ ജനങ്ങൾ. പക്ഷെ, ആ വിജയത്തിനു സഹായിച്ച യുദ്ധഭടന്മാരിൽ മുറിവേററവരുടെ വൈദ്യപരമായ ആവശ്യങ്ങൾപോലും നിർവ്വഹിച്ചുകൊടുക്കുവാൻ യാതൊരു ഏർപ്പാടും ഇവിടെയില്ലാത്തത് ദയനീയം മാത്രമല്ല, ലജ്ജാവഹംകൂടിയാണ്."

റസ്സലിൻെറ തുടർച്ചയായുള്ള ലേഖനങ്ങൾ ബ്രിട്ടീഷ്ജനതയെ അമ്പരപ്പിച്ചു. ബ്രിട്ടീഷ്സൈനികർക്കു യാതൊരുവക വൈദ്യസഹായസൌകര്യങ്ങളുമില്ലാതിരിക്കുമ്പോൾ, ഫ്രെഞ്ചു സൈന്യത്തിന് എല്ലാവിധ വൈദ്യസഹായങ്ങളും ഫ്രാൻസിൽനിന്നു സുലഭമായി ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും, അവരുടെ മുറിവേററവരും രോഗികളുമായ ഭടന്മാരെ പരിചരിക്കുവാൻ "സിസ്റ്റേഴ്സ് ഓഫ് ചാരിററി" സന്യാസിനികളുണ്ടെന്നും, അവർ ഒന്നാംകിട നേഴ്സുമാരാണെന്നും, റസ്സൽ പത്രദ്വാരാ ബ്രിട്ടീഷ്ജനതയെ അറിയിച്ചു. ഈ വിവരങ്ങൾ കൂടി വായിച്ചപ്പോൾ ബ്രിട്ടനിലെ ജനങ്ങൾ അമർഷംകൊണ്ടു തുള്ളുവാൻതുടങ്ങി. "നമ്മുടെ ഭടന്മാരെ പരിചരിക്കുവാൻ 'സിസ്റ്റേഴ്സ് ഓഫ് ചാരിററി' സന്യാസിനികൾ നമുക്കില്ലാതായിപ്പോയതു് എന്തുകൊണ്ടാണ്?" എന്നു "ടൈംസി"ൻെറ ഒരു മുഖപ്രസംഗത്തിൽ ആ പത്രം ചോദിച്ചു.

റസ്സലിൻെറ ലേഖനങ്ങളും "ടൈംസി"ൻെറ മേലുറഞ്ഞ മുഖപ്രസംഗവും സിഡ്നി ഹെർബർട്ട് വായിച്ചു. 1852 മുതൽ

അദ്ദേഹം ബ്രിട്ടനിലെ രണ്ടു യുദ്ധകാര്യസിക്രട്ടരിമാരിൽ ഒരാളായി ഉദ്യോഗംവഹിയ്ക്കുകയായിരുന്നു. ബ്രിട്ടീഷ്സൈന്യങ്ങളിലെ രോഗബാധിതരും മുറിവേററവരുമായ ഭടന്മാക്കു വേണ്ട പരിചരണങ്ങൾനല്കുക, അവക്കുവേണ്ട എല്ലാ സൌകര്യങ്ങളും ഏർപ്പെട്ടുത്തിക്കൊടുക്കുക അവയ്ക്കുവേണ്ട ധനവ്യയം ചെയ്യുക ഇത്യാദി വിഷയങ്ങളുടെ ഉത്തരവാദിത്വം സിഡ്നി ഹെർബെട്ടിലാണ് സ്ഥിതിചെയ്തിരുന്നത്. അതുകൊണ്ടു, "ടൈംസ്" പത്രം മുഖേന റസ്സൽ വെളിപ്പെടുത്തിയ ബ്രിട്ടീഷ്പടയാളികളുടെ ദാരുണമായ അവസ്ഥയ്ക്കുള്ള കാരണഭൂതൻ സിഡ്നി ഹെർബെട്ടാണെന്നു ജനങ്ങൾ ആക്ഷേപിച്ചു. അദ്ദേഹം ധമ്മസങ്കടത്തിലായി. ബ്രിട്ടീഷുപടയാളികളുടെ സ്ഥിതിഗതികൾ നന്നാക്കണമെന്ന അഭിലാഷം ശക്തിയായുണ്ടായിരുന്ന ഒരാളായിരുന്നു അദ്ദേഹമെങ്കിലും, രാഷ്ട്രീയമായ അദ്ദേഹത്തിൻെറ നിലപാടിനെപ്പററി ജനങ്ങൾക്കു ശങ്കിയ്ക്കുവാൻ അവകാശമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ അമ്മ ഒരു റഷ്യക്കാരിയായിരുന്നതുകൊണ്ട് അദ്ദേഹത്തിനു റഷ്യക്കാരോട് ഒരു കൂറുണ്ടായേയ്ക്കുമെന്ന് ജനങ്ങൾക്കു ശങ്കിയ്ക്കുവാൻ കാരണമുണ്ടായിരുന്നു. തന്മൂലമായിരിയ്ക്കണം ബ്രിട്ടീഷ്സൈന്യത്തിൻെറ സുഖസൌകര്യാദികളിൽ അദ്ദേഹത്തിൻെറ ശ്രദ്ധ പതിയാത്തതെന്നും ജനങ്ങൾ വിചാരിച്ചു.

"ടൈംസ്" പത്രത്തിലെ ലേഖനങ്ങൾ വാസ്തവവിരുദ്ധമാണെന്നു സൈനികാധികാരികൾ പ്രഖ്യാപിച്ചു. പക്ഷെ, സിഡ്നി ഹെർബെട്ട് അതു വിശ്വസിച്ചില്ല. അദ്ദേഹം ആസ്പത്രികൾക്കാവശ്യമായതെല്ലാം ഉടനെ വാങ്ങുവാൻ കോൺസ്റ്റാൻടിനോപ്പോളിലെ ബ്രിട്ടീഷ് എമ്പാസഡറായിരുന്ന സ്റ്റ്റാററ്ഫോർഡ് പ്രഭുവിനു നിർദ്ദേശം നല്കി. മാത്രമല്ല ഒക്ടോബർ 15–ാംനു- അദ്ദേഹം ഫ്ലോറൻസ് നൈററിൻഗെയ്ലിന് ഒരു കത്തയച്ചു. അതിലെ ചില ഖണ്ഡികകൾ താഴെ കാണുന്ന പ്രകാരമായിരുന്നു:—

"സ്കുട്ടാറിയിലെ ആസ്പത്രിയിൽ നേഴ്സുമാരുടെ വലിയൊരു കുറവുള്ള വസ്തുത ഭവതി പത്രങ്ങളിൽ വായിച്ചിരിയ്ക്കുമല്ലൊ.

"മററുള്ള കുറവുകൾ, ഉദാഹരണമായി അവിടെയുണ്ടെന്നു പറയപ്പെടുന്ന ഡോക്ടർമാരുടെ കുറവ്, ലിൻട്, ഷീററ്,

ആദിയായ തുണികളുടെ കുറവ്, ഇവ യഥാർത്ഥത്തിൽ അവിടെ ഉണ്ടായിരുന്നെങ്കിൽ, ഇവയെല്ലാം ഇതിന്നകം പരിഹരിയ്ക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. 95 ഭടന്മാക്ക് ഒന്നുവീതമുള്ള ഡോക്ടർമാർ അവിടെയുണ്ട്. അവരെ കൂടാതെ മുപ്പതു സർജ്ജന്മാരെ കൂടി മൂന്നാഴ്ചയ്ക്കു മുമ്പ് അങ്ങോട്ടയച്ചിട്ടുണ്ട്. അടുത്താഴ്ചയിൽ വീണ്ടുമൊരു സംഘം ഡോക്ടർമാരെക്കൂടി അയയ്ക്കുന്നതാണ്.

"മെഡിക്കൽ സ്റ്റോറിനെപ്പററി പറയുകയാണെങ്കിൽ, അവ സമൃദ്ധിയായി സ്കുട്ടാറിയിലേയ്ക്ക് അയച്ചിട്ടുണ്ട്. ടൺ കണക്കിനു ലിൻട്, 15,000 പാരും ഷീററുകൾ, അതേ കണക്കിൽ മരുന്നു, വീഞ്ഞു, കൂവപ്പൊടി ഇവയെല്ലാം അങ്ങോട്ടയച്ചിട്ടുള്ള സാമാനങ്ങളിൽ പെടുന്നു. സ്കുട്ടാറിയിൽ ഇവയുടെ അഭാവം ഉണ്ടായിരുന്നിട്ടുണ്ടെങ്കിൽ, ഇവയെല്ലാം വാർനായിലേയ്ക്കാണ് ആദ്യമയച്ചതെന്നും, ഇവ അവിടെ എത്തുന്നതിനു മുമ്പു നമ്മുടെ സേനകൾ അവിടംവിട്ടു ക്രീമിയായിലേയ്ക്കു പോയതുകൊണ്ട് ഇവയെല്ലാം അവക്കു ലഭ്യമാകാതെ പോകയാണുണ്ടായതെന്നുമുള്ള വസ്തുത നാം അനുസ്മരിയ്ക്കേണ്ടതുണ്ട്. എന്നാൽ നാലു ദിവസങ്ങൾകൊണ്ട് ഈ കുറവുകൾ പരിഹരിയ്ക്കപ്പെട്ടിരിയ്ക്കണം. കൂടുതൽ സ്റ്റോക്കുകൾ വീണ്ടും അവിടേയ്ക്ക് അയച്ചിട്ടുണ്ട്.

"എന്നാൽ, മിലിട്ടറി ആസ്പത്രികളിലേയ്ക്കു പുരുഷന്മാരായ നേഴ്സുമാരെമാത്രമേ ഇതേവരെ എടുത്തിരുന്നുള്ളു എന്നതുകൊണ്ടു, സ്ത്രീനേഴ്സുമാരുടെ അഭാവം അവിടെ നിശ്ചയമായുമുണ്ട് എന്നു ഞാൻ സമ്മതിയ്ക്കുന്നു.

"രണാങ്കണത്തിൽ സേനകളോടുകൂടി ഒരു വലിയ സംഘം സ്ത്രീനേഴ്സുമാരെ കൊണ്ടുനടക്കുക അസാദ്ധ്യമായ ഒരു കാര്യമാണ്. എന്നാൽ സ്കുട്ടാറിയിൽ സ്ഥിരമായൊരു ആസ്പത്രി ഇപ്പോൾ ഉള്ളതുകൊണ്ട്, അവിടെ രോഗാതുരപരിചരണത്തിനുവേണ്ടി സ്ത്രീനേഴ്സുമാരെ നിയമിയ്ക്കുന്നതിനെതിരായി യാതൊരു സൈനികകാരണവും ഇപ്പോൾ സ്ഥിതിചെയ്യുന്നില്ല. തൽസ്ഥാനത്തേയ്ക്കു സ്ത്രീനേഴ്സുമാരെ നിയമിയ്ക്കുന്നതു ഗുണകരമായിരിയ്ക്കണമെന്ന ദൃഢമായ വിശ്വാസമാണ് എനിയ്ക്കുള്ളത്. കാരണം, രോഗാതുരപരിചരണത്തിനായുള്ള ആസ്പത്രിയിലെ പുരുഷന്മാർ നിർദ്ദയരായിരിയ്ക്കു

മെന്നു മാത്രമല്ല, രോഗാതുരപരിചരണത്തിൽ യാതൊരു പരിചയവും അവക്കുണ്ടായിരിക്കുന്നതുമല്ല.

"സ്കുട്ടാറിയിലേയ്ക്കു പോകുവാൻ സന്നദ്ധത പ്രദർശിപ്പിച്ചുകൊണ്ടു് പല മാന്യസ്ത്രീകളും എനിയ്ക്കെഴുതിയിട്ടുണ്ടു്. പക്ഷെ, ഒരാസ്പത്രി എന്തെന്നോ, അതിനകത്തുള്ള ജോലികൾ എന്തെന്നോ, യാതൊരു നിശ്ചയവുമില്ലാത്തവരാണ് അവർ. അവരുടെ പരിചരണം ആവശ്യമായിവരുമ്പോൾ അവർ ആ ജോലിയിൽനിന്നു പിൻമാറുകയോ, പരിപൂർണ്ണമായും ഉപയോഗശൂന്യരായിത്തീരുകയോ ചെയ്യും. സർവോപരി, അവർ യഥാർത്ഥപ്രവർത്തനങ്ങൾക്കു് ഒരു പ്രതിബന്ധമായിത്തീരുകയും ചെയ്യും. ഒരു മിലിട്ടറി ആസ്പത്രിയിലെ കർക്കശമായ നിയമങ്ങൾ പാലിയ്ക്കുവാൻ ഈ സ്ത്രീകൾക്കു സാധിയ്ക്കുകയുമില്ല.

"സ്കുട്ടാറിയിലെ നമ്മുടെ സൈന്യത്തിൻെറ രോഗാതുര പരിചരണനേതൃത്വം ഏറെറടുക്കുന്നതിനും അതിനുവേണ്ടിയുള്ള ശരിയായ ഒരു പദ്ധതിയിൽക്കൂടി ഒരു നേഴ്സിങ്ങ് സംഘത്തെ രൂപവല്ക്കരിയ്ക്കുന്നതിന്നും, പ്രാപ്തയായ ഒരാളെമാത്രമേ ഇംഗ്ലണ്ടിൽ ഞാനറിയുകയുള്ളു. അതു ഭവതിമാത്രമാണ്. ഭവതി ആ നേതൃത്വം ഏറെറടുക്കുമോ എന്നു ചോദിയ്ക്കുവാനുള്ള തീവ്രമായ ആഗ്രഹം പലപ്പോഴും എന്നെ അതിന്നായി പ്രേരിപ്പിച്ചിട്ടുണ്ടു്; എന്നെ ഇപ്പോഴും പ്രേരിപ്പിയ്ക്കുകയും ചെയ്യുന്നു.

"നേഴ്സുമാരെ തിരഞ്ഞെടുക്കുന്നതു പ്രയാസമേറിയ ഒരു ജോലിയാണ്. അതിനു ഭവതിയ്ക്കുള്ളതുപോലുള്ള പാടവം മററാക്കുമില്ല. ദീനത നിറഞ്ഞിട്ടുള്ളതായ ഒരു ജോലിയ്ക്കുവേണ്ടി പരിജ്ഞാനവും, സേവനസന്നദ്ധതയും, മനോധൈര്യവും, കഴിവുമുള്ളവരെ കണ്ടുപിടിയ്ക്കുക പ്രയാസമേറിയൊരു കൃത്യമാണ്. അവരെ ഭരിയ്ക്കുകയും നിയന്ത്രിയ്ക്കുകയും ചെയ്യുന്നതും പ്രയാസമുള്ള ഒരു മഹാകാര്യമാണ്. അവരെ മെഡിക്കൽ അധികാരികളുടെയും സൈനികാധികാരികളുടെയും നിർദ്ദേശാനുസരണം നയിയ്ക്കുവാനും ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടാണ് ഭരിയ്ക്കുവാനുള്ള ത്രാണിയും പരിചയവുമുള്ള ഒരാളിൽ ഈ പരീക്ഷണം അർപ്പിയ്ക്കണമെന്നു ഞാൻ ഉദ്ദേശിയ്ക്കുന്നതു്.

"ഭവതി സ്കുട്ടാറിയിലേയ്ക്കു പോയി രോഗാതുരപരിചരണത്തിൻെറ മേൽനോട്ടം വഹിയ്ക്കുമോ എന്നതാണ് എൻെറ വിനീതമായ ചോദ്യം. അവിടെയുള്ള എല്ലാ നേഴ്സുമാരുടെമേലും പരിപൂർണ്ണമായ അധികാരം ഭവതിയ്ക്കു നിശ്ചയമായും നല്കപ്പെടുന്നതാണ്. മെഡിക്കൽ സ്റ്റാഫിൽനിന്ന് എല്ലാവിധ സഹായങ്ങളും സഹകരണവും ഭവതിയ്ക്കു ലഭിയ്ക്കുവാനുള്ള എല്ലാ ഏർപ്പാടുകളും ഞാൻ ചെയ്യുന്നതാണ്. ഭവതിയുടെ മിഷ്യൻെറ വിജയത്തിനുവേണ്ടി ആവശ്യമായ സമസ്തവും വാങ്ങുന്നതിന്ന ഗവമ്മെണ്ടിൽനിന്ന ഭവതിയുടെ ഇഷ്ടാനുസരണം പണം എടുത്തുകൊള്ളുന്നതിന്നുള്ള പരിധിയില്ലാത്ത അധികാരവും ഭവതിയ്ക്കു ഗവമ്മെണ്ടിൽനിന്ന ലഭിയ്ക്കുന്നതാണ്. വിഷയത്തിൻെറ ഈ വശത്തെപ്പററിയുള്ള വിശദാംശങ്ങൾ നമുക്കു മുഖദാവിൽ കണ്ടു സംസാരിച്ചു തീർച്ചപ്പെടുത്താം. ഭവതിയുടെ തീരുമാനം എന്തുതന്നെയായിരുന്നാലും, ഭവതി എനിയ്ക്കു എല്ലാവിധ സഹകരണങ്ങളും ഉപദേശങ്ങളും നല്കുമെന്ന് എനിയ്ക്കുറപ്പുണ്ട്.

"ഞാൻ നാളെ ടൌണിലേയ്ക്കു വരുന്നുണ്ട്.. നാളെ വൈകുന്നേരം 3–നും 5–നും മദ്ധ്യേ ഞാൻ ഭവതിയുടെ അടുക്കലേയ്ക്കു വന്നാൽ ഭവതിയെ കാണുവാൻ സൌകര്യപ്പെടുമോ? മറുപടിയായി ഒരു വരിയെങ്കിലും ഞാൻ പ്രതീക്ഷിയ്ക്കുന്നു."

സിഡ്നി ഹെർബട്ടിൻെറ ഈ കത്തു കിട്ടുന്നതിനുമുമ്പുതന്നെ ഒരു ചെറുസംഘം നേഴ്സുമാരോടുകൂടി മൂന്നു ദിവസങ്ങൾക്കകം സ്കുട്ടാറിയിലേയ്ക്കു പുറപ്പെടുന്നതിനുള്ള ഒരുക്കങ്ങൾ ഫ്ലോറൻസ് നൈററിൻഗെയ്ൽ ചെയ്തുകഴിഞ്ഞിരുന്നു. സിഡ്നി ഹെർബട്ടിൻെറമേൽ വർഷിയ്ക്കപ്പെട്ട അധിക്ഷേപശരങ്ങളെ ഭയന്ന് താൻ തൻെറ ഈ സംരംഭത്തെപ്പററിയുള്ള വിവരങ്ങൾ അദ്ദേഹത്തെ അറിയിച്ചിരുന്നില്ല. എന്നാൽ തൻെറ യാത്രാപരിപാടികൾ പൂർത്തിയായശേഷം ഫ്ലോറൻസ് സിഡ്നി ഹെർബട്ടിനെ കാണുവാൻവേണ്ടി ലണ്ടനിലെ അദ്ദേഹത്തിൻെറ ഔദ്യോഗികവസതിയിലെത്തിയപ്പോളാണ് ഹെർബട്ട്ദമ്പതികൾ വാരാന്തവിശ്രമത്തിനായി സ്ഥലം വിട്ടിരിയ്ക്കയാണെന്നു മനസ്സിലാക്കിയത്.

സ്കുട്ടാറിയിലേയ്ക്കു പോകുന്നതിന്ന വേണ്ട ആദ്യസഹായങ്ങൾ ലേഡി മരിയാ ഫോറസ്റ്റർ എന്നൊരു വിധവയിൽനിന്നാ

ണ് ഫ്ളോറൻസിനു കിട്ടിയതു്. ലേഡി മരിയയെ കൂടാതെ മൂന്നു നേഴ്സുമാരെക്കൂടി സ്കുട്ടാറിയിലേയ്ക്കു കോണ്ടുപോകുവാനുള്ള യാത്രച്ചിലവിലേയ്ക്കായി 200 പവൻ മരിയാ ഫോറസ്റ്റർ ഫ്ളോറൻസിനെ ഏല്പിച്ചു. ഹാർലി സ്റ്റ്റീററ് ആസ്പത്രിയിലെ 'ഹൌസ് കീപ്പർ' ആയിരുന്ന മിസിസ് ക്ലാക്കിനെ തൻെറ സ്വന്തം ചിലവിൽ സ്കുട്ടാറിയിലേയ്ക്കു കൊണ്ടുപോകുവാനും ഫ്ളോറൻസ് തീച്ചയാക്കി. ഒക്ടോബർ 12-ാംനു- ഫ്ളോറൻസ് പാൽമേഴ്സ്റ്റൻ പ്രഭുവിനെ കാണുകയും, അദ്ദേഹം ഫ്ളോറൻസിൻെറ സംരഭത്തെ സ്വാഗതംചെയ്യുകമാത്രമല്ല അതിനു തൻെറ അംഗീകരണം നല്കുകയും, കോൺസ്റ്റാൻടിനോപ്പോളിലെ ബ്രിട്ടീഷ് എമ്പാസഡറായിരുന്ന സ്റ്റ്റാററ്ഫോർഡ് പ്രഭുവിനു ഫ്ളോറൻസിൻെറ വരവിനെപ്പററി എഴുതുവാൻ വിദേശസിക്രട്ടറിയോടു് ആജ്ഞാപിയ്ക്കുയും ചെയ്തു. പിറേറദിവസം ഫ്ളോറൻസ് "ആർമി മെഡിക്കൽ സവ്വീസ്" ഡയരക്ടരെ കണ്ടു. അദ്ദേഹം സ്കുട്ടാറിയിലെ ചീഫ് മെഡിക്കൽ ഓഫീസറായ ഡോക്ടർ മെൻസീസിനു ഫ്ളോറൻസിനെ പരിചയപ്പെടുത്തുന്നതായ ഒരു കത്ത് കൊടുത്തു. ഫ്ളോറൻസിൻെറ നേതൃത്വത്തിലുള്ള പരിചരണസംഘം ഒക്ടോബർ 17-ാംനു- ലണ്ടനിൽനിന്നു യാത്ര പുറപ്പെടുവാൻ തീച്ചയാക്കി. ഈ ഏർപ്പാടുകളെല്ലാം പൂത്തിയാക്കിയശേഷമാണ് ഒക്ടോബർ 14-ാംനു- ഫ്ളോറൻസ് സിഡ്നി ഹെർബട്ടിനെ കാണുവാനായി അദ്ദേഹത്തിൻെറ ഔദ്യോഗികവസതിയിൽ ചെന്നതു്. പക്ഷെ, അദ്ദേഹത്തെയോ അദ്ദേഹത്തിൻെറ ഭാര്യ ലിസ്സിനെയോ കാണുവാൻ തരപ്പെടാത്തതുകൊണ്ടു് സ്കുട്ടാറിയിലേക്കുള്ള തൻെറ ദൌത്യത്തെപ്പററി അന്നു വൈകുന്നേരം ഫ്ളോറൻസ് ലിസിനു് ഒരു കത്തെഴുതി അയച്ചു. ഫ്ളോറൻസിൻെറ ഈ കത്തു കിട്ടുന്നതിനുമുമ്പാണ് സിഡ്നി ഹെർബർട്ട് സേവനം ആവശ്യപ്പെട്ടുകൊണ്ടു് ഫ്ളോറൻസിന്നെഴുതിയതു്.

സിഡ്നി ഹെർബട്ടിൻെറ കത്തിനു ഫ്ളോറൻസ് മറുപടി എഴുതുന്നതിനുമുമ്പുതന്നെ ലിസ്സ് ഹെർബട്ടിനു് ഫ്ളോറൻസിൻെറ കത്തു കിട്ടി. ഉടനെ സിഡ്നി ഹെർബട്ട് ഫ്ളോറൻസിനെ കാണുവാനായി "ഹാർലി സ്റ്റ്റീററ്" ആസ്പത്രിയിലേയ്ക്കു ചെന്നു. അവർ തമ്മിൽ ഒരു കൂടിക്കാഴ്ച നടന്നു.

ദീർഘമായ ചർച്ചകൾക്കുശേഷം ഫ്ലോറൻസിൻെറ നേതൃത്വത്തിൽ സ്കൂട്ടാറിയിലേയ്ക്കു പോകുവാനുള്ള നേഴ്സിങ്ങ്സംഘത്തിൽ നാല്പതു പേർ ഉണ്ടായിരിയ്ക്കണമെന്നും തീർച്ചയാക്കി.

ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ നിയമനം ഒക്ടോബർ 18-ാംനു- കൂടിയ കാബിനററ് യോഗത്തിൽ സിഡ്നി ഹെർബട്ട് അവതരിപ്പിയ്ക്കുകയും, മന്ത്രിസഭ ആ നിയമനത്തെ അംഗീകരിയ്ക്കുകയും ചെയ്തു. "ടക്കിയിലെ ഇംഗ്ലീഷ് ജനറൽ ആസ്പത്രികളിലെ സ്ത്രീനേഴ്സുമാരുടെ സൂപ്രണ്ട്" ആയി നിയമിയ്ക്കപ്പെട്ടിരിയ്ക്കുന്ന വിവരം ഫ്ലോറൻസിനെ കാബിനററ് ഔദ്യോഗികമായി അറിയിയ്ക്കുകയും, അതിൻെറ കോപ്പികൾ ക്രീമിയായിലെ സേനകളുടെ കമാണ്ടർ-ഇൻ-ചീഫിനും പ്രധാന മെഡിക്കൽ ഓഫീസർക്കും അയയ്ക്കുകയുംചെയ്തു. ഫ്ലോറൻസിൻെറ യാത്രച്ചിലവിലേയ്ക്കായി 1000 പവനും സ്കൂട്ടാറിയിലെത്തിയശേഷം ഹിതാനുസരണം പണം ഗവമ്മെണ്ടിൽനിന്നു വാങ്ങിക്കൊള്ളുവാനുള്ള അനുവാദവും മന്ത്രിസഭ ഫ്ലോറൻസിനു നല്കി.

ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ ആ നിയമനം ഇംഗ്ലണ്ടിലെ ജനങ്ങളെയാകമാനം ആനന്ദഭരിതരാക്കി. ആ നിയമനംസംബന്ധിച്ച ചേർന്ന മന്ത്രിസഭായോഗം, തത്സംബന്ധമായി പുറപ്പെട്ട ഔദ്യോഗികമായ ഉത്തരവുകൾ, കമാണ്ടർ-ഇൻ-ചീഫിനു നല്കപ്പെട്ട കത്ത്, ഇവയെല്ലാം ജനങ്ങളെ അത്ഭുതപ്പെടുത്തി. ഇതിനുമുമ്പ് ഇംഗ്ലണ്ടിലെ മറെറാരു മഹതിയ്ക്കും ഇതുപോലുള്ള ബഹുമതികൾ ബ്രിട്ടീഷ്ഗവമ്മെണ്ടിൽനിന്നു സിദ്ധിയ്ക്കുകയുണ്ടായിട്ടില്ല. ഇംഗ്ലണ്ടിലെ അഖില ജനങ്ങളുടെയും മുമ്പിൽ ഫ്ലോറൻസ് പെട്ടെന്ന് ഒരു വീരവനിതയായിത്തീർന്നു. ആ സ്ഥിതിയ്ക്കു ഫ്ലോറൻസിൻെറ ആ പുതിയ സ്ഥാനലബ്ധിയിൽ മാതാവും സഹോദരിയും ആഹ്ലാദിതചിത്തരായിത്തീർന്നതിൽ അത്ഭുതപ്പെടുവാനില്ല.

ഫ്ലോറൻസിനെ യാത്രയയയ്ക്കുന്നതിനു ഫാനിയും 'പാത്തെ'യും ലണ്ടനിലേയ്ക്കു ചെന്നു. യാത്രാസാമാനങ്ങൾ ഒരുക്കുന്നതിനും മററും അവർ ഫ്ലോറൻസിനെ സഹായിച്ചു.

ഫ്ലോറൻസ് ഒക്ടോബർ 21-ാംനു- സ്കൂട്ടാറിയിലേയ്ക്കു പുറപ്പെടുവാൻ നിശ്ചയിച്ചു. അതിനുമുമ്പുണ്ടായിരുന്ന നാലു

ദിവസങ്ങൾക്കുള്ളിൽ അനേകകാര്യങ്ങൾ ഫ്ലോറൻസിനു ചെയ്യതീക്കേണ്ടിയിരുന്നു. തൻെറ നേഴ്സിങ്ങ്സംഘത്തിലേയ്ക്കുള്ള സ്ത്രീകളെ കണ്ടുപിടിയ്ക്കേണ്ടിയിരുന്നു. അവക്കു പ്രത്യേക "യൂനിഫോം" വേണമെന്നു ഫ്ലോറൻസിനു നിർബ്ബന്ധമായിരുന്നതുകൊണ്ട്, ആ വസ്തുങ്ങളെല്ലാം തയ്യിച്ചെടുക്കേണ്ടിയിരുന്നു. അവക്കുള്ള ടിക്കററുകളും യാത്രാസൌകര്യങ്ങളും ഏർപ്പെടുത്തേണ്ടിയിരുന്നു. മിസ്റ്റർ ബ്രെയ്സ്ബ്രിഡ്ജും പത്നിയും അവരുടെകൂടെ യാത്ര ചെയ്യാമെന്നും, അദ്ദേഹം അവക്കു വേണ്ട യാത്രാസൌകര്യങ്ങൾ ചെയ്തുകൊടുക്കാമെന്നും, ഏററതുകൊണ്ട് അക്കാര്യത്തിൽ ഫ്ലോറൻസിനു സ്വല്പം ഒരാശ്വാസം കിട്ടി.

നേഴ്സിങ്ങ്സംഘത്തിൽ ചേരുവാനുള്ള അപേക്ഷകർ വളരെ കുറവായിരുന്നു. ആഴ്ചയിൽ 12 മുതൽ 14 വരെ ഷില്ലിങ്ങാണ് ഒരു നേഴ്സിനുള്ള വേതനമായി നിശ്ചയിയ്ക്കപ്പെട്ടത്. ഇതിനുപുറമെ ഭക്ഷണവും താമസസൌകര്യങ്ങളും "യൂനിഫോം" വസ്തുങ്ങളും സൌജന്യമായി നല്കുവാനും തീച്ച്പ്പെടുത്തി. മൂന്നു മാസം കഴിയുമ്പോൾ ആഴ്ചയിൽ 16 മുതൽ 18 വരെ ഷില്ലിങ്ങും, ഒരു കൊല്ലത്തെ തൃപ്തികരമായ സേവനത്തിനുശേഷം 18 മുതൽ 20 വരെ ഷില്ലിങ്ങും വേതനം കൊടുക്കുവാനും നിശ്ചയിച്ചു. ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ ആജ്ഞകൾക്കു പരിപൂണ്ണമായും വിധേയയായി വർത്തിച്ചുകൊള്ളാമെന്നുള്ള ഒരു സമ്മതപത്രം ഓരോ നേഴ്സും ഒപ്പിട്ടുകൊടുക്കേണ്ടിയിരുന്നു. പടയാളികളുമായി എന്തെങ്കിലും അനഭിലഷണീയമായ നടപടികൾ ഉണ്ടെന്നു സംശയിയ്ക്കപ്പെട്ടാൽ അങ്ങിനെയുള്ള നേഴ്സുമാരെ ഉടനെ 'ഡിസ്മിസ്' ചെയ്യുമെന്നായിരുന്നു ഫ്ലോറൻസിൻെറ നിയമം. ഏതെങ്കിലുമൊരു നേഴ്സിനു താമസമന്ദിരത്തിൽനിന്നു പുറത്തു പോകേണമെന്നുണ്ടായാൽ, 'ഹൌസ്കീപ്പർ' ആയ മിസിസ് ക്ലാക്കിനോടുകൂടിയോ, അതല്ലാത്തപക്ഷം മററു മൂന്നു നേഴ്സുമാരോടുകൂടിയോ മാത്രമേ പുറത്തു സഞ്ചരിച്ചുകൂടു എന്നും, ഒരിയ്ക്കലും ഒരു നേഴ്സ് തനിച്ചു പുറത്തു പോകരുതെന്നും ഫ്ലോറൻസ് നിയമങ്ങളുണ്ടാക്കി.

രോഗാതുരപരിചരണം ജോലിയായി സ്വീകരിച്ചിരുന്ന

14 പേരെ മാത്രമേ ഫ്ലോറൻസിൻെറ നേഴ്സിങ്ങ്സംഘത്തിലേയ്ക്കു കിട്ടിയുള്ളു. ബാക്കി 24 പേരെ വിവിധസന്യാസിനീസഭകളിൽനിന്നു തിരഞ്ഞെടുക്കയാണുണ്ടായതു്. അവരിൽ പത്തു പേർ റോമൻ കത്തോലിക്കരും, ബാക്കിയുള്ളവർ പ്രോട്ടസ്റ്റണ്ടു സഭാംഗങ്ങളുമായിരുന്നു. പക്ഷേ, ഏതു വിഭാഗത്തിൽ പെട്ടവരായിരുന്നാലും സംഘത്തിലെ എല്ലാ അംഗങ്ങളും ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ ആജ്ഞകൾ അക്ഷരംപ്രതി അനുവർത്തിച്ചുകൊള്ളണമെന്നായിരുന്നു നിയമം.

1854 ഒക്ടോബർ 21-ാംനു- ഫ്ലോറൻസ് നൈററിൻഗെയ്ൽ തൻെറ നേഴ്സിങ്ങ്സംഘവുമായി ലണ്ടനിൽനിന്നു പുറപ്പെട്ടു. അവർ പാരീസിലെത്തിയശേഷം മാർസെയിൽസിലേയ്ക്കു പോകയും, അവിടെ നാലു ദിവസങ്ങൾ തൻെറ സംഘത്തിനും ആസ്പത്രിയ്ക്കും ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനായി വിനിയോഗിയ്ക്കുകയും ചെയ്തു. അനന്തരം അവർ "വെക്ടിസ്" എന്ന കപ്പലിൽ കോൺസ്റ്റാൻടിനോപ്പോളിലേയ്ക്കു യാത്രചെയ്തു. വഴിനീളെ ജനങ്ങൾ അവർക്കു ഗംഭീരമായ സ്വീകരണങ്ങളാണു് നല്കിയതു്.

"വെക്ടിസ്" കോൺസ്റ്റാൻടിനോപ്പോളിലെത്തിയപ്പോൾ ഫ്ലോറൻസ് നൈററിൻഗെയ്ലിനെ സ്വീകരിയ്ക്കുവാൻ ബ്രിട്ടീഷ് എമ്പാസഡർ എമ്പസി സിക്രട്ടറിയായ നാപ്പിയർ പ്രഭുവിനെ കപ്പലിലേയ്ക്കയച്ചു. അദ്ദേഹം കപ്പലിലെത്തിയപ്പോൾ കടൽച്ചൊരുക്കു ബാധിച്ചു ഫ്ലോറൻസ് കിടക്കുകയായിരുന്നു.

ഫ്ലോറൻസും പരിചരണസംഘവും കപ്പലിൽനിന്നിറങ്ങി നേരേ ബാറക്ക് ആസ്പത്രിയിലേയ്ക്കാണു് പോയതു്.

അധ്യായം 8

## ഡോക്ടർമാരുടെ എതിർപ്പ്

H 431

സ്കട്ടാറിയിലെ ബാറക്ക് ആസ്പത്രിയിൽ കണ്ട കാഴ്ച ഫ്ലോറൻസ് നൈററിൻഗെയിലിൻെറ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു. അതിവിപുലമായ കെട്ടിടങ്ങളുടെ ഒരു സമൂഹമായിരുന്നു ബാറക്ക് ആസ്പത്രിയെങ്കിലും, അതു പൊതുവെ ജീർണ്ണതയുടെയും വൃത്തിശൂന്യതയുടെയും ഒരു കേന്ദ്രമായിരുന്നു. അതിൻെറ ഒരു ഭാഗം അഗ്നിക്കിരയായി നശിച്ചുപോയിരുന്നു. അതിൽ ശയിച്ചിരുന്ന രോഗികളെ വരിവരിയായിക്കിടത്തിയിരുന്നുവെങ്കിൽ ഏതാണ്ടു നാലു മൈലോളം നീളം വരുമായിരുന്നു എന്നു ഫ്ലോറൻസുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ആസ്പത്രിയുടെ പരിസരങ്ങളിലെല്ലാം മലിനവസ്തുക്കൾ കുന്നുകൂടിക്കിടന്നിരുന്നു. വ്യഭിചാരവൃത്തി സ്വീകരിച്ചിരുന്ന ഇരുനൂറോളം സ്ത്രീകളും ബാറക്ക്കെട്ടിടങ്ങളുടെ ഒരു ഭാഗത്തു താമസമുറപ്പിച്ചിരുന്നു. മദ്യവില്പന നടത്തിക്കൊണ്ടിരുന്ന പല ഷാപ്പുകളും അതിനു ചുററുമുണ്ടായിരുന്നതുകൊണ്ടു രോഗികൾക്കു നിഷ്പ്രയാസം ലഹരിപദാർത്ഥങ്ങൾ വാങ്ങിക്കഴിയ്ക്കുവാനും സാദ്ധ്യമായിരുന്നു. അവിടെ ദിവസേന മരിച്ചിരുന്ന രോഗികളുടെ സംഖ്യയും വലിയതായിരുന്നു.

ഫ്ലോറൻസിൻെറ നിയമനവാർത്ത സ്കട്ടാറിയിലെ ഡോക്ടർമാർക്ക് അത്ര സ്വീകാര്യമായിരുന്നില്ല. വേണ്ടിടത്തോളം ഡോക്ടർമാർ സ്കട്ടാറിയിലുണ്ടായിരുന്നില്ല. അവിടെ ഉണ്ടായിരുന്ന ഡോക്ടർമാർ ജോലിയുടെ ആധിക്യംകൊണ്ടു ക്ഷീണിച്ചുകഴിഞ്ഞിരുന്നു. അപ്രകാരമുള്ളൊരു സന്ദർഭത്തിൽ കുലീനയായ ഒരു ആംഗലയുവതിയുടേയും ഒരു സംഘം നേഴ്സുമാരുടേയും ആഗമനം ബാറക്ക് ആസ്പത്രിയിലെ സ്ഥിതിഗതികളെ തെല്ലും ഭേദപ്പെടുത്തുവാൻ പോകുന്നില്ലെന്ന് അവിടെ ഉണ്ടായിരുന്ന ഡോക്ടർമാർ വിചാരിച്ചു. രോ

ഗികളായ യുദ്ധഭടന്മാരുടെ പരിചരണകൃത്യം സ്ത്രീകളായ നേഴ്സുമാരെ ഏല്പിയ്ക്കുന്നതു ബുദ്ധിശൂന്യമാണെന്നു സൈനികമെഡിക്കൽ ഡിപ്പാർട്ടുമെണ്ടുതന്നെ അഭിപ്രായം പ്രഖ്യാപിച്ചുകഴിഞ്ഞിരുന്നതാണ്. രോഗബാധിതരായ യുദ്ധഭടന്മാരെ പരിചരിയ്ക്കുന്നതിന് അവരുടെ ഭാര്യമാരെത്തന്നെ ഒരവസരത്തിൽ സൈനികമെഡിക്കൽഡിപ്പാർട്ടുമെൻറു വിനിയോഗിച്ചുനോക്കി. പക്ഷെ, യുദ്ധഭടന്മാരും അവരുടെ ഭാര്യമാരും ഒരുമിച്ചു മദ്യപിയ്ക്കുവാനും, അവരിൽ അസാന്മാർഗ്ഗികത്വം വർദ്ധിയ്ക്കുവാനും തുടങ്ങിയതോടുകൂടി ആ പരീക്ഷണം വേണ്ടെന്നുവെക്കുകയാണ് ചെയ്തത്. അതുകൊണ്ടു ഗവമ്മേണ്ടിൻെറ ഈ പ്രവൃത്തിയും മറെറാരു ഭീമാബദ്ധമാണെന്നായിരുന്നു ഡോക്ടർമാരുടെ അഭിപ്രായം.

എന്നാൽ ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ നിയമനം ഗവമ്മേണ്ടിൻേറതായിരുന്നതുകൊണ്ടു ഡോക്ടർമാക്ക് ആ നിയമനത്തെ സ്വീകരിയ്ക്കാതെ ഗത്യന്തരമില്ലായിരുന്നു. ഫ്ലോറൻസിനോടു പ്രതികൂലമായ ഒരു മനോഭാവം പ്രത്യക്ഷമായി പ്രകടമാക്കിയാൽ അതു തങ്ങൾക്കുതന്നെ ഹാനികരമായിരിയ്ക്കുമെന്ന് അവർ കരുതി. ഫ്ലോറൻസിൻെറ നിയമനത്തിൻെറ പിന്നിൽ വലിയ പിൻതുണയുണ്ടെന്നും, സിഡ്നിഹെർബട്ടും മന്ത്രിസഭാംഗങ്ങളും ഫ്ലോറൻസിൻെറ മിത്രങ്ങളായിരുന്നതുകൊണ്ട് ഫ്ലോറൻസിനോടുള്ള പ്രത്യക്ഷമായൊരു സംഘട്ടനം തങ്ങൾക്കുതന്നെ അത്യാപല്ക്കരമായിരിയ്ക്കുമെന്നും അവർ വിചാരിച്ചു. മാത്രമല്ല, തങ്ങളുടെ പ്രവൃത്തികളെപ്പററി അധികൃതന്മാക്കു രഹസ്യമായി റിപ്പോർട്ടയയ്ക്കുവാൻകൂടി ഫ്ലോറൻസ് നിയുക്തയാണോ എന്നും അവർ ശങ്കിയ്ക്കാതിരുന്നില്ല. എങ്കിലും 1854 നവംബർ 5-ാംനു- ഫ്ലോറൻസും കൂടെയുണ്ടായിരുന്ന പരിചരണസംഘവും ബാറക്ക് ആസ്പത്രിയിൽ പ്രവേശിച്ചപ്പോൾ ഡോക്ടർമാർ ആഹ്ലാദപൂർവ്വം സ്വീകരിച്ചു.

തനിയ്ക്കും തൻെറ സംഘത്തിനും താമസിയ്ക്കുവാൻ ഏർപ്പാടു ചെയ്തിരുന്ന സ്ഥലത്തെത്തിയപ്പോൾ ഫ്ലോറൻസിൻെറ നിരാശ അതിൻെറ മൂർദ്ധന്യത്തിലെത്തി. ആറു ചെറിയ മുറികളാണ് അവരുടെ താമസത്തിനുവേണ്ടി തയ്യാറാക്കിയിരുന്നത്. അവയിലൊന്നു പാചകമുറിയുമായിരുന്നു. ബാക്കിയുള്ള

അഞ്ചു മുറികളിൽ വേണ്ടിയിരുന്നു 40 പേക്കു താമസിയ്ക്കുവാൻ! മുറികളുടെ മേൽപ്പുരകൾ ചോച്ചയുള്ളവയായിരുന്നതിനാൽ മുറികളെല്ലാം മഴവെള്ളം വീണു നനഞ്ഞിരുന്നു. മേശകളോ കസേലകളോ കട്ടിലുകളോ ഒന്നും ആ മുറികളിലുണ്ടായിരുന്നില്ല. ആഹാരം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾപോലും അവിടെ ഉണ്ടായിരുന്നില്ല.

മുറികളുടെ വലിപ്പച്ചെറുപ്പമനുസരിച്ച്, 14 പേരെ ഒരു മുറിയിലും, 10 പേരെ രണ്ടാമത്തെ മുറിയിലും, സന്യാസിനികളായ 8 പേരെ മൂന്നാമത്തെ മുറിയിലും താമസിപ്പിക്കാമെന്നു ഫ്ലോറൻസ് നിശ്ചയിച്ചു. ഒരു ചെറിയ മുറി തനിയ്ക്കും മിസിസ് ബ്രെയ്സ് ബ്രിഡ്ജിനും നീക്കിവെച്ചു. അഞ്ചാമത്തേതു് ആപ്പീസുമുറിയാക്കുവാനും തീച്ചയാക്കി.

സന്യാസിനികൾ അവക്കായി നീക്കിവെച്ച മുറിയിലേയ്ക്കു ചെന്നപ്പോൾ അവർ ഭയന്ന് ഉടൻ അതിൽനിന്നു പിൻമാറി. ഒരു റഷ്യൻജനറലിന്റെ മൃതശരീരം ആ മുറിയിൽ കിടന്നിരുന്നു! അയാൾ മരണമടഞ്ഞിട്ട് എത്രയോ ദിനങ്ങളായിരുന്നെങ്കിലും ശവം സംസ്കരിയ്ക്കുന്നതിനുള്ള യാതൊരു ഏർപ്പാടും ചെയ്തിരുന്നില്ല. മിസ്റ്റർ ബ്രെയ്സ്ബ്രിഡ്ജ് രണ്ടു കൂലിക്കാരെ തേടിപ്പിടിച്ച് ആ ശവം അവിടെനിന്നു നീക്കം ചെയ്യിച്ചു.

തന്റെ സംഘത്തിൽ പെട്ടവക്കു ചായ പകർന്നുകുടിയ്ക്കുവാനുള്ള പാത്രവുമന്വേഷിച്ചു ഫ്ലോറൻ ആസ്പത്രിയിലേയ്ക്കു പോയി. പാട്ടപ്പാലിന്റെ ഒഴിഞ്ഞ ഏതാനും ടിന്നുകൾ മാത്രമാണ് ആ ആവശ്യത്തിനുവേണ്ടി കിട്ടിയതു്. ഫ്ലോറൻസ് അവയുമായി തിരിച്ചുവന്നശേഷം പല വിവരങ്ങളും തന്റെ സംഘത്തിലുള്ളവരോടു പറഞ്ഞു. അവക്കു നല്ലവാൻ യാതൊന്നുംതന്നെ ആസ്പത്രിയിൽ ഉണ്ടായിരുന്നില്ല. ശസ്ത്രക്രിയകൾ ചെയ്യുന്നതിനുള്ള "ഓപ്പറേഷൻമേശ" അവിടെ ഇല്ലായിരുന്നു. ഔഷധങ്ങൾ വളരെ അപൂർവ്വമായിരുന്നു. അവക്കു ജലപാനം ചെയ്യുന്നതിനും, ആഹാരം കഴിയ്ക്കുന്നതിനും, മുഖം കഴുകുന്നതിനും മററും ഒഴിഞ്ഞ ടിന്നുകൾ ഉപയോഗിയ്ക്കുകയേ നിവ്വാഹമുണ്ടായിരുന്നുള്ളു. ജലക്ഷാമം തീവ്രമായിരുന്നതുകൊണ്ട് ഒരാൾക്ക് ഒരു ദിവസം 12 ഔൺസ് വെള്ളമേ കിട്ടു

വാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. കുടിയ്ക്കുവാനോ, ചായ ഉണ്ടാക്കുവാനോ, മുഖം കഴുകുവാനോ ആ വെള്ളം ഉപയോഗിയ്ക്കേണ്ടിയിരുന്നു. ആ 12 ഔൺസ് വെള്ളം വാങ്ങുവാൻവേണ്ടി അവർ വരിവരിയായി കാത്തുനില്ക്കേണ്ടിയുമിരുന്നു.

രാത്രിയിൽ അവരുടെ മുറികളിൽ കത്തിയ്ക്കുവാൻ വിളക്കുകളോ മെഴുകുതിരികളോ ഉണ്ടായിരുന്നില്ല. എല്ലാവരും നിലത്തുതന്നെ കിടന്നു. പക്ഷെ, മൂട്ടയും ചെള്ളും കാരണം അവക്ക് ഉറങ്ങുവാൻ കഴിഞ്ഞില്ല.

ആസ്പത്രിയിൽ ഡോക്ടർമാർ ഫ്ലോറൻസിൻെറ സാന്നിദ്ധ്യത്തെ തീരെ അവഗണിയ്ക്കുയാണ് ചെയ്തത്. രോഗികൾക്ക് അത്യാവശ്യം വേണ്ടിയിരുന്ന ആഹാരപദാർത്ഥങ്ങളും മററും ഫ്ലോറൻസ് മാർസെയിൽസിൽനിന്നു വാങ്ങിക്കൊണ്ടുവന്നിരുന്നു. അവ ആവശ്യക്കാരായ രോഗികൾക്കു കൊടുക്കുവാൻ ഫ്ലോറൻസ് അനുവാദം ആവശ്യപ്പെട്ടതിൽ ഡോക്ടർമാർ അതു നിഷേധിയ്ക്കുയാണുണ്ടായത്. ഫ്ലോറൻസിൻെറ കീഴിലുള്ള നേഴ്സുമാരുടെ പരിചരണങ്ങൾപോലും ഡോക്ടർമാർ നിരാകരിച്ചു. രോഗികളെ പരിചരിച്ചുകൊണ്ടിരുന്നതു പുരുഷന്മാരായ "ഓഡർലീസ്" ആയിരുന്നു. രോഗവിമുക്തരായ യുദ്ധഭടന്മാർതന്നെയായിരുന്നു അവർ. രോഗം മാറിയ ശേഷം സൈന്യത്തിലേയ്ക്കു മടങ്ങിപ്പോകുന്നതുവരെയുള്ള സമയം മററുള്ള രോഗികളെ പരിചരിയ്ക്കുവാൻ അവർ നിയുക്തരായിരുന്നു. രോഗപരിചരണത്തിനുള്ള പരിചയമോ പ്രാവീണ്യമോ അവക്കുണ്ടായിരുന്നില്ല. മാത്രമല്ല, ആ ജോലിതന്നെ അവക്ക് അരോചകമായിരുന്നുതാനും.

രോഗികൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ കഴിയുന്നതിനുമുമ്പ് ഡോക്ടർമാരുടെ വിശ്വാസം സമാർജ്ജിയ്ക്കുകയാണ് താൻ ആദ്യമായി ചെയ്യേണ്ടതെന്നു ഫ്ലോറൻസ് മനസ്സിലാക്കി. ഡോക്ടർമാർ തന്നോട് ആവശ്യപ്പെടാതെ തൻെറ നേഴ്സുമാരുടെ സഹായവും, താൻ കൊണ്ടുവന്നിട്ടുള്ള പദാർത്ഥങ്ങളും നല്കുവാൻ താൻ ഇനി ഒരിയ്ക്കലും ഉദ്യമിയ്ക്കുരുതെന്നും അവൾ ദൃഢനിശ്ചയം ചെയ്തു. ഡോക്ടർമാരുടെ ജോലികളിൽ കൈകടത്തുവാനോ, അവരെ തങ്ങളിലേയ്ക്കു സമാകർഷിയ്ക്കുവാനോ അല്ല തങ്ങൾ അവിടെ ചെന്നിട്ടുള്ളതെന്നും, ഡോക്ടർമാരു

ടെ അധികാരത്തിനു പരിപൂർണ്ണവിധേയരായി വർത്തിയ്ക്കുവാൻ തങ്ങൾ സന്നദ്ധരാണെന്നും, ഡോക്ടർമാരെ ബോദ്ധ്യപ്പെടുത്തണമെന്നും ഫ്ലോറൻസ് നിശ്ചയിച്ചു.

പക്ഷേ, ഈ ലക്ഷ്യം പ്രാപിയ്ക്കുവാൻ വലിയ മനോധൈര്യം ഫ്ലോറൻസിനു് ആവശ്യമായിരുന്നു. രോഗികൾ പലവിധ യാതനകൾ അനുഭവിയ്ക്കുന്നതു കണ്ടിട്ടും തങ്ങളുടെ സേവനങ്ങളെ ഉപയോഗപ്പെടുത്താത്തതിൽ ഫ്ലോറൻസിന്റെ സംഘത്തിൽ പെട്ടവർ പിറുപിറുക്കുവാൻ തുടങ്ങി. ഫ്ലോറൻസിന്റെ നേതൃത്വം തങ്ങൾ സ്വീകരിച്ചതുതന്നെ തെററായിപ്പോയെന്നു് അവർ അഭിപ്രായപ്പെട്ടു. തന്റെ കീഴിലുള്ളവരുടെ ഈ അഭിപ്രായപ്രകടനങ്ങൾ കേട്ടുവെങ്കിലും ഫ്ലോറൻസ് മൌനം ദീക്ഷിച്ചതേയുള്ളു.

H 431

നവമ്പർ 6-ാംനു- യുദ്ധത്തിൽ മുറിവേററവരെയുംകൊണ്ടു ബാലക്ലാവ എന്ന സ്ഥലത്തുനിന്നു് ഒരു കപ്പൽ സ്കുട്ടാറിയിലെത്തി. ആസ്പത്രിയിലെ അസൌകര്യങ്ങളും രോഗികളുടെ യാതനകളും പതിന്മടങ്ങു വർദ്ധിച്ചു. ഉടനെ 28 നേഴ്സുമാരെ ബാറക്കു് ആസ്പത്രിയിലേയ്ക്കും, 10 പേരെ കാൽ മൈൽ അകലെയുണ്ടായിരുന്ന ജനറൽ ആസ്പത്രിയിലേയ്ക്കും ഫ്ലോറൻസ് അയച്ചു. പക്ഷേ, ഡോക്ടർമാർ ആവശ്യപ്പെടാതെ യാതൊരു നേഴ്സും ഏതൊരു വാർഡിലും പ്രവേശിച്ചുപോകരുതെന്നായിരുന്നു ഫ്ലോറൻസ് അവർക്കു നല്കിയിരുന്ന ആജ്ഞ. വാർഡുകളിൽ പ്രവേശനം ലഭിച്ചശേഷം ഡോക്ടർമാരുടെ നിർദ്ദേശങ്ങൾ പ്രത്യക്ഷരം അനുവർത്തിച്ചുകൊള്ളണമെന്നും ഫ്ലോറൻസ് അവരോടു് ആജ്ഞാപിച്ചിരുന്നു. രോഗാതുരപരിചരണത്തിനുള്ള ആവശ്യം അതിന്റെ മൂർദ്ധന്യത്തിലെത്തിയിട്ടുപോലും, അവരുടെ ആജ്ഞകൾ കാത്തുകൊണ്ടു് അവരുടെ സമീപേ വർത്തിച്ച ആ നേഴ്സുമാരുടെ സേവനത്തെ ഡോക്ടർമാർ ആവശ്യപ്പെട്ടില്ല. ഫ്ലോറൻസിനോടും അവളുടെ പരിചരണസംഘത്തോടും ആ ഡോക്ടർമാർക്കുണ്ടായിരുന്ന എതിർപ്പ് അത്രയ്ക്കു രൂക്ഷമായിരുന്നു.

അദ്ധ്യായം 9

## രാജ്ഞിയുടെ അഭിനന്ദനം

ക്രീമിയായുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്ന യുദ്ധഭടന്മാരിൽ രോഗം ബാധിച്ചവരുടേയും അംഗഭംഗം സംഭവിച്ചവരുടേയും സംഖ്യ ദിനേന വർദ്ധിച്ചുകൊണ്ടിരുന്നു. അവരെയെല്ലാം സ്കുട്ടാറിയിലേയ്ക്കാണ് സൈനികാധികൃതർ അയച്ചത്. ബാറക്ക് ആസ്പത്രിയിലെ എല്ലാ കെട്ടിടങ്ങളും രോഗികളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞു. അവരെ കിടത്തുവാനോ പരിചരിയ്ക്കുവാനോ ഉള്ള യാതൊരു ഏർപ്പാടുകളും അവിടെ ഉണ്ടായിരുന്നില്ല. രോഗികളുടെ സംഖ്യാബാഹുല്യംകൊണ്ട് അവരെ തിരിഞ്ഞുനോക്കുവാൻപോലും ഡോക്ടർമാർക്കു സൌകര്യം കിട്ടിയില്ല. എന്തു ചെയ്യണമെന്നു ഡോക്ടർമാർക്കുതന്നെ നിശ്ചയമില്ലാതായി. സ്കുട്ടാറിയിലെത്തിയിരുന്ന റവ. സിഡ്നി ഗൊഡോൽഫിൻ ഓസ്ബോൺ, പാർലിമെണ്ടുമെമ്പറായ മി. അഗസ്റ്റസ് സ്റ്റാഫോർഡ് ആദിയായ സന്ദർശകന്മാർക്കുപോലും രോഗികളെ സ്വീകരിയ്ക്കുന്നതിലും അവർക്കുവേണ്ട പരിചരണങ്ങൾ നല്കുന്നതിലും ദത്തശ്രദ്ധരാകേണ്ടിവന്നു. പൊതുവെ ഒരു ബഹളം പൂണ്ട പ്രകൃതിയാണ് ബാറക്ക് ആസ്പത്രി അപ്പോൾ അവലംബിച്ചത്.

എന്തു ചെയ്യണമെന്നറിയാതെ അമ്പരന്ന ഡോക്ടർമാർ ഒടുവിൽ ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ സഹായം അഭ്യർത്ഥിയ്ക്കുവാൻ നിർബദ്ധരായി. ഉടനെ ഫ്ലോറൻസും അവരുടെ കീഴിലുള്ള നേഴ്സുമാരും ഡോക്ടർമാരുടെ സഹായത്തിനെത്തി. ചാക്കുകൾകൊണ്ടു കിടക്കകൾ തയിക്കയും അവ വൈക്കോൽ നിറച്ചു രോഗികൾക്കുവേണ്ട ശയനോപകരണങ്ങൾ തയ്യാറാക്കയും ചെയ്യുന്നതിലാണ് അവരുടെ ശ്രദ്ധ ആദ്യമായി പതിഞ്ഞത്. ആസ്പത്രിയിലെ മാലിന്യങ്ങൾ അടിച്ചുവാരി സ്ഥലം ശുചീകരിയ്ക്കുന്ന വിഷയത്തിലും ഫ്ലോറൻസ്

പ്രത്യേകം ശ്രദ്ധിച്ചു. അംഗഭംഗം വന്നവരുടെ കൈകാലുകൾ മുറിച്ചിരുന്നതു മററുള്ള രോഗികളുടെ മുമ്പിൽവെച്ചായിരുന്നു. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ ഫ്ലോറൻസ് ഒരു "സ്ക്രീൻ" കോൺസ്റ്റാൻടിനോപ്പോളിൽനിന്നു വാങ്ങിപ്പിച്ചു.

സ്കുട്ടാറിയിലെ ആസ്പത്രിയിലേയ്ക്കാവശ്യമായ പല ഉപകരണങ്ങളും ഔഷധങ്ങളും വഹിച്ചുകൊണ്ട് "പ്രിൻസ്" എന്നൊരു കപ്പൽ ഇംഗ്ലണ്ടിൽനിന്നു വരുന്നുണ്ടായിരുന്നു. ആ കപ്പൽ മാർഗ്ഗമദ്ധ്യേ കൊടുങ്കാററിൽപെട്ടു മുങ്ങിപ്പോയതോടുകൂടി സ്കുട്ടാറിയിലെ ആസ്പത്രി അധികൃതരിലുണ്ടായിരുന്ന ആശാദീപം അണഞ്ഞുപോയി.

രോഗികളുടെ വർദ്ധനയോടുകൂടി സ്കുട്ടാറി ആസ്പത്രിയുടെ ഭരണസാരഥ്യം വഹിച്ചിരുന്നവരിലും അധികാരപരമായ ഒരു അമ്പരപ്പുണ്ടായി. ആവശ്യങ്ങൾക്കുവേണ്ട പണം ചിലവഴിയ്ക്കുവാനുള്ള അധികാരം തങ്ങൾക്കില്ലെന്ന് ആസ്പത്രി അധികൃതർ പറയുവാൻ തുടങ്ങി. തന്മൂലം, പല അവശ്യസാധനങ്ങൾപോലും ആ ആസ്പത്രിയിലുണ്ടായിരുന്നില്ല. കക്കൂസുകൾ വൃത്തിയാക്കുവാനുള്ള കൂലിക്കാക്കു കൊടുക്കുവാൻ പണമില്ലാത്തതുകൊണ്ടു കക്കൂസുകളിൽ മാലിന്യം കുമ്പാരം കൂടിക്കിടക്കയായിരുന്നു. സ്കുട്ടാറിയിലെ ആസ്പത്രിയെ അതിൻെറ ദാരുണാവസ്ഥയിൽനിന്നു സമുദ്ധരിയ്ക്കുന്നതിന് ഒരാൾക്കേ ശക്തിയുള്ളു എന്ന് ആസ്പത്രിയിലെ ഡോക്ടർമാർക്ക് ഏതാണ്ട് ഇപ്പോൾ മനസ്സിലായിത്തുടങ്ങി. ആ ഏകവ്യക്തി ഫ്ലോറൻസ് നൈററിൻഗെയ്ലായിരുന്നു. ആസ്പത്രികളുടെ ആവശ്യങ്ങൾക്കുവേണ്ടി ചിലവഴിയ്ക്കുന്നതിനു ഫ്ലോറൻസിൻെറ കൈവശം 37,000 പവനുണ്ടായിരുന്നു. ഇതിൽ 7,000 പവൻ ഇംഗ്ലണ്ടു വിടുന്നതിനുമുമ്പു ഫ്ലോറൻസു തന്നെ സഹൃദയരിൽനിന്നു പിരിച്ചെടുത്തതായിരുന്നു.

ആസ്പത്രി അധികൃതന്മാർ തൻെറ സഹായം അഭ്യർത്ഥിച്ചതോടുകൂടി ആസ്പത്രിയുടെ സമൂലമായ സമുദ്ധാരണത്തിന്നായി ഫ്ലോറൻസു മുന്നോട്ടുചെന്നു. അവൾ സിഡ്നി ഗൊഡോൽഫിൻ ഓസ്ബോണിനേയും അഗസ്റ്റസ് സ്റ്റാഫോർഡിനേയും മകഡോനൾഡ് എന്ന മറെറാരു മാന്യനേ

യും തന്റെ പ്രവർത്തകസഖാക്കളായി തിരഞ്ഞെടുത്തു. ഓരോ ദിവസവും ഫ്ലോറൻസ് ആസ്പത്രിയിൽ കുറവുള്ളതോ ആവശ്യമുള്ളതോ ആയ സാമാനങ്ങളുടെ ഒരു ലിസ്റ്റ് എടുക്കുകയും, മകഡോനാൾഡിനെ കോൺസ്റ്റാണ്ടിനോപ്പോളിലേയ്ക്കയച്ച് അവ വാങ്ങിപ്പിയ്ക്കുകയും, അവയെല്ലാം സ്റ്റോറിൽ സൂക്ഷിച്ചുകൊണ്ടു മെഡിക്കൽ ഓഫീസർ ഔദ്യോഗികമായ ഒരു ഫോറത്തിലെഴുതി ആവശ്യപ്പെടുന്നതനുസരിച്ച് ആ സാമാനങ്ങൾ നല്കിത്തുടങ്ങുകയുംചെയ്തു.

ആസ്പത്രിയിലെ വാർഡുകൾ തേച്ചുകഴുകുവാൻ ഫ്ലോറൻസ് ഇരുനൂറു ബ്രഷുകളാണ് വാങ്ങിച്ചത്. അവ ഉപയോഗിച്ചു നേഴ്സിങ്ങ് ഓഡർലികളെക്കൊണ്ട് വാർഡുകൾ തേച്ചുകഴുകിച്ചു. അനേക മണിക്കൂറുകൾതന്നെ ഫ്ലോറൻസ് അവരുടെ അടുത്തു നിന്നുകൊണ്ടാണ് ആ കൃത്യം ദിവസേന ചെയ്യിച്ചത്. രോഗികളുടെ വൃത്തിശൂന്യമായിരുന്നതും ചെള്ളുകളും മൂട്ടകളും നിറഞ്ഞിരുന്നതുമായ വസ്ത്രങ്ങൾ അലക്കി വൃത്തിയാക്കിക്കൊടുക്കുവാനുള്ള ഏർപ്പാടുകളും ഫ്ലോറൻസ് ചെയ്തു. ആസ്പത്രിയിൽ മകഗ്രിഗർ എന്നൊരു ഡോക്ടർ ഫ്ലോറൻസിന്റെ കീഴിലുള്ള നേഴ്സുമാരെ രോഗപരിചരണകൃത്യങ്ങളിൽ ധാരാളമായി ഉപയോഗപ്പെടുത്തുവാനും തുടങ്ങി.

ഡിസമ്പർ അവസാനത്തോടുകൂടി ആസ്പത്രിയിലേയ്ക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്ന ഏർപ്പാടു മുഴുവൻ ഫ്ലോറൻസുതന്നെ ചെയ്യേണ്ടിവന്നു. നവമ്പർ ഡിസമ്പർ എന്നീ മാസങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ ആവശ്യമനുസരിച്ച് 6,000 ഷർട്ടുകളും, 2,000 കാലുമേസ്സുകളും 500 ഡ്രോയേഴ്സുമാണ് ഫ്ലോറൻസ് ആസ്പത്രിയിലെ ആവശ്യാർത്ഥം വാങ്ങിയത്. ഇവയ്ക്കു പുറമെ, ആഹാരം കഴിയ്ക്കുന്നതിന്നുള്ള പ്ലെയ്റ്ററുകൾ, കപ്പുകൾ, ഫോക്കുകൾ, സ്പൂണുകൾ, മേശകൾ, കസാലകൾ, ശസ്ത്രക്രിയകൾക്കുള്ള പ്രത്യേകമേശകൾ, ക്ലോക്കുകൾ, സോപ്പ്, ടവലുകൾ എന്നിങ്ങനെയുള്ള അവശ്യസാമാനങ്ങൾ ഫ്ലോറൻസ് ധാരാളമായി വാങ്ങി.

ബാറക്ക് ആസ്പത്രിയിലെ കെട്ടിടങ്ങളെല്ലാം നിറഞ്ഞു. കഴിഞ്ഞതുകൊണ്ട് പുതുതായി വന്നുചേർന്നുകൊണ്ടിരുന്ന രോഗികളെ കിടത്തുവാൻ സ്ഥലമില്ലാതായി. തന്മൂലം, ആസ്പത്രി

യുടെ അഗ്നിക്കിരയായിരുന്ന ഒരു ഭാഗം പുനരുദ്ധരിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നു. ആ പുനരുദ്ധാരണജോലികൾ ഫ്ലോറൻസ് നിർവ്വഹിക്കയും, രോഗികളെ കിടത്തുന്നതിനുള്ള സജ്ജീകരണങ്ങളെല്ലാം അവിടെ ചെയ്കയും ചെയ്തു.

ഫ്ലോറൻസിന്റെ നിസ്വാർത്ഥമായ പ്രയത്നങ്ങൾകൊണ്ടു ബാറക്ക് ആസ്പത്രിയിൽ വന്നുചേർന്ന മാററങ്ങൾ അത്ഭുതാവഹമായിരുന്നു. രോഗികളായ യുദ്ധഭടന്മാർ ഫ്ലോറൻസിനെ ആരാധിയ്ക്കുവാൻ തുടങ്ങി. ആ പ്രഖ്യാതി സ്കുട്ടാറിയിൽ മാത്രമല്ല, അയൽപ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചു. എന്നാൽ, ഫ്ലോറൻസിനുണ്ടായ ഈ വിജയങ്ങൾ തന്നെ അഹങ്കരിപ്പിച്ചില്ല. രോഗപരിചരണത്തിനു് സ്ത്രീകൾക്കുള്ള പ്രകൃതിസിദ്ധമായ കഴിവിനെ നിസ്തക്കമായി സ്ഥാപിക്കണമെന്നുള്ളതായിരുന്നു ഫ്ലോറൻസിന്റെ തത്സമയത്തെ പ്രധാനലക്ഷ്യം.

H 431

ഈ ലക്ഷ്യം ഏതാണ്ടു് സാധിയ്ക്കാറായപ്പോൾ സ്ത്രീകൾ തന്നെയായി ഫ്ലോറൻസിന്റെ ശത്രുക്കൾ. ആ പരിചരണസംഘത്തിൽ സിസ്റ്റർ എലിസബെത്തു് എന്നൊരു സന്യാസിനിയുണ്ടായിരുന്നു. വയറിളക്കവും രക്താതിസാരവും ബാധിച്ച രോഗികളുടെ വാർഡുകളിലായിരുന്നു സിസ്റ്റർ എലിസബെത്തു് ജോലിചെയ്തിരുന്നതു്. തന്റെ മേൽനോട്ടത്തിലുള്ള രോഗികൾക്കു് കൊടുത്തിരുന്ന ആഹാരങ്ങൾ അവക്കു് അപര്യാപ്തമാണെന്നും, അതുകൊണ്ടു് കൂടുതൽ ആഹാരപദാർത്ഥങ്ങൾ തന്റെ വാർഡുകളിലേയ്ക്കു നല്കണമെന്നും അവൾ ഫ്ലോറൻസിനോടു് ആവശ്യപ്പെട്ടു. ഡോക്ടർമാർ ആവശ്യപ്പെടാതെ താൻ അപ്രകാരം ചെയ്കയില്ലെന്നു് ഫ്ലോറൻസ് ശഠിച്ചു. സിസ്റ്റർ എലിസബെത്തു് ക്രുദ്ധയായി. അവൾ സ്കുട്ടാറിയിലെ സ്ഥിതിഗതികളെ അതിവർണ്ണനം ചെയ്തുകൊണ്ടു് പല കത്തുകളും ഇംഗ്ലണ്ടിലുണ്ടായിരുന്ന തന്റെ കുടുംബാംഗങ്ങൾക്കു് എഴുതി. ആ കത്തുകളിലൊന്നു് ആ കുടുംബാംഗങ്ങൾ "ദി ടൈംസ്" പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. അതിലെ ആരോപണങ്ങളെ അടിസ്ഥാനമാക്കി "ടൈംസ്"പത്രം ഗവമ്മേണ്ടിനെ അധിക്ഷേപിച്ചു. ആ ആരോപണങ്ങളെപ്പററി അന്വേഷിയ്ക്കുവാൻ ഗവമ്മേണ്ടു് ഒരു കമ്മീഷനെ സ്കുട്ടാറിയിലേയ്ക്കയച്ചു. അവരുടെ അന്വേഷണത്തിൽ സിസ്റ്റർ എലി

സഖത്തിൻെറ ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് തെളിഞ്ഞു. സിസ്റ്റർ എലിസബത്ത് ജോലി രാജിവെച്ച് ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി.

ഈ സംഭവം കഴിഞ്ഞപ്പോൾ ഫ്ലോറൻസിൻെറ മനസ്സിനെ അസ്വസ്ഥമാക്കിയ മറെറാരു സംഭവമുണ്ടായി. മേരിസ്റ്റാൻലിയുടെ നേതൃത്വത്തിൽ 46 പേരടങ്ങിയ ഒരു നേഴ്സിങ്സംഘം ഉടനെ സ്കുട്ടാറിയിലെത്തുന്നുണ്ടെന്നുള്ള വിവരം ഫ്ലോറൻസ് അറിഞ്ഞു. പക്ഷേ, ഈ സംഘത്തെ അയയ്ക്കുന്നതിനെപ്പററി അധികൃതന്മാർ യാതൊരു ആലോചനയും ഫ്ലോറൻസുമായി ചെയ്തിരുന്നില്ല. മാത്രമല്ല, അത് സിഡ്നി ഹെർബ്ബട്ട് ഫ്ളോറൻസിനോട് ചെയ്തിരുന്ന ഖരാറുകൾക്ക് കടകവിരുദ്ധമായ ഒരു കൃത്യവുമായിരുന്നു. തന്നോടു ചെയ്ത വാഗ്ദാനങ്ങളെ ഇപ്രകാരം ഉല്ലംഘിച്ചതിനെപ്പററി അതിനിശിതമായ ഭാഷയിൽ ഒരു കത്തെഴുതി ഫ്ളോറൻസ് സിഡ്നി ഹെർബ്ബട്ടിനയച്ചു.

മേരി സ്റ്റാൻലിയും സംഘവും "ഈജിപ്ത്" എന്നൊരു കപ്പലിൽ കോൺസ്റ്റാൻടിനോപ്പോളിലെത്തി. മിസ്റ്റർ ബ്രെയ്സ്ബ്രിഡ്ജ് കപ്പലിൽ ചെന്ന് അവരെ സന്ദർശിക്കയും, സ്കുട്ടാറിയിൽ അവരുടെ താമസത്തിനും ആഹാരത്തിനും മററും യാതൊരു സൌകര്യവുമില്ലാത്തതുകൊണ്ട് അവർ കരയ്ക്കിറങ്ങുന്നത് അവിവേകമായിരിയ്ക്കുമെന്ന് ഉപദേശിക്കയും ചെയ്തു. പക്ഷേ, അവർ ആ ഉപദേശം സ്വീകരിച്ചില്ല.

കരയ്ക്കിറങ്ങിയ മേരിസ്റ്റാൻലിയ്ക്കും സംഘത്തിനും പല ബുദ്ധിമുട്ടുകളും അനുഭവിയ്ക്കേണ്ടിവന്നു. അവരുടെ ചിലവിലേയ്ക്കായി 1500 പവനേ അവരുടെ കൈവശമുണ്ടായിരുന്നുള്ളു. ആ സംഖ്യ യാത്രാമദ്ധ്യേതന്നെ തീർന്നിരുന്നു. ബാറക്ക് ആസ്പത്രി അധികൃതരാകട്ടെ, സൈനികാധികാരികളാകട്ടെ, ആരും അവരെ സഹായിയ്ക്കുവാൻ മുതിർന്നില്ല. ഒടുവിൽ ഫ്ളോറൻസും ആസ്പത്രി അധികൃതന്മാരും മററുമായി നടത്തിയ കൂടിയാലോചനകളുടെ ഫലമായി മേരി സ്റ്റാൻലിയുടെ സംഘത്തെ മൂന്നായി ഭാഗിച്ച്, ഓരാ വിഭാഗത്തെയും ഓരോരോ സ്ഥലങ്ങളിൽ ജോലിയ്ക്കായി നിയോഗിച്ചു. കൌലാലി എന്ന സ്ഥലത്തേയ്ക്കാണ് മേരി സ്റ്റാൻലി നിയമിയ്ക്കപ്പെട്ടതെങ്കിലും,

അവർ താമസിയാതെ രാജിവെച്ച് ഇംഗ്ലണ്ടിലേയ്ക്കുതന്നെ മടങ്ങിപ്പോവുകയാണ് ചെയ്തത്.

മേരി സ്റ്റാൻലിയുടെയും സംഘത്തിൻെറയും ആഗമനം ഫ്ളോറൻസിൻെറ അധികാരത്തിനും പ്രവൎത്തനങ്ങൾക്കും വലിയ കോട്ടം വരുത്തിയിരുന്നു. തന്മൂലം, ഫ്ളോറൻസിൻെറ മനസ്സു വളരെ പ്രക്ഷുബ്ധമായി. ആ മാനസികാസ്വാസ്ഥ്യത്തേയും അധികാരവിലോപത്തേയും വിപാടനം ചെയ്യുവാൻ ആ സന്ദർഭത്തിൽ ഒരു സംഭവമുണ്ടായി. ക്രീമിയാരണാങ്കണത്തിൽ മുറിവേററവരും രോഗബാധിതരുമായ യുദ്ധഭടന്മാരോടു തനിയ്ക്കുള്ള അകൈതവമായ അനുകമ്പയേയും, അവരുടെ ക്ഷേമത്തിൽ തനിയ്ക്കുള്ള അതീവശ്രദ്ധയേയും, ആ യുദ്ധഭടന്മാരുടെ യാതനകളെ ദൂരീകരിയ്ക്കുവാൻ ഫ്ളോറൻസ് നൈററിൻഗെയ്ൽ ചെയ്തുകൊണ്ടിരുന്ന നിസ്തുല സേവനങ്ങളിൽ തനിയ്ക്കുള്ള അഭിമാനത്തേയും രേഖപ്പെടുത്തുന്നതായ ഒരു കത്ത് ഇംഗ്ലണ്ടിലെ വിക്ടോറിയാരാജ്ഞി സിഡ്നി ഹെർബർട്ടിനയച്ചു. ഹെർബർട്ട് ആ കത്തു ഫ്ളോറൻസിനയച്ചുകൊടുത്തു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ രാജ്ഞിയിൽനിന്ന് ഒരു കത്തു നേരിട്ടു ഫ്ളോറൻസിനു ലഭിച്ചു. ഫ്ളോറൻസിൻെറ സേവനങ്ങളെ രാജ്ഞി അതിൽ മുക്തകണ്ഠം പ്രശംസിച്ചിരുന്നു. മാത്രമല്ല, അവശരും രോഗികളുമായ യുദ്ധഭടന്മാൎക്കു നല്കുവാനായി കുറെ അധികം സമ്മാനങ്ങൾ രാജ്ഞി അയയ്ക്കുന്നുണ്ടെന്നും, അതു ഫ്ളോറൻസുതന്നെ രാജ്ഞിയ്ക്കുവേണ്ടി യുദ്ധഭടന്മാൎക്കിടയിൽ വിതരണം ചെയ്യണമെന്നും ആ കത്തിൽ രാജ്ഞി പ്രസ്താവിച്ചിരുന്നു.

ഒരു യുദ്ധഭടനു മുറിവേല്ക്കുയോ രോഗം ബാധിയ്ക്കുയോ ചെയ്താൽ അയാൾ ആസ്പത്രിയിൽ കഴിച്ചുകൂട്ടുന്ന ദിവസങ്ങൾ ഓരോന്നിനും അയാളുടെ ശമ്പളത്തിൽനിന്നു 9 പെനി വീതം കുറയ്ക്കുന്ന ഒരേർപ്പാട് അക്കാലത്തുണ്ടായിരുന്നു. ആ സമ്പ്രദായം നിറുത്തിക്കളയണമെന്നും, സ്കുട്ടാറിയിലെ ശ്മശാനഭൂമികൾ ബ്രിട്ടീഷുകാരുടെ ഉപയോഗത്തിനായി വിട്ടുകൊടുക്കണമെന്നു ടൎക്കിയിലെ സുൽത്താനോടു രാജ്ഞി ആവശ്യപ്പെടണമെന്നും ഫ്ളോറൻസ് ഇംഗ്ലണ്ടിലെ രാജ്ഞിയ്ക്കു നേരിട്ടെഴുതി. രാജ്ഞിയുടെ ശ്രദ്ധ ഉടനെ ഈ രണ്ടു കാര്യങ്ങളിലും പതിയുകയും,

തദ്വിഷയങ്ങളിൽ വേണ്ട നടപടികളെടുക്കയും ചെയ്തു. തൽഫലമായി യുദ്ധഭടന്മാരുടെ ശമ്പളക്കുറവു പരിഹരിക്കപ്പെടുകയും, സ്കുട്ടാറിയിലെ ശ്മശാനങ്ങൾ ബ്രിട്ടീഷുകാരുടെ ഉപയോഗത്തിനായി ലഭിക്കുകയും ചെയ്തു.

ഈ സന്ദർഭത്തിൽ ഇംഗ്ലണ്ടിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ കാറും കറുപ്പും പരക്കുന്നുണ്ടായിരുന്നു. ക്രീമിയായിലെ ബ്രിട്ടീഷു സൈന്യത്തിൻെറ സ്ഥിതിഗതികളെപ്പററിയും, ആ സൈന്യത്തിൻെറ ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ ഉത്തരവാദപ്പെട്ടിരുന്ന ഗവർമ്മേണ്ടുഡിപ്പാർട്ടുമെൻറുകളുടെ പ്രവൃത്തികളെപ്പററിയും അന്വേഷിക്കുവാൻ ഒരു കമ്മിററിയെ നിയമിക്കണമെന്ന ഒരു പ്രമേയം ഒരു റാഡിക്കൽ മെമ്പർ ബ്രിട്ടീഷ് പാർലിമെൻറിൽ അവതരിപ്പിച്ചു. 157 പേരുടെ ഭൂരിപക്ഷത്തോടുകൂടി അതു പാസ്സായി. അതോടുകൂടി മന്ത്രിസഭ രാജിവെച്ചു. സിഡ്നി ഹെർബട്ട് ഉദ്യോഗത്തിൽനിന്നു നിഷ്കാസിതനായി. പാൽമേർസ്റ്റൻ പ്രഭുവാണ് അടുത്ത പ്രധാനമന്ത്രിയായിത്തീർന്നത്. അദ്ദേഹം ഫ്ലോറൻസ് നൈററിൻഗെയിലിൻെറ ഒരു സ്നേഹിതനായിരുന്നു. അദ്ദേഹം ഫ്ലോറൻസിൽനിന്നു റിപ്പോർട്ടുകൾ ആവശ്യപ്പെട്ടു. ക്രീമിയായുദ്ധരംഗത്തിലെ റിപ്പോർട്ടുകൾ ഫ്ലോറൻസ് തുടർച്ചയായി പാൽമേർസ്റ്റൻ പ്രഭുവിന് അയയ്ക്കുവാൻ തുടങ്ങി. പ്രധാനമന്ത്രി അവ വായിച്ചുകഴിഞ്ഞശേഷം രാജ്ഞിയുടെ ആവശ്യപ്രകാരം രാജ്ഞിക്കയച്ചുകൊണ്ടിരുന്നു. ഫ്ലോറൻസിൻെറ പ്രസ്തുത റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി, പ്രധാനമന്ത്രി സ്കുട്ടാറിയിലേയ്ക്കും ക്രീമിയായിലേയ്ക്കും ഒരു സാനിട്ടറിക്കമ്മീഷനെ നിയമിച്ചു.

അധ്യായം 10

# രോഗബാധ

1855 വസന്തത്തോടുകൂടി ഫ്ലോറൻസ് നൈററിൻഗെയ്‌ലിൻെറ ആരോഗ്യം തീരെ ക്ഷയിച്ചുകഴിഞ്ഞു. കൃശഗാത്രിയായിരുന്ന അവർ സ്‌കുട്ടാറിയിലേയ്ക്കു പോകുന്നതിനുമുമ്പ് ജീവിതസുഖസൌകര്യങ്ങളുടെ മദ്ധ്യേയാണ് ജീവിച്ചിരുന്നത്. എന്നാൽ സ്‌കുട്ടാറിയിൽ ചെന്നശേഷം ചിന്തിയ്ക്കുവാൻപോലും അസാദ്ധ്യമായ പരിതസ്ഥിതികളിലാണ് താൻ രാപകൽ കഴിച്ചുകൂട്ടിയത്. താമസിച്ചിരുന്ന മുറിയുടെ മേൽപ്പുര ചോർച്ചയുള്ളതായിരുന്നതിനാൽ മഴ പെയ്യുന്ന സന്ദർഭങ്ങളിലെല്ലാം ആ മുറി ഒരു ജലപ്രളയസ്ഥലമായി രൂപാന്തരപ്പെട്ടുകൊണ്ടിരുന്നു. അവക്ക് ലഭിച്ചിരുന്ന ആഹാരം ഭക്ഷിക്കുവാൻ തീരെ കൊള്ളരുതാത്തതായിരുന്നു. ദിനംതോറും 12 ഔൺസ് വെള്ളംകൊണ്ടു വേണ്ടിയിരുന്ന ജലത്തിൻെറ ആവശ്യങ്ങൾ നിർവ്വഹിയ്ക്കുവാൻ. തൻെറ മുറി മാത്രമല്ല, ആസ്‌പത്രിക്കെട്ടിടം മുഴുവനും ചെള്ളും മൂട്ടയുംകൊണ്ട് നിറഞ്ഞിരുന്നതിനാൽ എങ്ങു തിരിഞ്ഞാലും അവയുടെ കടിയേല്ക്കേണ്ടിവന്നു. ആസ്‌പത്രിയിൽനിന്നും പരിസരങ്ങളിൽനിന്നും വമിച്ചുകൊണ്ടിരുന്ന ദുർഗ്ഗന്ധം ദുസ്സഹമായിരുന്നു. ബാറക്ക് ആസ്‌പത്രിയിൽനിന്ന് കാൽ മൈൽ അകലെയുള്ള ജനറൽ ആസ്‌പത്രിയിലേയ്ക്കല്ലാതെ, ഫ്ലോറൻസ് പുറത്തു മറെറാരു സ്ഥലത്തും പോയിരുന്നില്ല.

മുറിവേററവരും രോഗികളുമായ യുദ്ധഭടന്മാർ സ്‌കുട്ടാറിയിലെത്തുന്ന ഓരോ സന്ദർഭത്തിലും 24 മണിക്കൂർ ഒന്നിച്ച് ഫ്ലോറൻസ് യാതൊരു വിശ്രമവുമില്ലാതെ ജോലിചെയ്യുമായിരുന്നു. രോഗികളുടെ വ്രണങ്ങൾ കെട്ടിക്കൊടുക്കുവാൻ പലപ്പോഴും താൻ ദിവസേന എട്ടുമണിക്കൂറുകൾ മുട്ടിൽതന്നെ കഴിച്ചുകൂട്ടുക പതിവായിരുന്നു. സാംക്രമികരോഗങ്ങളെ സംബന്ധിച്ച് ത

നിക്ക് യാതൊരു ഭയവുമുണ്ടായില്ല. ഒരു രോഗി മരിക്കുമെന്നു തോന്നിയാൽ അയാൾ മരിക്കുന്നതുവരെ ഫ്ലോറൻസ് അയാളുടെ അടുത്തിരുന്ന് അയാളുടെ മരണവേദനയെ ലഘൂകരിക്കുവാൻ തനിക്കു ചെയ്വാൻ കഴിയുന്നതെല്ലാം ചെയ്തുകൊണ്ടിരുന്നു. സുബോധത്തോടുകൂടി മരിക്കുന്ന യാതൊരു ഭടനേയും അയാളുടെ മരണവിനാഴികയിൽ ഏകാകിയായി ഫ്ലോറൻസ് വിട്ടിരുന്നില്ല. ബോധരഹിതാവസ്ഥയിൽ മരിച്ചിരുന്നവരുടെ അടുക്കലേയ്ക്കു് തനിയ്ക്കു് പോകുവാൻ സൌകര്യപ്പെടാത്തപക്ഷം ഫ്ലോറൻസ് സെലീനാ ബ്രെയ്സ് ബ്രിഡ്ജിനെ അയച്ചിരുന്നു. ആ ഹേമന്തത്തിൽ രണ്ടായിരത്തിലധികം യുദ്ധഭടന്മാരുടെ മരണവിനാഴികയിൽ ഫ്ലോറൻസ് അവരുടെ സമീപമിരുന്ന് അവരെ സമാശ്വസിപ്പിയ്ക്കുയുണ്ടായി. കൂടുതൽ മരണയാതനകൾ അനുഭവിച്ചിരുന്നവരെ ഫ്ലോറൻസ്തന്നെയാണ് പരിചരിച്ചിരുന്നത്. രാത്രികാലങ്ങളിൽ ഫ്ലോറൻസ് രോഗികളുടേമദ്ധ്യേ സഞ്ചരിക്കുമ്പോൾ കൈയിൽ താൻ വഹിച്ചുകൊണ്ടു നടന്നിരുന്ന ഒരു "ലന്താർണ"വിളക്കാണ് "ദീപമേന്തിയ വനിത" എന്ന അപരനാമത്തിന് തന്നെ അർഹയാക്കിയത്. ആ അപരനാമത്താലാണ് ഫ്ലോറൻസ് വിശ്വവിഖ്യാതയായിത്തീർന്നതും. ആ വിളക്ക് ഓരോ രോഗിയുടെയും അടുത്തു വെച്ചുകൊണ്ടാണ് താൻ രാത്രിയിൽ അവരെ പരിചരിച്ചുകൊണ്ടിരുന്നത്.

യുദ്ധഭടന്മാർക്കിടയിൽ ഫ്ലോറൻസിനുണ്ടായിരുന്ന സ്വാധീനശക്തി അത്ഭുതാവഹമായിരുന്നു. മദ്യപിയ്ക്കരുതെന്നു ഫ്ലോറൻസ് പറഞ്ഞാൽ എത്ര കൊടിമൂത്ത മദ്യപനായിരുന്ന യുദ്ധഭടനും ഉടനെ മദ്യപാനം ഉപേക്ഷിച്ചിരുന്നു. ഭാര്യമാർക്കു കത്തുകൾ അയയ്ക്കാതിരുന്ന യുദ്ധഭടന്മാരെക്കൊണ്ടു് ഫ്ലോറൻസ് കത്തുകൾ അയപ്പിച്ചു. ശോകാത്മകമായ പ്രകൃതിയോടുകൂടിയിരുന്നവരിൽ ഒരു പ്രസന്നമനോഭാവം പകർന്നുകൊണ്ടിരുന്നു. ശസ്ത്രക്രിയകൾക്കു വഴിപ്പെടാതിരുന്ന യുദ്ധഭടന്മാരുടെ അടുത്തു ശസ്ത്രക്രിയാവേളകളിൽ ഫ്ലോറൻസ് നിന്നിരുന്നാൽ മാത്രം മതിയായിരുന്നു അവർ ശസ്ത്രക്രിയകൾക്കു സമ്മതിയ്ക്കുവാൻ! മററുള്ളവർ അനുഭവിച്ച വേദനകളുടെ കാഠിന്യത്തെ അതിൻെറ ഒരു ദൃക്സാക്ഷിയായി വർത്തിച്ചുകൊണ്ടു ഫ്ലോറൻസ് സ്വയം അനുഭവവേദ്യമാക്കുയാണ് ചെയ്തത്.

യുദ്ധഭടന്മാർ ഫ്ലോറൻസിനെ ഹൃദയത്തിൻെറ അഗാധതയിൽനിന്നു് ആരാധിച്ചു. ആ ദർശനം അവരിൽ സാക്ഷാൽ ആനന്ദാമൃതം പകർന്നു. “അവർ ഞങ്ങളുടെ സമീപത്തിൽക്കൂടി കടന്നുപോകുന്ന കാഴ്ച ഞങ്ങളെ ആനന്ദോന്മാദംകൊള്ളിച്ചു. ദയയുടേയും കരുണയുടേയും മൂർത്തീകരണമായ അവർ ഞങ്ങളുടെ അടുത്തുകൂടി കടന്നുപോകുമ്പോൾ ഞങ്ങൾ അവരുടെ നിഴലിനെ ചുംബിച്ചു് ആത്മനിർവൃതി നേടിയിരുന്നു” എന്നാണു് ഒരു യുദ്ധഭടൻ രേഖപ്പെടുത്തിയിട്ടുള്ളതു്. ആഭാസമായ ഭാഷകൾ ഉപയോഗിക്കുക യുദ്ധഭടന്മാരുടെ ഒരു പതിവായിരുന്നു. അതുപേക്ഷിക്കുവാൻ ഫ്ലോറൻസ് അവരോടു് ആവശ്യപ്പെട്ടതനുസരിച്ചു് അവർ അതു നിരാകരിച്ചു.

ഭരണപരമായ ജോലികളായിരുന്നു ഫ്ലോറൻസിനു കൂടുതൽ ക്ലേശകരം. പകൽ മുഴുവനും മുറിയിൽവെച്ചു സന്ദർശകന്മാരെ സ്വീകരിക്കേണ്ടിയിരുന്നു. സൈനികോദ്യോഗസ്ഥന്മാർ, ഡോക്ടർമാർ, നേഴ്സുമാർ, വ്യാപാരികൾ ആദിയായ പലരും പല കാര്യങ്ങൾക്കുമായി തന്നെ സദാ സന്ദർശിച്ചുകൊണ്ടിരുന്നു. സന്ദർശകന്മാരില്ലാത്ത ഒരു നിമിഷം കിട്ടിയാൽ ആ സമയം അവർ എഴുതുവാൻ വിനിയോഗിച്ചു.

തൻെറ സിക്രട്ടറിയായി നിയോഗിക്കുവാൻ പററിയവരാരും ഫ്ലോറൻസിൻെറ സംഘത്തിലുണ്ടായിരുന്നില്ല. അതുകൊണ്ടു് എല്ലാ ജോലികളും ഫ്ലോറൻസുതന്നെ ചെയ്യേണ്ടിവന്നു. സ്വന്തം ജോലികൾക്കു പുറമെ, യുദ്ധഭടന്മാക്കും നേഴ്സുമാക്കും വേണ്ടിയിരുന്ന കത്തുകളും ഫ്ലോറൻസ് എഴുതിക്കൊടുത്തു. മരണമടഞ്ഞ യുദ്ധഭടന്മാരുടെ അന്തിമനിമിഷങ്ങളെയും, അവരുടെ അന്തിമസന്ദേശങ്ങളെയും, വിവരിക്കുന്ന കത്തുകൾ ഫ്ലോറൻസുതന്നെ എഴുതി അവരുടെ സ്വജനങ്ങൾക്കു് അയച്ചു. ഇവക്കുപുറമെ, ഔദ്യോഗികമായ റിപ്പോർട്ടുകൾ, ഔദ്യോഗികമായ കണക്കുകൾ, സിഡ്നി ഹെർബട്ടിനുള്ള ദീർഘമായ കത്തുകൾ എന്നിങ്ങനെയുള്ള രേഖകൾ തയ്യാറാക്കുവാൻവേണ്ടി നിശകളിലെ അനേക നിശ്ശബ്ദമണിക്കൂറുകൾതന്നെ ഫ്ലോറൻസ് ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നു. രാത്രിയിൽ ഒരിക്കലും ഫ്ലോറൻസിൻെറ മുറിയിലെ വിളക്കു് അണഞ്ഞു് മററുള്ളവർ കണ്ടിരുന്നില്ല.

സ്കുട്ടാറിയിലെ ബാറക്ക് ആസ്പത്രിയിലെ സ്ഥിതിഗതികൾ ഏതാണ്ട് തൃപ്തികരമായിത്തീർന്നതോടുകൂടി ക്രീമിയായിലേയ്ക്കു പോകുവാൻ ഫ്ലോറൻസ് തീർച്ചയാക്കി. ക്രീമിയായിൽ ബാല ക്ലാവ ഹാർബറിൻെറ സമീപമായി രണ്ടു വലിയ ആസ്പത്രികളാണുണ്ടായിരുന്നത്. താൻ സ്കുട്ടാറിയിൽ വന്നപ്പോൾ ഉണ്ടായിരുന്ന ദാരുണസ്ഥിതിതന്നെയാണ് ക്രീമിയായിലും ഉണ്ടായിരുന്നതെന്നും, അവിടെയും ഉദ്ധാരണജോലി ആവശ്യമാണെന്നും ഫ്ലോറൻസ് കണ്ടു.

1855 മേയ് 2-ാംനു- ഫ്ലോറൻസ് "റോബർട്ട്ലോവ്" എന്ന കപ്പലിൽ സ്കുട്ടാറിയിൽനിന്ന് ബാലക്ലാവയിലേയ്ക്കു പുറപ്പെട്ടു. മിസ്റ്റർ ബ്രെയ്സ്ബ്രിഡ്ജും കൂടെ ഉണ്ടായിരുന്നു. മേയ് 5-ാംനു- കപ്പൽ ബാലക്ലാവയിലെത്തി. കപ്പലിൽ ഫ്ലോറൻസ് നൈററിൻഗെയ്ൽ ഉണ്ടെന്നറിഞ്ഞയുടനെ അവരെ ഒരു കണ്ണു കാണുന്നതിനുവേണ്ടി ജനങ്ങൾ ആയിരക്കണക്കിനു തടിച്ചുകൂടി. ബാലക്ലാവയിലെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ പലരും കപ്പലിലെത്തി അവക്ക് ഫ്ളോറൻസിനോടുണ്ടായിരുന്ന ബഹുമാനാദരവുകൾ പ്രകടമാക്കി. അന്നു വൈകുന്നേരമായപ്പോൾ അനേകമനേകം ബഹുമാന്യജനങ്ങളുടെ അകമ്പടിയോടുകൂടി അവർ കരയ്ക്കിറങ്ങി. ഫ്ളോറൻസിനു കയറി സഞ്ചരിയ്ക്കുവാൻവേണ്ടി ഒരു ചെറിയ കുതിരയെ ജനങ്ങൾ അവിടെ തയ്യാറാക്കി നിറുത്തിയിരുന്നു. ഫ്ളോറൻസ് ആ കുതിരപ്പുറത്തു കയറി സൈനികോദ്യോഗസ്ഥന്മാരുടെ അകമ്പടിയോടുകൂടി സെബാസ്റ്റോപ്പോളിനു വെളിയിലുള്ള സൈനികകേന്ദ്രത്തിലേയ്ക്കു പോയി. അശ്വാരൂഢയായ ആ നാരീരത്നമാണ് ഫ്ളോറൻസ് നൈററിൻഗെയ്ലെന്ന് മനസ്സിലാക്കിയ ഉടനെ അവിടെ ഉണ്ടായിരുന്ന സൈനികഭടന്മാർ ആയിരക്കണക്കിന് ഓടിക്കൂടി ജയഘോഷം മുഴക്കി. അവർ ഫ്ളോറൻസിനെ കുതിരപ്പുറത്തുനിന്നിറക്കി, ഒരു ഉയർന്ന മണ്ഡപത്തിൽ സ്ഥാപിച്ചിരുന്ന ഒരു വലിയ തോക്കിൻെറ പുറത്തിരുത്തി. അനന്തരം അവരിലൊരാൾ ആ മണ്ഡപത്തിൽ കയറി ഇങ്ങിനെ പ്രഖ്യാപിച്ചു:—"സഹോദരരേ, സമരസന്നാഹങ്ങളിലെ ഈ ഭയങ്കരായുധത്തിൻെറ മീതെ നിർഭയം സ്ഥിതിചെയ്യുന്ന ഈ തരുണീമണിയെ നിങ്ങൾ ദർശിച്ചാലും! സൈനിക ഭടന്മാരുടെ ഉത്തമസുഹൃത്തും, ഇംഗ്ല

ണ്ടിൻെറ ധീരവീരപുത്രിയുമായ ഈ നാരീരത്നത്തിന് നിങ്ങൾ മംഗളങ്ങൾ ആശംസിച്ചാലും!" ഭടന്മാർ വീണ്ടും ജയഘോഷം മുഴക്കി. അടുത്തുണ്ടായിരുന്ന സ്ഥലങ്ങളിൽനിന്ന് ദ്രുതഗതിയിൽ പറിച്ചെടുത്ത പുഷ്പങ്ങൾ ഫ്ളോറൻസിൻെറമേൽ അവർ വർഷിച്ചു. തൻെറ താമസസൌകര്യം താല്ക്കാലികമായി കപ്പലിലെ ഒരു മുറിയിൽ ഏർപ്പെടുത്തിയിരുന്നതുകൊണ്ട് ഫ്ളോറൻസ് കപ്പലിലേയ്ക്കുതന്നെ മടങ്ങി.

പിറേറ ദിവസം ഫ്ലോറൻസ് ആസ്പത്രികളുടെ പരിശോധനയ്ക്കു പുറപ്പെട്ടു. അവിടെയുണ്ടായിരുന്ന ആസ്പത്രികളിലൊന്ന് ജനറൽ ആസ്പത്രിയും, മറെറാന്ന് ചെറിയ കുടിലുകളുടെ ഒരു സമൂഹമായിരുന്ന "കാസിൽ ആസ്പത്രി"യുമായിരുന്നു. ആസ്പത്രിക്കെട്ടിടങ്ങളും വാർഡുകളും പരിസരങ്ങളുമെല്ലാം വൃത്തിശൂന്യമായി കണ്ടു. അവിടെ ഉണ്ടായിരുന്ന നേഴ്സുമാർ അപ്രാപ്തരും യാതൊരുവക അച്ചടക്കബോധവും ഇല്ലാത്തവരുമായിരുന്നു എന്നു മനസ്സിലാക്കി. സമൂലമായ ഒരു പരിവർത്തനവും സമുദ്ധാരണവും ആ രണ്ട് ആസ്പത്രികളിലും ആവശ്യമാണെന്ന് ഫ്ലോറൻസിന് ബോദ്ധ്യമായി.

അടുത്ത ദിവസം കപ്പലിൽവെച്ച് ചില സന്ദർശകന്മാരുമായി അഭിമുഖസംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഫ്ലോറൻസ് ബോധരഹിതയായി നിലത്തുവീണു. ഉടനെ ജനറൽ ആസ്പത്രിയിലെ സീനിയർ മെഡിക്കൽ ഓഫീസർ സ്ഥലത്തെത്തി ഫ്ളോറൻസിനെ പരിശോധിച്ചു. മററു രണ്ടു ഡോക്ടർമാരെക്കൊണ്ടുകൂടി പരിശോധിപ്പിച്ചശേഷം ഫ്ളോറൻസിനെ ക്രീമിയൻജ്വരം ബാധിച്ചിരിയ്ക്കുയാണെന്ന ഒരു പ്രസ്താവന അദ്ദേഹം പുറപ്പെടുവിച്ചു.

ഫ്ളോറൻസ് രോഗിണിയായിത്തീർന്നിരിയ്ക്കുന്നു എന്ന വാർത്ത കാട്ടുതീപോലെ ബാലക്ലാവ മുഴുവൻ പരന്നു. ആ രോഗത്തെപ്പററിയായി എവിടെയും സംസാരം. സൈനികഭടന്മാർ ഉൽക്കണ്ഠാകുലരായി. "കാസൽ ആസ്പത്രി" ഒരു ഉയർന്ന പ്രദേശത്തു സ്ഥിതിചെയ്തിരുന്നതുകൊണ്ട് അവിടെ ശുദ്ധവായു ലഭിക്കുമെന്ന കാരണത്താൽ ഫ്ളോറൻസിനെ കപ്പലിൽനിന്ന് "കാസിൽ ആസ്പത്രി"യിലേയ്ക്കു കൊണ്ടുപോകുവാൻ അധികൃതർ തീച്ചയാക്കി.

കപ്പലിൽനിന്നു "കാസിൽ ആസ്പത്രി"യിലേയ്ക്കുള്ള ഫ്ളോറൻസിൻെറ യാത്ര ദീനത നിറഞ്ഞ ഒരു രംഗമായിരുന്നു. അവരെ ഒരു 'സെ്ട്രച്ചറി'ൽ കിടത്തി നാലു യുദ്ധഭടന്മാർ വഹിച്ചുകൊണ്ടുപോകുന്നതു കണ്ടവരെല്ലാം അശ്രുക്കൾ പൊഴിച്ചു. ഫ്ളോറൻസിനു സുബോധമുണ്ടായിരുന്നില്ല. പ്രജ്ഞയില്ലാതെ പലതും സംസാരിച്ചുകൊണ്ടിരുന്നു. സൈനികോദ്യോഗസ്ഥന്മാരും ഡോക്ടർമാരും ആ യാത്രയിൽ അകമ്പടി സേവിച്ചു. തലയ്ക്കു മീതെ വിടർത്തിയ ഒരു കുട പിടിച്ചുകൊണ്ടു നടന്നിരുന്ന യുദ്ധഭടൻ വഴിനീളേ കരഞ്ഞു. "ദീപമേന്തിയ വനിത"യ്ക്കു രോഗം ബാധിച്ചിരിയ്ക്കുന്നു എന്ന വാർത്ത സ്കുട്ടാറിയിലെ യുദ്ധഭടന്മാർ കേട്ടപ്പോൾ അവരെല്ലാം വാവിട്ടുകരഞ്ഞുപോയി.

രണ്ടാഴ്ചയോളം ഫ്ളോറൻസ് മരണത്തോടു പോരാടി. പ്രജ്ഞയില്ലാത്ത അവസ്ഥയിൽപ്പോലും താൻ എഴുതിക്കൊണ്ടിരുന്നു. കടലാസ്സും പെൻസിലും ആവശ്യപ്പെട്ടും. അവ കിട്ടിയാൽ ശാന്തമായിരുന്ന് എഴുതും. ഫ്ളോറൻസിനെ സ്വസ്ഥതയോടുകൂടിയിരുത്തുവാൻ അതൊരു ഉപായമേ ഡോക്ടർമാക്കുണ്ടായിരുന്നുള്ളു.

ഫ്ളോറൻസ് നൈററിൻഗെയ്ലിനു സുഖമില്ലെന്ന വാത്ത ഇംഗ്ലണ്ടിലെ ജനങ്ങളെ അമ്പരപ്പിച്ചു. മെയ് 24-ാംനു ബ്രിട്ടീഷ് അമ്പാസഡർതന്നെ ചെന്നു കാണുകയും ഫ്ളോറൻസ് വിപത്തിൻെറ മേഖലയിൽനിന്നു രക്ഷപ്പെട്ടിരിക്കുന്നു എന്ന് അന്നു രാത്രിതന്നെ അദ്ദേഹം ഇംഗ്ലണ്ടിലേക്കു കമ്പിയടിയ്ക്കുകയും ചെയ്തു. ആ വാർത്ത വിക്ടോറിയാരാജ്ഞിയേയാണ് കൂടുതൽ ആഹ്ലാദിപ്പിച്ചത്.

വിഷജ്വരത്തിൻെറ പിടിയിൽനിന്നു ഫ്ളോറൻസ് വിമോചിതയായെങ്കിലും അവരെ ബാധിച്ചിരുന്ന ക്ഷീണം അത്യധികമായിരുന്നു. ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചുപോകണമെന്നും, അതല്ലാത്തപക്ഷം സ്വിററ്സർലണ്ടിൽ പോയി വിശ്രമിയ്ക്കണമെന്നും ഡോക്ടർമാർ ആവശ്യപ്പെട്ടു. ബാലക്ലാവയിൽ തനിയ്ക്ക് അനേകം പ്രത്യുദ്ധാരണജോലികൾ നിവ്വഹിയ്ക്കുവാനുണ്ടായിരുന്നതുകൊണ്ടു ഫ്ളോറൻസ് ആ അഭിപ്രായത്തോടു വിയോജിയ്ക്കുയാണ് ചെയ്തത്. പരിചരണത്തിനെ

ത്തിയിരുന്ന സെലീനാ ബ്രെയ്സ് ബ്രിഡ്ജും ദീർഘമായൊരു കപ്പൽയാത്ര ഫ്ലോറൻസിനെ സംബന്ധിച്ചേടത്തോളം ഈ ഘട്ടത്തിൽ അനഭിലഷണീയമാണെന്നും, കടൽച്ചൊരുക്ക് എളുപ്പത്തിൽ പിടികൂടുന്ന ഒരു പ്രകൃതിയാണ് ഫ്ലോറൻസിനുള്ളതെന്നും, ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തി. ഫ്ലോറൻസ് സ്കുട്ടാറിയിലേയ്ക്കുതന്നെ മടങ്ങിപ്പോയി. ആരോഗ്യം വീണ്ടെടുക്കുന്നതുവരെ അവിടെ സേബിൻ എന്നൊരു സുഹൃത്തിൻെറ വസതിയിൽ താമസിയ്ക്കാമെന്ന് ഒടുവിൽ തീർച്ചയാക്കി.

ഫ്ലോറൻസ് യാത്രചെയ്ത കപ്പൽ സ്കുട്ടാറിയിലെത്തിയപ്പോൾ ഉയർന്ന ഉദ്യോഗസ്ഥന്മാർ എല്ലാവരും അവരെ സ്വാഗതം ചെയ്യുന്നതിന് അവിടെ എത്തിയിരുന്നു. അവരോടു സംസാരിയ്ക്കുന്നതിനുള്ള ശക്തിപോലും ഫ്ലോറൻസിനുണ്ടായിരുന്നില്ല. ഒരു “സെ്ട്രച്ചറി”ൽ കിടത്തി ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ അകമ്പടിയോടുകൂടി അവരെ സേബിൻെറ വസതിയിലേയ്ക്കുകൊണ്ടുപോയി. അവരെ ഒരു കണ്ണുകാണുന്നതിനു വഴിനീളെ അണിനിരന്ന യുദ്ധഭടന്മാർ അശ്രുക്കൾ പൊഴിച്ചകാഴ്ച ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ അചഞ്ചലഹൃദയങ്ങളെപ്പോലും വികാരതരളിതമാക്കി.

ഏതാനും ആഴ്ചകൾ ഫ്ലോറൻസ് സേബിൻെറ വസതിയിൽ പരിപൂർണ്ണമായി വിശ്രമിച്ചു. ഒക്ടോബർ ആരംഭത്തിൽ വീണ്ടും ക്രീമിയായിലേയ്ക്കുപോയി. നേഴ്സുമാരുടെ ജീവിതത്തിലും, ആസ്പത്രികളിലെ ദൈനംദിനഭരണത്തിലും അഴിമതികൾ പലതുമുണ്ടായിരുന്നു. അവ അത്ര എളുപ്പത്തിൽ ശരിപ്പെടുത്തുവാൻ സാധിയ്ക്കുന്നവയായിരുന്നില്ല. എങ്കിലും ആ അഴിമതികളെ തുരത്തി, നേഴ്സുമാരെയും ആസ്പത്രികളെയും പൊതുജനങ്ങളുടെ അഭിമാനത്തിന്ന് പാത്രീഭവിപ്പിയ്ക്കുവാൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, സ്കട്ടാറിയിൽ വീണ്ടും കോളറാ പൊട്ടിപ്പുറപ്പെടുകയാൽ ഫ്ളോറൻസിനെ അവിടത്തെ അധികൃതർ അടിയന്തിരമായി അവിടേയ്ക്കു വിളിച്ചു. ഫ്ളോറൻസ് ഉടനെ സ്കുട്ടാറിയിലേയ്ക്കു തിരിച്ചുപോയി.

## അധ്യായം 11

# സമരസമാപ്തി

ഫ്ലോറൻസ് നൈററിൻഗെയ്ലിനെ ഇംഗ്ലണ്ടിലെ ജനാവലി ഇതിന്നകം ഒരു വീരവനിതയായി കൊണ്ടാടിക്കഴിഞ്ഞിരുന്നു. ബാറക്ക് ആസ്പത്രിയിൽനിന്ന് തിരിച്ചെത്തിക്കൊണ്ടിരുന്ന യുദ്ധഭടന്മാർ ആ അത്ഭുതവനിതയെയും അവരുടെ നിസ്തുലസേവനങ്ങളെയും പററി നല്കിക്കൊണ്ടിരുന്ന വിവരണങ്ങൾ ബ്രിട്ടീഷ്ജനതയെ കോൾമയിർക്കൊള്ളിച്ചു. ഫ്ളോറൻസിൻെറ നിരവധി അപദാനങ്ങളെ പ്രകീത്തിയ്ക്കുന്ന അനേകം ഗാനങ്ങളും കവിതകളും വിരചിക്കപ്പെട്ടുകയും, അവ ഇംഗ്ലണ്ടിലെ ആബാലവൃദ്ധം ജനങ്ങൾ പാടിത്തുടങ്ങുകയും ചെയ്തു. ഇംഗ്ലണ്ടിലെവിടെയും ഫ്ളോറൻസ് നൈററിൻഗെയ്ലിനെപ്പററിയായി സംസാരം. അവരുടെ ഒരു ചെറിയ ജീവചരിത്രത്തിൻെറ അനേകലക്ഷം പ്രതികളാണ് ജനമദ്ധ്യേ പ്രചരിപ്പിയ്ക്കപ്പെട്ടത്. അനേകായിരം നാഴികയകലെനിന്നുപോലും ജനങ്ങൾ ഫ്ളോറൻസിൻെറ ഭവനം കാണുവാൻ "എമ്പ്ളി"യിൽ ചെന്നുകൊണ്ടിരുന്നു. കപ്പൽ നിർമ്മാണവ്യവസായത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നവർ അവരുടെ പുതിയ കപ്പലുകൾക്ക് ഫ്ളോറൻസ് നൈററിൻഗെയ്ലിൻെറ പേര് നല്കി. ഒരു സുപ്രസിദ്ധനാടകാഭിനയസംഘം ഫ്ളോറൻസ് നൈററിൻഗെയ്ൽ രോഗപരിചരണം നടത്തുന്ന രംഗം "ടാബ്ലോ"മുഖേന പ്രദർശിപ്പിച്ച് കാണികളുടെ കരൾ കവർന്നു. ഇംഗ്ലണ്ടിലെ പ്രമുഖപത്രങ്ങൾ പലതും ഫ്ളോറൻസ് നൈററിൻഗെയ്ലിൻെറ സ്തുതിഗീതങ്ങളുടെ കളരിയായി തീർന്നു.

ഫ്ളോറൻസ് നൈററിൻഗെയ്ൽ ഇംഗ്ലണ്ടിലെ മുഴുവൻ ജനതതിയുടെയും ഹൃദയങ്ങളെ കവർന്നു കഴിഞ്ഞിരിയ്ക്കുന്നു എന്നും, ഇംഗ്ലണ്ടു മുഴുവനും ഫ്ളോറൻസിൻെറ പാദങ്ങ

ളിൽ നമിയ്ക്കുവാൻ ആഗ്രഹിയ്ക്കുന്നു എന്നുമുള്ള വസ്തുത അധികൃതരെ അനുസ്മരിപ്പിക്കേണ്ടതു് ആവശ്യമാണെന്നു സിഡ്നി ഹെർബട്ടിനു തോന്നി. തൽഫലമായി ഇംഗ്ലണ്ടിലെ പ്രശസ്ത വ്യക്തികളുടെ ഒരു കമ്മിററി രൂപവല്ക്കരിയ്ക്കപ്പെട്ടുകയും, അവർ 1855 നവമ്പർ 29-ാംനു- ലണ്ടനിൽവെച്ചു് ഒരു പൊതുജനസമ്മേളനം വിളിച്ചുകൂട്ടുകയും ചെയ്തു. ആ യോഗത്തിൽ ഫ്ളോറൻസിൻെറ പ്രവൎത്തനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടു പലരും പ്രസംഗിച്ചു. ഫ്ളോറൻസിൻെറ സേവനങ്ങൾക്കു പ്രതിനന്ദിയായി അവൎക്കു് എന്തെങ്കിലും ഒരു സമ്മാനം നല്കണമെന്നു യോഗം ആദ്യം തീൎച്ചയാക്കി. പക്ഷേ, അതിനുവേണ്ടി അപ്പോൾതന്നെ നടത്തിയ ഒരു പണപ്പിരിവിൽ ധാരാളം സംഖ്യ പിരിഞ്ഞുകിട്ടിയതിനാൽ "നൈററിൻഗെയ്ൽ ഫണ്ടു്" എന്ന പേരിൽ ഒരു ഫണ്ടു് ഏർപ്പെടുത്തുവാനും, അതു നേഴ്സുമാരുടെ പരിശീലനത്തിനുള്ള ഒരു സ്ഥാപനം ഉണ്ടാക്കുവാൻവേണ്ടി ഫ്ളോറൻസു് നൈററിൻഗെയ്ലിനെ ഏല്പിയ്ക്കുവാനും യോഗം നിശ്ചയിച്ചു. അന്നു രാത്രി ഫ്ലോറൻസിനു് തൻെറ അമ്മ എഴുതിയ ഒരു കത്തിൽ ഇങ്ങിനെയാണു് പ്രസ്താവിച്ചതു്: "നിൻെറ അമ്മയുടെ ജീവിതത്തിലെ ഏററവും ആനന്ദപ്രദവും അഭിമാനം ഇരമ്പിക്കയറുന്നതുമായ ഒരു ദിനമാണിന്നു്. രാത്രി ഇപ്പോൾ വളരെ വൈകിക്കഴിഞ്ഞിരിയ്ക്കുന്നു എങ്കിലും, ഇന്നത്തെ പൌരമഹായോഗത്തെപ്പററി നിനക്കെഴുതാതെ എനിയ്ക്കിന്നു് ഉറങ്ങുവാൻ കഴികയില്ല. ഇതുപോലെ ജനങ്ങൾ തടിച്ചുകൂടിയതും, ജനാവലിയുടെ കൃതജ്ഞതയും അഭിമാനവും തിരതല്ലിയതുമായ ഒരു മഹാസമ്മേളനം ഇതിനുമുമ്പൊരിയ്ക്കലും ഇവിടെ ഉണ്ടായിട്ടില്ല. എൻെറ മകൾ ലോകത്തിനു നല്കിയിരിയ്ക്കുന്ന മാതൃക ഭാവിയിൽ അനേകലക്ഷം മാതാക്കളുടെ ഹൃദയങ്ങളിൽ ആനന്ദാമൃതം പകരാതിരിയ്ക്കയില്ല."

"നൈററിൻഗെയ്ൽ ഫണ്ടി"ൻെറ രൂപവല്ക്കരണത്തെപ്പററി അറിഞ്ഞയുടനെ ക്രീമിയൻയുദ്ധത്തിലെ സൈന്യങ്ങളിലെ ഓരോ ഭടനും അയാളുടെ ഒരു ദിവസത്തെ വേതനം "നൈററിൻഗെയ്ൽ ഫണ്ടി"ലേയ്ക്കു സംഭാവനചെയ്തു. ഒററദിവസംകൊണ്ടു 9,000 പവനാണു് അവർ അപ്രകാരം ശേഖരിച്ചതു്.

വിക്ടോറിയാരാജ്ഞി തനിയ്ക്കു ഫ്ലോറൻസിൻെറ സേവനങ്ങളിലുള്ള അഭിനന്ദനം പ്രകാശിപ്പിയ്ക്കുവാൻവേണ്ടി "സൻറ് ജോർജ്ജ് ക്രോസ്സ്" എന്നറിയപ്പെടുന്ന ഒരു സ്വർണ്ണമെഡൽ ഫ്ലോറൻസിനയച്ചുകൊടുത്തു. മാത്രമല്ല, അതോടുകൂടി, ഫ്ലോറൻസ് ഇംഗ്ലണ്ടിൽ മടങ്ങിയെത്തുമ്പോൾ തന്നെ വന്നു കാണണമെന്നുള്ള അഭിലാഷം പ്രകാശിപ്പിയ്ക്കുന്ന ഒരു കത്തും രാജ്ഞി ഫ്ലോറൻസിന്നയച്ചു.

സ്വന്തം രാജ്യക്കാരുടെ അഭിനന്ദനങ്ങളോ രാജ്ഞിയുടെ സമ്മാനമോ, ഇംഗ്ലണ്ടിലെ ജനതതിയുടെ പ്രശംസകളോ, ഒന്നുംതന്നെ, ഫ്ലോറൻസിനെ ആഹ്ലാദിപ്പിയ്ക്കുയോ അഹങ്കരിപ്പിയ്ക്കുയോ ചെയ്തില്ല. ക്രീമിയായിലെ തൻെറ സേവനങ്ങളെപ്പററി അഖില ഇംഗ്ലണ്ടും പ്രശംസാരവത്തിൽ മുഴുകിക്കൊണ്ടിരിയ്ക്കുമ്പോൾ, ബ്രിട്ടീഷ്സൈന്യത്തെ—ബ്രിട്ടീഷ് യുദ്ധഭടനെ—സമുദ്ധരിയ്ക്കുവാനുള്ള യത്നങ്ങളിലാണ് ഫ്ലോറൻസ് വ്യാപരിച്ചുകൊണ്ടിരുന്നത്.

തൻെറ രാജ്യത്തിനുവേണ്ടി ആത്മാർപ്പണം ചെയ്വാൻ, തൻെറ സ്നേഹിതനുവേണ്ടി സ്വജീവൻ നല്കുവാൻ, വൻതോക്കിൻെറ മുമ്പിലേയ്ക്കുപോലും പ്രയാണം ചെയ്വാൻ, സന്നദ്ധനായിരുന്ന ബ്രിട്ടീഷ്യുദ്ധഭടന് അക്കാലത്തു കിട്ടിക്കൊണ്ടിരുന്ന വേതനം ദിവസം ഒരു ഷില്ലിങ്ങുവീതമായിരുന്നു. അതു മുഴുവൻ അയാൾ മദ്യപാനത്തിനായി ഉപയോഗിച്ചുകൊണ്ടുമിരുന്നു. മദ്യപാനം കഴിഞ്ഞു ബാക്കി വല്ലതും അവശേഷിച്ചിരുന്നെങ്കിൽ, അതു വേശ്യകൾക്കായിരുന്നു അയാൾ നല്കിയിരുന്നത്. സ്വഗേഹങ്ങളിലേയ്ക്കു വല്ല പണവും അയച്ചിരുന്നവർ വളരെ അപൂർവ്വമായിരുന്നു. എഴുതുവാനോ വായിയ്ക്കുവാനോ ആ യുദ്ധഭടന്മാൎക്ക് അറിവുണ്ടായിരുന്നില്ല. അവൎക്കു വിദ്യാഭ്യാസം നല്കുവാനോ, അവരെ സംസ്കൃതചിത്തരാക്കുവാനോ വേണ്ട യാതൊരു ഏർപ്പാടുകളും സൈനികാധികാരികൾ ചെയ്തിരുന്നില്ല.

1855 മേയ്മാസത്തിൽ ഫ്ലോറൻസ് യുദ്ധഭടന്മാൎക്കുവേണ്ടി ഒരു വായനശാലയാരംഭിച്ചു. അതിലേയ്ക്കുവേണ്ടിയിരുന്ന പത്രമാസികകളും പുസ്തകങ്ങളും മററും ഫ്ലോറൻസ് സ്വന്തം പണംകൊടുത്തു വാങ്ങുകയാണ് ചെയ്തത്. വായിയ്ക്കുവാൻ

സ്വല്പപരിചയമുള്ളവർ അവിടേയ്ക്കു ആകൎഷിയ്ക്കപ്പെട്ടു. വായനയിലുള്ള അഭിരുചി യുദ്ധഭടന്മാരിൽ ദിവസേന വർദ്ധിയ്ക്കുവാൻ തുടങ്ങി. തീരെ അക്ഷരാഭ്യാസമില്ലാതിരുന്ന യുദ്ധഭടന്മാരെ പഠിപ്പിയ്ക്കുവാൻവേണ്ടി നിശാപാഠശാലകളും ഫ്ളോറൻസ് ഏർപ്പെടുത്തി. സൈനികോദ്യോഗസ്ഥന്മാർ ഇതൊന്നും ഇഷ്ടപ്പെട്ടില്ല. യുദ്ധഭടന്മാൎക്ക് അറിവോ സംസ്കാരമോ നല്കിയാൽ അവർ തങ്ങളെ ബഹുമാനിയ്ക്കയില്ലെന്നായിരുന്നു സൈനികോദ്യോഗസ്ഥന്മാരുടെ അഭിപ്രായം.

യുദ്ധഭടന്മാൎക്ക് പണം അവരുടെ ഗൃഹങ്ങളിലേയ്ക്ക് അയയ്ക്കുവാനുള്ള സൌകര്യങ്ങളൊന്നും സൈനികാധികാരികൾ ചെയ്തിരുന്നില്ല. അതുകൊണ്ടാണ് അവരിലധികംപേരും പണം മദ്യപാനത്തിനായി ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നതെന്നു ഫ്ളോറൻസു മനസ്സിലാക്കി. വിക്ടോറിയാരാജ്ഞിയുടെ സ്വർണ്ണമെഡലും കത്തും തനിയ്ക്കു കിട്ടിയപ്പോൾ, അവയ്ക്കു നന്ദി പറഞ്ഞുകൊണ്ടു ഫ്ളോറൻസു രാജ്ഞിയ്ക്കെഴുതിയ മറുപടിയിൽ യുദ്ധഭടന്മാൎക്ക് അവരുടെ വീടുകളിലേയ്ക്കു പണമയക്കുവാനുള്ള ബുദ്ധിമുട്ടിനെപ്പററി ഒരു സൂചന നല്കി. ഫ്ളോറൻസിൻെറ ആ കത്തു രാജ്ഞി മന്ത്രിസഭയുടെ ഒരു യോഗത്തിലേയ്ക്കയക്കയും, ക്രീമിയാരണാങ്കണങ്ങളിൽനിന്നു യുദ്ധഭടന്മാരുടെ പണം മണിയോഡറായി അയയ്ക്കുവാൻ വേണ്ട ഏർപ്പാടുകൾ പ്രധാനമന്ത്രി ഉടൻ ചെയ്കയും ചെയ്തു. തൽഫലമായി കോൺസ്റ്റാൻടിനോപ്പോളിൽനിന്നുതന്നെ ആറു മാസത്തിനകം 71,000 പവനാണു യുദ്ധഭടന്മാർ അവരുടെ വീടുകളിലേയ്ക്കയച്ചത്. അത് അവരുടെ മദ്യപാനത്തിനു് ഒരറുതി വരുത്തി.

ബാറക്ക് ആസ്പത്രിയുടെ സമീപത്തിലും പരിസരങ്ങളിലുമുണ്ടായിരുന്ന എല്ലാ മദ്യഷാപ്പുകളും ഫ്ളോറൻസ് സൈനികാധികാരികളെക്കൊണ്ടു നിരോധിപ്പിക്കയും, രാത്രിയിൽ റോഡുകളിൽ പ്രത്യേക പെട്രോൾ സംഘങ്ങളെ നിയമിപ്പിയ്ക്കയും ചെയ്തു. ആരെങ്കിലും മദ്യപിച്ചതായി കാണപ്പെട്ടാൽ അവരെ നിർദ്ദയം ശിക്ഷിയ്ക്കുമെന്ന ഒരു കല്പനയും സൈനികാധികാരികളെക്കൊണ്ടു പുറപ്പെടുവിച്ചു. യുദ്ധഭടന്മാരുടെ വിശ്രമസമയം വിനോദകരമായി കഴിച്ചുകൂട്ടുവാൻവേണ്ടി ഫ്ളോറൻസ് ഒരു "കോഫിമന്ദിരം" തുറക്കയും, എല്ലാവിധ വിനോദങ്ങൾക്കും അതിൽവേണ്ട ഏർപ്പാടുകൾ ചെയ്കയും ചെയ്തു.

1856‒ലെ വസന്തത്തിൽ യുദ്ധഭടന്മാക്കുവേണ്ടിയുള്ള നാലു വിദ്യാലയങ്ങൾ ഫ്ളോറൻസ് സമാരംഭിച്ചു. അദ്ധ്യയനവിഷയത്തിൽ പരീക്ഷായോഗ്യതകളുള്ള അദ്ധ്യാപകന്മാരെ ആ വിദ്യാലയങ്ങളിൽ നിയമിച്ചു. യുദ്ധഭടന്മാരെ സംഗീതം പഠിപ്പിയ്ക്കുന്നതിനുള്ള ഏർപ്പാടുകളും ഫ്ളോറൻസ് ചെയ്തു. യുദ്ധഭടന്റെ പൊതു ക്ഷേമത്തെയും അഭിവൃദ്ധിയേയും ആസ്പദമാക്കിയുള്ള ഇത്തരം പ്രവൎത്തനങ്ങളുടെ ഫലമായി 1856 അവസാനത്തോടുകൂടി ബ്രിട്ടീഷ് പടയാളി ശരിയായ അച്ചടക്കബോധവും, സദാചാരനിരതത്വവും, മനസ്സംസ്കാരവുമുള്ള ഒരു നവീനയുദ്ധഭടനായി രൂപാന്തരപ്പെട്ടു. അങ്ങിനെ, ബ്രിട്ടീഷ് യുദ്ധഭടനെ അവന്റെ മൃഗീയമായ പ്രകൃതിയിൽനിന്ന് ഉദ്ധരിക്കണമെന്നുള്ള ഫ്ലോറൻസ് നൈററിൻഗെയ്ലിന്റെ ലക്ഷ്യം സംപ്രാപ്യമായി.

ആ സമയം ക്രീമിയായിലെ "ലാൻറു ട്രാൻസ്പോർട്ട്" സൈന്യത്തിൻെറയിടയിൽ കോളറാ ബാധിച്ചു. ഉടനെ ഫ്ലോറൻസിനെയും പത്തു നേഴ്സുമാരെയും സൈനികാധികാരികൾ ആ രോഗരംഗത്തിലേയ്ക്കു ക്ഷണിച്ചു. ഫ്ലോറൻസ് നൈററിൻഗെയ്ലിന് നേഴ്സുമാരുടെമേലുള്ള അധികാരവ്യാപ്തിയെ സൈനികാധികാരികൾ അപ്പോഴും ചോദ്യംചെയ്തിരുന്ന ഒരു കാലമായിരുന്നു അത്. സൈനികാധികാരികൾ തന്റെ അധികാരത്തെ ആദരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിച്ചാലും, തന്റെയും തന്റെ സംഘത്തിൽ പെട്ടവരുടെയും പരിചരണം രോഗികൾക്ക് ആവശ്യമായിരുന്നതുകൊണ്ടും, അതു നല്കാതിരിയ്ക്കുന്നതു കൎത്തവ്യവിലോപമാണെന്നു ബോദ്ധ്യമായിരുന്നതുകൊണ്ടും, ഫ്ലോറൻസ് പത്തു നേഴ്സുമാരോടുകൂടി ക്രീമിയായിലെ "ലാൻറു ട്രാൻസ്പോർട്ട്" സൈന്യത്തിന്റെ കേന്ദ്രത്തിലേയ്ക്കു പുറപ്പെട്ടു. ആ സന്ദർഭത്തിലാണ്, ഫ്ലോറൻസിന്റെ നിലയെ പ്രഖ്യാപനം ചെയ്യുന്നതായ ഒരു ഉത്തരവ് ഇംഗ്ലണ്ടിലെ യുദ്ധകാര്യാലയ സ്റ്റെയ്ററ്സിക്രട്ടറിയിൽനിന്നു ക്രീമിയായുദ്ധത്തിലെ സൈനികകമാണ്ടക്കു ലഭിച്ചത്. അതിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരുന്നു:—"മിസ്സ് നൈററിൻഗെയ്ലിന്റെ ഞാൻ അംഗീകരിച്ചിട്ടുള്ളതായ ഔദ്യോഗികനിലയെ സൈനികവകുപ്പിലെ മെഡിക്കൽ അധികാരികൾ ശരിയ്ക്കു മനസ്സിലാക്കിയിട്ടില്ലെന്ന് എനിയ്ക്കു തോന്നു

ന്നു. അതുകൊണ്ടു, പ്രഗത്ഭമതിയായ ആ നാരീരത്നത്തിൻെറ നിലയെന്തെന്നു് സൈനികവകുപ്പിലെ മെഡിക്കൽ അധികാരികളുടേയും സൈന്യത്തിൻെറയും അറിവിനുവേണ്ടി വ്യക്തമാക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. സൈനികാസ്പത്രികളിലെ വനിതാ നേഴ്സിങ്ങ് സ്ഥാപനത്തിൻെറ ജനറൽ സൂപ്രണ്ടായിട്ടാണു മഹാരാജ്ഞിയുടെ ഗവമ്മെണ്ടു മിസ്സ് നൈററിൻഗെയിലിനെ നിയമിച്ചിട്ടുള്ളതു്. അവരോടു് ആലോചിയ്ക്കാതെ ഒരു നേഴ്സിനേയോ, ഒരു സിസ്റ്ററിനേയോ, നേഴ്സിങ്ങ്സംഘത്തിൽപ്പെട്ട ഒരു മാന്യസ്ത്രീയേയോ ഒരാസ്പത്രിയിൽനിന്നു മററൊരാസ്പത്രിയിലേയ്ക്കു മാററുവാനോ, ഒരാസ്പത്രിയിൽ പുതുതായി പ്രവേശിപ്പിയ്ക്കുവാനോ പാടില്ല. എങ്കിലും, അവരുടെ നിദ്ദേശങ്ങൾക്കു മുഖ്യ മെഡിയ്ക്കൽ ഓഫീസരുടെ അംഗീകരണം ഉണ്ടായിരിയ്ക്കേണ്ടതുമാണു്. സ്ത്രീകളുടെ നേഴ്സിങ്ങ് എസ്‌ടാബ്ലിഷ്മെൻറിനെസംബന്ധിച്ച എല്ലാ കാര്യങ്ങളും മുഖ്യ മെഡിയ്ക്കൽ ഓഫീസർ മിസ്സ് നൈററിൻഗെയ്‌ലിനെ അറിയിയ്ക്കേണ്ടതും, അദ്ദേഹത്തിൻെറ നിദ്ദേശങ്ങൾ അവർ വഴി നല്കേണ്ടതുമാണു്.'' അങ്ങിനെ, ഫ്ളോറൻസിനു നേഴ്സിങ്ങു സംഘത്തിൻെറയും സ്ഥാപനത്തിൻെറയും മീതെയുള്ള അധികാരനില അനിഷേദ്ധ്യമായി സ്ഥാപിയ്ക്കപ്പെട്ടു.

ഏപ്രിൽ 29-ാംനു- ക്രീമിയായുദ്ധം സമാധാനസന്ധിയിലെത്തിച്ചേർന്നു. അതേവരെ പരസ്പരം അടരാടിയിരുന്ന ഇംഗ്ലണ്ടിലെയും റഷ്യയിലെയും യുദ്ധഭടന്മാർ പരസ്പരം കൈകൾ കോർത്തുപിടിച്ച സ്നേഹവികാരങ്ങൾ പ്രകടമാക്കി. അവരുടെ അകൈതവമായ ആ ആഹ്ലാദകോലാഹലങ്ങൾ, യുദ്ധം എന്തൊരു മൌഢ്യമാണെന്നു ലോകത്തോടു വിളിച്ചുപറഞ്ഞു.

ഉഷ്ണകാലം തുടങ്ങുന്നതിനുമുമ്പ് ഇംഗ്ലീഷ്സേനകളെ ഇംഗ്ലണ്ടിലേയ്ക്കയയ്ക്കണമെന്നു പ്രധാനമന്ത്രിമാർ നിദ്ദേശിച്ചതനുസരിച്ച ബ്രിട്ടീഷ്പട്ടാളം സംഘംസംഘമായി ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി. 1856 ജൂൺ 3-ാംനു- പ്രധാനമന്ത്രി ഫ്ളോറൻസിനെഴുതിയ ഒരു കത്തിൽ ഇങ്ങിനെ പ്രസ്താവിച്ചു:— ''ഭവതിയുടെ നിസ്വാർത്ഥവും നിഷ്കാമവും കരുണാമസൃണവുമായ പ്രവൎത്തനങ്ങൾ സമാപ്തീകരിയ്ക്കുവാനുള്ള സമയമായിരിയ്ക്കുന്നു.'' ജൂൺ അവസാനമായതോടുകൂടി ആസ്പത്രികളെല്ലാം

മിക്കവാറും ഒഴിഞ്ഞുകഴിഞ്ഞു. ഫ്ളോറൻസ് നേഴ്സുമാരെ ചെറുസംഘങ്ങളായി ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചയച്ചു. ഇംഗ്ലണ്ടിലെത്തിയാലുടനെ ജോലിയിൽ പ്രവേശിയ്ക്കുവാൻ ആഗ്രഹിച്ചിരുന്നവക്കു പുതിയ ജോലികൾ ഫ്ളോറൻസ് നേരത്തെ ഏർപ്പാടുചെയ്തിരുന്നു. ജോലിചെയ്‌വാൻ നിവ്വാഹമില്ലാതിരുന്നവക്കു ഫ്ളോറൻസ് സ്വന്തം കൈയിൽനിന്നു ധനസഹായം ചെയ്തു.

ജൂൺ അവസാനം ഫ്ളോറൻസ സ്കുട്ടാറിയിൽ തിരിച്ചെത്തി. അവിടത്തെ ആസ്പത്രികളിൽ, രോഗവിമോചിതരായെങ്കിലും ആരോഗ്യം വീണ്ടെടുക്കുവാൻവേണ്ടി താമസിച്ചിരുന്ന ഏതാനും യുദ്ധഭടന്മാർമാത്രമേ ഉണ്ടായിരുന്നുള്ളു. അവർ സ്ഥാപിച്ച "കോഫിമന്ദിര"വും വായനശാലകളും മററും വിജനമായിക്കഴിഞ്ഞിരുന്നു. 1856 ജൂലൈ 16-ാംനു- ബാറക്ക് ആസ്പത്രിയിലുണ്ടായിരുന്ന അവസാനരോഗിയും സ്ഥലം വിട്ടു. ഫ്ളോറൻസിൻെറ ജോലി സമാപ്തമായി.

ഫ്ളോറൻസിൻെറ സേവനസമാപ്തിയെ പരാമർശിച്ചുകൊണ്ട് ഇംഗ്ലണ്ടിലെ പ്രഭുസഭയിൽ എല്ലസ്മീയർപ്രഭു ചെയ്ത പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ പ്രസ്താവിച്ചു:—"ബഹുമാന്യരായ എൻെറ പ്രഭുക്കന്മാരേ, ക്രീമിയാ സമരസമയം നാം അനുഭവിച്ച ഹൃദയവ്യഥ ഒരു ചരിത്രവിഷയമായി മാറിയിരിയ്ക്കുന്നു. ബാലക്ലാവയിലെയും ഇങ്കർമാനിലേയും ശ്മശാനസ്ഥലങ്ങൾക്കുമീതെ പച്ചപ്പുല്ലുകൾ പായകൾ വിരിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ദുർബ്ബലരും രോഗികളുമായിരുന്ന യുദ്ധഭടന്മാരുടെ സ്ഥാനത്തു് ബലിഷ്ഠകണ്ഠങ്ങളാണ് ഇന്ന് ഹാജർവിളിയ്ക്കു മറുപടി പറയുന്നത്. ബലിഷ്ഠകായരായ പടയാളികളാണ് നമ്മുടെ പതാകയുടെ കീഴിൽ അണിനിരക്കുന്നത്. സൈനികനിരകൾ ഇന്നു നിറഞ്ഞിരിയ്ക്കുന്നു; അതേസമയം സൈനികാസ്പത്രികൾ ഒഴിവായിരിയ്ക്കുയും ചെയ്യുന്നു. കരുണയുടെ ദേവദൂതി അവളുടെ പ്രവത്തനരംഗത്തിൽ അവസാന യുദ്ധഭടനെയും പരിചരിച്ചുകൊണ്ടു് ഇപ്പോഴും നിലകൊള്ളുന്നു. അവളുടെ ജീവിതലക്ഷ്യം ഇനിയും സാക്ഷാൽക്കരിയ്ക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. അവളുടെ പാദങ്ങളുടെയോ വസ്ത്രാഞ്ചലത്തിൻെറയോ സ്വരം കേൾക്കുമ്പോൾ, അവളെ ഒരു കണ്ണു കാണു

വാൻവേണ്ടി കിടക്കയിൽ എഴുന്നേററിരിയ്ക്കാറുള്ള, മരണയാതനയനുഭവിക്കുന്ന മനുഷ്യരും അവളുടെ നിഴൽ കണ്ടു് ആത്മസംതൃപ്തിയോടുകൂടി മരണമടഞ്ഞ യുദ്ധഭടന്മാരും ശയിച്ചിരുന്ന സ്കുട്ടാറിയിലെ ബൃഹത്തായ ആ കെട്ടിടങ്ങൾ ഇന്നു വിജനമായിരിയ്ക്കുന്നു. ഫ്ളോറൻസ് നൈററിൻഗെയ്ലിൻെറ പ്രവൎത്തനങ്ങളിലും ലക്ഷ്യങ്ങളിലും അവളുടെ ദേശക്കാർക്കുള്ള മതിപ്പിനെ പ്രത്യക്ഷമാക്കുന്ന പൊതുജനപ്രകടനങ്ങളിൽനിന്നു രക്ഷപ്പെടുന്നതെങ്ങിനെ എന്നു് അവൾ, ഒരുപക്ഷെ, ആലോചിച്ചു കഴിച്ചുകൂട്ടുകയായിരിയ്ക്കുമിപ്പോൾ.''

ബ്രിട്ടീഷ്ജനത ഫ്ളോറൻസിനെ ബഹുമാനിയ്ക്കുവാൻ വെമ്പൽകൊണ്ടു. ഒരു യുദ്ധക്കപ്പൽ ക്രീമിയായിലേയ്ക്കയച്ചു സൈനികമായ അകമ്പടികളോടുകൂടി അവളെ സ്കുട്ടാറിയിൽനിന്നു തിരിച്ചുകൊണ്ടുവരുവാൻ ഗവമ്മേണ്ടു് നിശ്ചയിച്ചു. പക്ഷേ, ഫ്ലോറൻസ് അതിനു വഴിപ്പെട്ടില്ല. അവൾ ഇംഗ്ലണ്ടിലെത്തുന്ന ദിവസം ഗംഭീരമായ സ്വീകരണങ്ങൾ നല്കുന്നതിനു പല കമ്മിററികളും രൂപവല്കരിയ്ക്കപ്പെട്ടു. ഇംഗ്ലണ്ടിലെത്തുന്ന തിയ്യതി അറിയിയ്ക്കണമെന്നു് അവർ ഫ്ലോറൻസിനെഴുതി അയച്ചു. പക്ഷേ, അവൾ തൻെറ രാജ്യക്കാരുടെ സ്വീകരണോദ്ദേശങ്ങളിലെ ആത്മാർത്ഥതയെ മാനിച്ചെങ്കിലും, അവയുടെ അന്തസ്സാരശൂന്യതയോർത്തു മന്ദഹസിയ്ക്കയും മൌനം അവലംബിയ്ക്കയും മാത്രമാണു് ചെയ്തതു്.

മെയ് 28-ാംനു- ഫ്ലോറൻസ് ഓണ്ടുമേയുമൊരുമിച്ചു കോൺസ്റ്റാൻടിനോപ്പോളിൽനിന്നു കപ്പൽ കയറി. വിക്ടോറിയാരാജ്ഞി അയച്ചിരുന്ന ഒരു പ്രത്യേകദൂതൻ അവരുടെ കൂടെ യാത്രചെയ്കയും, ഫ്ലോറൻസിനു വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കയുംചെയ്തു.

മാർസെയിൽസിൽനിന്നു് ഫ്ലോറൻസ് പാരീസിലേയ്ക്കു പോയി. ജൂലിയസ് മോളിൻെറ വസതിയിൽ അന്നു രാത്രി കഴിച്ചുകൂട്ടിയശേഷം, പിറേറദിവസം പ്രഭാതത്തിൽ അവൾ ഇംഗ്ലണ്ടിലേയ്ക്കു പുറപ്പെട്ടു. വൈകുന്നേരം അവൾ തീവണ്ടിയിറങ്ങി സ്റ്റേഷനിൽനിന്നു് ഏകാകിനിയായി ''ലീഹേഴ്സ്റ്റി'' ലേയ്ക്കു നടന്നു.

''ലീഹേഴ്സ്റ്റി''ൽ ഫ്ലോറൻസിൻെറ മാതാപിതാക്കന്മാ

തും "പാർത്തെ"യും സന്ദർശകമുറിയിൽ ഇരിയ്ക്കുകയായിരുന്നു. ആ ഭവനത്തിൻെറ മുൻഭാഗത്തുള്ള മുറിയിൽ മിസിസ് വാററ്സൺ എന്ന ഭവനപരിചാരിക എന്തോ ചെയ്തുകൊണ്ടിരിയ്ക്കുകയായിരുന്നു. പെട്ടെന്ന് അവർ പുറത്തേയ്ക്കു നോക്കിയപ്പോൾ കണ്ടതു്, കറുത്ത വസ്ത്രങ്ങൾ ധരിച്ച കൃശഗാത്രിയായ ഒരു യുവതി ആ ഭവനത്തിലേയ്ക്കു കടന്നുചെല്ലുന്നതായിരുന്നു. അവർ വീണ്ടും നോക്കി. അപ്പോഴാണ് അത് ഫ്ലോറൻസാണെന്ന് അവർക്കു മനസ്സിലായതു്. അവർ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു ഫ്ലോറൻസിനെ സ്വീകരിയ്ക്കുവാൻ വേണ്ടി മുറിയിൽനിന്നു പുറത്തേയ്ക്കു് ഓടി.

ധീരവീരരായ രണ്ടു വ്യക്തികളെയാണ് ക്രീമിയായുദ്ധം ലോകത്തിന്നു നല്കിയതു്. ആദ്യത്തേതു്, സംസ്കാരയോഗ്യനായ യുദ്ധഭടൻ; രണ്ടാമത്തേതു്, രോഗാതുരപരിചരണപ്രാപ്തിയും ദീനാനുകമ്പയും ധാർമ്മികബോധവും മൂർത്തീകരിച്ച നേഴ്സ്. ഈ രണ്ടു വ്യക്തികളിലുമുണ്ടായ സമൂലമായ പരിവർത്തനം സാധിച്ച അത്ഭുതവ്യക്തിയാണ് ഫ്ലോറൻസ് നൈററിൻഗെയ്ൽ. ബ്രിട്ടീഷ്‌യുദ്ധഭടൻ ഒരു മദ്യപാനിയും വ്യഭിചാരിയും സംസ്കാരശൂന്യനുമായി ഇനിയൊരിയ്ക്കലും പരിഗണിയ്ക്കപ്പെടുകയില്ല. അപ്രകാരംതന്നെ, ഒരു നേഴ്സിൻെറ ചിത്രം ഒരു അഭിസാരികയുടേതായി ഇനിയൊരിയ്ക്കലും ചിത്രീകരിയ്ക്കപ്പെടുകയില്ല. ആദർശപൂർണ്ണമായ തൻെറ സ്വന്തം മാതൃകയാണ് ഫ്ലോറൻസ് നൈററിൻഗെയ്ൽ ഒരു നേഴ്സിൻെറ ജീവിതത്തിൽ മുദ്രണംചെയ്തതു്. ഒരു യഥാർത്ഥ നേഴ്സ് ദീനവും ദീനതയും നിറഞ്ഞ ഒരു ലോകത്തിന് മഹനീയമായ ഒരു അനുഗ്രഹമാണ്; ഒരു അനർഘസമ്പത്താണ്; ലോകത്തിൻെറ അഭിമാനത്തിനും അഭിനന്ദനത്തിനും അവർ തികച്ചും അർഹയുമാണ്. അതിലേയ്ക്കുള്ള ഒരു മഹാപരിവർത്തനമാണ് ഫ്ളോറൻസ് നൈററിൻഗെയ്ൽ നൂറു കൊല്ലങ്ങൾക്കുമുമ്പ് സാധിച്ചതു്.

അദ്ധ്യായം 12

# ക്രീമിയായിൽനിന്നു തിരിച്ചെത്തിയശേഷം

ഫ്ലോറൻസ് നൈററിൻഗെയ്ൽ ക്രീമിയായിൽനിന്ന് ഇംഗ്ലണ്ടിൽ തിരിച്ചെത്തിയശേഷം പൊതുജനദൃഷ്ടിയിൽനിന്നു വളരെ അകന്നു ജീവിയ്ക്കുകയാണ് ചെയ്തത്. അവളെ അനുമോദിയ്ക്കുവാനും മററും ഇംഗ്ലണ്ടിൽ നെടുനീളം നടന്ന പൌരമഹായോഗങ്ങളിലൊന്നിലും, സമ്മേളനഭാരവാഹികൾ എത്രതന്നെ നിർബ്ബന്ധിച്ചിട്ടും, അവൾ സന്നിഹിതയായില്ല. പൊതുജനസ്വീകരണങ്ങൾക്കും മംഗളപത്രസമർപ്പണങ്ങൾക്കുമുള്ള എല്ലാ അഭ്യർത്ഥനകളും അവൾ നിരസിച്ചു. ക്രീമിയായിൽനിന്നു മടങ്ങിയെത്തിയശേഷം ക്രീമിയാ രണാങ്കണത്തിലെ യഥാർത്ഥസ്ഥിതിഗതികളെപ്പററി അവൾ പത്രങ്ങളിലെഴുതുകയോ പ്രസംഗങ്ങൾ നടത്തുകയോ ചെയ്യേയ്ക്കുമെന്നു ഭരണാധികാരികൾ വിചാരിച്ചിരുന്നു. എന്നാൽ അപ്രകാരമൊന്നും ഫ്ലോറൻസ് ചെയ്തില്ല. പൊതുജനങ്ങൾ അവളെ കാണുകപോലും ചെയ്യാറുണ്ടായിരുന്നില്ല. അവൾ മരിച്ചിരിയ്ക്കുമെന്നുപോലും പലരും വിചാരിച്ചു. അത്രയും അപ്രസിദ്ധമായ ഒരു ജീവിതമാണ് ക്രീമിയാ യുദ്ധാങ്കണങ്ങളിലെ രോഗാതുരസേവനംകൊണ്ട് വിശ്വവിഖ്യാതി നേടിയ ആ സാധ്വീമണി നയിച്ചത്.

H 431 H431

ഓരോ ദിവസവും ഫ്ലോറൻസിനു കിട്ടിക്കൊണ്ടിരുന്ന കത്തുകൾ അനേകമായിരുന്നു. അവ ഇംഗ്ലണ്ടിലെ അവളുടെ ആരാധകരിൽനിന്നു മാത്രമുള്ളവയായിരുന്നില്ല. യൂറോപ്പ്, അമേരിയ്ക്കാ എന്നീ രാജ്യങ്ങളിൽനിന്നും, ഏഷ്യയിൽനിന്നുപോലും, അവളുടെ അനേകായിരം ആരാധകർ അയച്ചുകൊണ്ടിരുന്ന പ്രശംസാപത്രങ്ങളായിരുന്നു അവയിലധികവും.

ഫ്ളോറൻസിൻെറ അപദാനങ്ങളെ പ്രകീൎത്തിക്കുന്ന കവിതകൾ, ഗാനങ്ങൾ, കത്തുകളുടെ കൎത്താക്കളെ ഫ്ലോറൻസ് വിവാഹംചെയ്യണമെന്നുള്ള അഭ്യൎത്ഥനകൾ, എന്നിവയും അവയുടെ കൂട്ടത്തിൽ പെട്ടിരുന്നു. ഈ കത്തുകളിൽ മറുപടി അൎഹിക്കുന്നവയെല്ലാം "പാത്തെ"യാണ് മറുപടി അയച്ചതു്. ഫ്ലോറൻസ് ആൎക്കും ഒരു കത്തും അയച്ചില്ല. കയ്യൊപ്പുകൾ ശേഖരിക്കുവാൻ നടന്നിരുന്നവരുടെ ബുക്കുകളിൽ അവൾ ഒപ്പുവെച്ചുകൊടുത്തില്ല. അഭിമുഖസംഭാഷണങ്ങൾക്ക് അഭ്യൎത്ഥനകൾ അയച്ചവൎക്ക് അതു് അനുവദിച്ചില്ല. വിഖ്യാതിയുടെ ലോകത്തിൽനിന്നു് അവൾ മനഃപൂൎവ്വം ഒഴിഞ്ഞുമാറുകയാണ് ചെയ്തതു്.

ലോകദൃഷ്ടിയിൽനിന്നു് ഇപ്രകാരം ഒഴിഞ്ഞുമാറിയാണ് ഫ്ലോറൻസ് ജീവിച്ചതെങ്കിലും, ക്രീമിയായിൽ താൻ ദൃകസാക്ഷിയായിത്തീൎന്ന ദീനത നിറഞ്ഞ രംഗങ്ങൾ അവളുടെ മനസ്സിനെ അപ്പോഴും മദ്ദിച്ചുകൊണ്ടിരുന്നു. പതിനായിരം ബ്രിട്ടീഷ് ഭടന്മാരെയാണ് ക്രീമിയാ യുദ്ധം യമപുരിയ്ക്കു് യാത്രയാക്കിയതു്. ആ മൃതിയടഞ്ഞവരിൽ 73 ശതമാനം പേർ നിരോധിയ്ക്കുവാൻ സാധിയ്ക്കുമായിരുന്ന രോഗങ്ങൾ മൂലമാണ് അന്തരിച്ചതെന്നും, ആരോഗ്യനിയമങ്ങൾക്കനുസൃതമായ ആസ്പത്രിക്കെട്ടിടങ്ങളും, രോഗനിവാരണസഹായകങ്ങളായ ഔഷധങ്ങളും, സൎവ്വോപരി പരിചയസമ്പന്നരായ നേഴ്സുമാരുടെ പരിചരണവും ഉണ്ടായിരുന്നെങ്കിൽ മേല്പറഞ്ഞ 73 ശതമാനം യുദ്ധഭടന്മാരേയും മൃത്യുവക്ത്റത്തിൽനിന്നു് രക്ഷിയ്ക്കുവാൻ സാധിയ്ക്കുമായിരുന്നെന്നും ഫ്ലോറൻസിനു് അറിയാമായിരുന്നു. ബ്രിട്ടീഷ് ജനതയുടെ യുവകുസുമങ്ങളായ യുദ്ധഭടന്മാരെ നിരോധനസാദ്ധ്യമായ രോഗങ്ങളുടെ പിടിയിൽനിന്നു് മേലിലെങ്കിലും രക്ഷിക്കുന്നതിനും, ക്രീമിയായിലെ പരമാബദ്ധങ്ങൾ ഇനിയും ആവൎത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട പദ്ധതികൾ ബ്രിട്ടീഷ് ഗവമ്മേണ്ടിനെക്കൊണ്ട് ചെയ്യിക്കുവാനുള്ള മാൎഗ്ഗങ്ങളെപ്പററിയായിരുന്നു ഫ്ലോറൻസിൻെറ അക്കാലത്തെ ചിന്ത.

ബ്രിട്ടീഷ് സൈന്യത്തിൻെറ ആരോഗ്യവകുപ്പിലാവശ്യമായ അടിയന്തിരനവീകരണങ്ങൾ വരുത്തുവാൻ തനിയ്ക്കു

ങ്ങിനെ സാധിയ്ക്കുമെന്നു് അവർ ഗാഢമായി ആലോചിച്ചു. ആ നവീകരണയത്നം ഒരു സ്ത്രീയിൽനിന്നു പുറപ്പെടുന്നതാകയാൽ ഉദ്യോഗസ്ഥലോകം അതു് സ്വീകരിക്കുമായിരുന്നില്ല. പോരെങ്കിൽ, ആ നവീകരണകർത്താവു് ബ്രിട്ടീഷ് ജനതയുടെ ഒരു ആരാധനാപാത്രംകൂടിയായ സ്ഥിതിയ്ക്കു് അസൂയമൂത്തു് ഉദ്യോഗസ്ഥന്മാർ ഫ്ലോറൻസിൻെറ ഉദ്യമത്തെ ആദരിക്കുകയില്ലെന്നുള്ളതും തീർച്ചയായിരുന്നു.

പക്ഷേ, അപ്പോൾ ഫ്ലോറൻസിനു് ഒരു സുവർണ്ണസന്ദർഭം സംലബ്ധമായി, വിക്ടോറിയാരാജ്ഞി അവളെ കാണുവാൻ ആഗ്രഹിയ്ക്കുന്നുണ്ടെന്നു് ഫ്ലോറൻസിൻെറ ഒരു പഴയ സ്നേഹിതനായ സർ ജെയിംസ് ക്ലാക്കു് അവൾക്കെഴുതി അയച്ചു. രാജ്ഞിയുടെ "ബാൽമോറൽ" കൊട്ടാരത്തിൻെറ ഏതാണ്ടു് ഒന്നു രണ്ടു മൈൽ അകലെയായിരുന്നു സർ ജെയിംസിൻെറ ഭവനം. ഫ്ലോറൻസ് ഉടനെ സർ ജെയിംസിൻെറ ഭവനത്തിലേയ്ക്കു പോയി. അവൾ അവിടെനിന്നു് രാജ്ഞിയുടെ കൊട്ടാരത്തിൽ ചെന്നു് രാജ്ഞിയേയും രാജ്ഞിയുടെ ഭർത്താവിനേയും സന്ദർശിച്ചു. ക്രീമിയാ യുദ്ധത്തിലെ യഥാർത്ഥസ്ഥിതിഗതികളുടെ പൂർണ്ണമായ ഒരു രൂപം ഫ്ലോറൻസ് അവർക്കു് നല്കി. സൈനികകേന്ദ്രങ്ങളിലെയും സൈനികാസ്പത്രികളിലെയും സ്ഥിതികളെയും, സൈന്യത്തിലെ മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൻെറ പ്രവർത്തനങ്ങളെയുംപററി അന്വേഷിയ്ക്കുവാൻ ഒരു റോയൽ കമ്മീഷനെ നിയമിയ്ക്കണമെന്നു് ഫ്ലോറൻസ് രാജ്ഞിയോടു് അഭ്യർത്ഥിയ്ക്കുവാൻ ആ അവസരം ഉപയോഗപ്പെടുത്തി.

ആ സന്ദർശനത്തിനു ശേഷം രാജ്ഞി തനിച്ചു് കൊട്ടാരത്തിൽനിന്നു് ഒരു കുതിരവണ്ടിയിൽ സർ ജെയിംസിൻെറ ഭവനത്തിലെത്തി ഫ്ലോറൻസിനെ പലപ്പോഴും സന്ദർശിക്കാറുണ്ടായിരുന്നു. ഒരിയ്ക്കൽ രാജ്ഞി ഫ്ലോറൻസിനോടുകൂടി ഉലാത്തുവാൻ പോയി.

ഫ്ലോറൻസ് ആവശ്യപ്പെട്ട രീതിയിൽ ഒരു റോയൽ കമ്മീഷനെ നിയമിയ്ക്കുവാൻ ഇംഗ്ലണ്ടിലെ ഭരണഘടനയനുസരിച്ചു് രാജ്ഞിയ്ക്കു് അർഹതയില്ലായിരുന്നു. എങ്കിലും രാജ്ഞിയുടെ പ്രേരണമൂലം മന്ത്രിസഭയ്ക്കു്, കുറെ കാലവിളംബ

ത്തിനു ശേഷമെങ്കിലും, ഒരു റോയൽ കമ്മീഷനെ നിയമിയ്ക്കേണ്ടിവന്നു. സിഡ്നിഹെർബട്ടായിരുന്നു കമ്മീഷൻെറ ചെയർമാൻ. പല പ്രതിബന്ധങ്ങൾക്കുശേഷം കമ്മീഷൻ അതിൻെറ പ്രവർത്തനം പൂർത്തിയാക്കുകയും, റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്തു. ഈ റിപ്പോർട്ടും അതിനെത്തുടർന്ന് ഗവമ്മേണ്ടിനെക്കൊണ്ട് ഫ്ലോറൻസ് എടുപ്പിച്ച നിമ്മാണപരമായ അനേകം നടപടികളുമാണ് ആധുനിക ബ്രിട്ടനിലെ സൈനിക മെഡിക്കൽ ഡിപ്പാർട്ടുമെണ്ടിൻെറ പ്രശസ്തമായ നടത്തിപ്പിനുള്ള അസ്ഥിവാരം പടുത്തത്.

1857-ലെ ഗ്രീഷ്മത്തിൽ സർ ഹാരിവേർനെ എന്ന മാന്യൻ ഫ്ലോറൻസിനെ വിവാഹംചെയ്വാൻ ഉദ്യമിച്ചു. പക്ഷേ, ആ ശ്രമം പരാജയപ്പെട്ടതുകൊണ്ട് അദ്ദേഹം 1858 ജൂൺ മാസത്തിൽ ഫ്ലോറൻസിൻെറ സഹോദരി "പാർത്തെ"യെ വിവാഹം ചെയ്തു.

അധ്യായം 13

# നേഴ്സിങ്ങ് വിദ്യാലയസ്ഥാപനം

ക്രീമിയായിലെ ജീവിതം ഫ്ലോറൻസിൻെറ ആരോഗ്യത്തെ സാരമായി ക്ഷതപ്പെടുത്തിയിരുന്നു. ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയശേഷം അത് കൂടുതൽ ക്ഷയോന്മുഖമായിത്തീർന്നു. ഒരു 'കോച്ചി'ൽ സദാ സമയവും കിടന്നുകഴിച്ചുകൂട്ടുവാനേ അവൾക്ക് കഴിഞ്ഞിരുന്നുള്ളു. അടുത്തടുത്തുള്ള മോഹാലസ്യം, വീർപ്പുമുട്ടൽ, കഴിക്കുന്ന ആഹാരം ദഹിക്കുവാനുള്ള കഴിവില്ലായ്മ, നിദ്രയില്ലായ്മ, ഇവയെല്ലാം അവളുടെ ആരോഗ്യസൌധത്തിൻെറ അടിത്തറ മാന്തിക്കൊണ്ടിരുന്നു. പക്ഷെ, തൻെറ ആരോഗ്യം അത്യന്തം അവശതയിലായിരുന്നെങ്കിലും, കോച്ചിൽ ശയിച്ചുകൊണ്ട് അവൾ ലോകസേവനാർത്ഥമുള്ള തൻെറ ജോലികൾ തുടർന്നുകൊണ്ടിരുന്നു.

തൻെറ ശേഷിച്ച ജീവിതം ബ്രിട്ടീഷ് സൈന്യത്തിൻെറ ക്ഷേമത്തിനുതകുന്ന ജോലികൾക്കായി അർപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഫ്ലോറൻസ് ക്രീമിയായിൽനിന്ന് മടങ്ങിയത്. എന്നാൽ 1859 ആയതോടുകൂടി സൈനികാസ്പത്രികളുടെയും സൈനിക നേഴ്സിങ്ങിൻെറയും പ്രത്യുദ്ധാരണജോലിയിൽനിന്ന് സിവിലാസ്പത്രികളുടെയും സിവിൽ നേഴ്സിങ്ങിൻെറയും പ്രത്യുദ്ധാരണവേലകളിലേയ്ക്കു ഫ്ലോറൻസ് പ്രവേശിച്ചു. സിവിലാസ്പത്രികളുടെ സ്ഥിതി സൈനികാസ്പത്രികളുടേതുപോലെ ശോചനീയമായിരിക്കയില്ലെന്നാണ് ക്രീമിയായിൽവെച്ച് ഫ്ലോറൻസ് വിചാരിച്ചിരുന്നത്. എന്നാൽ ക്രീമിയായിൽനിന്ന് മടങ്ങിയെത്തിയശേഷം നടത്തിയ പഠനങ്ങളിൽനിന്ന് സിവിലാസ്പത്രികളുടെ സ്ഥിതി സൈനികാസ്പത്രികളേക്കാൾ ദാരുണമാണെന്ന് അവൾ മനസ്സിലാക്കി.

സിവിലാസ്പത്രികളുടെ നിർമ്മാണപരമായും മററുമുള്ള മൌ

ലികസിദ്ധാന്തങ്ങളെ പ്രതിപാദിച്ചുകൊണ്ടു് "ആസ്സത്രികളെ സംബന്ധിച്ച കുറിപ്പുകൾ" (Notes on Hospitals) എന്ന പേരിൽ ഒരു ലഘുഗ്രന്ഥം 1859-ൽ ഫ്ലോറൻസ് പ്രസിദ്ധപ്പെടുത്തി. വലിയ ആസ്സത്രികളിൽ അക്കാലത്തുണ്ടായിരുന്ന വർദ്ധിച്ച മരണനിരക്കിൻെറ പ്രധാനകാരണം കെട്ടിടനിമ്മാണത്തിൻെറ പ്ലാനിലും മററും ആവശ്യമായിരുന്ന ശുചീകരണശാസ്ത്രത്തിൻെറ അഭാവമായിരുന്നു എന്നു് ഫ്ലോറൻസ് ആ ലഘുഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചു. വായുഗതാഗതത്തിനും സൂര്യപ്രകാശപ്രവേശനത്തിനും കൂടുതൽ സൌകര്യപ്രദമായ രീതിയിൽ ജാലകങ്ങളും വാതിലുകളും ആസ്പത്രിക്കെട്ടിടങ്ങളിൽ വെയ്ക്കുക, ഓരോ വാർഡിൻെറ ശുചീകരണവിഷയത്തിലും അഴുക്കുകൾ ഒഴുകിപ്പോകുവാനുള്ള ചാലുകളിലും രോഗികളുടെ ആഹാരം നന്നാക്കുന്നതിലും കൂടുതൽ ശ്രദ്ധ പതിക്കുക, എന്നിത്യാദി വിഷയങ്ങളെപ്പററി ഫ്ലോറൻസ് ഒരു ശാസ്ത്രജ്ഞൻെറയും ഒരു കലാകാരൻെറയും ഒരു ശില്പിയുടെയും സമർത്ഥമായ ചാതുര്യത്തോടുകൂടിയാണു് ആ ചെറുഗ്രന്ഥത്തിൽ പ്രതിപാദിച്ചതു്. മാത്രമല്ല, അക്കാലത്തെ സിവിലാസ്പത്രികളുടെ ശോച്യനിലയെപ്പററിയുള്ള വിവരണങ്ങളും അതിൽ അവൾ നല്കിയിരുന്നു. ആസ്പത്രിമുറികളുടെ ഭിത്തികൾ ചേറും പായലും പിടിച്ചവയും, നിലം വൃത്തിശൂന്യവും, കിടക്കകൾ അഴുക്കിൻെറ കൂമ്പാരവും ആയിരുന്നു. വാർഡുകളിലോരോന്നിലും രോഗികളെ തിക്കിത്തിരക്കിയാണു് കിടത്തിയിരുന്നതു്. രോഗികൾക്കു് നല്കപ്പെട്ടിരുന്ന ആഹാരം വളരെ മോശമായിരുന്നു. രോഗാതുരപരിചരണത്തിനു വേണ്ടത്രയും ആളുകൾ ആസ്പത്രികളിൽ ഉണ്ടായിരുന്നില്ല. ഫ്ലോറൻസ് തൻെറ ലഘുഗ്രന്ഥംമൂലം നല്കിയ ഇതുപോലുള്ള അനേകം വിവരങ്ങൾ പൊതുജനങ്ങളുടെ കണ്ണുകൾ തുറപ്പിച്ചു.

"ആസ്സത്രികളെ സംബന്ധിച്ച കുറിപ്പുകൾ" പല ആസ്സത്രികളിലെയും അധികൃതരുടെ ശ്രദ്ധയെ സത്വരം സമാകർഷിച്ചു. പല പുതിയ ആസ്സത്രിക്കെട്ടിടങ്ങളുടെയും നിമ്മാണത്തിനുള്ള പ്ലാനുകൾ തയ്യാറാക്കുവാൻ അധികൃതർ ഫ്ലോറൻസുമായി കൂടിയാലോചനകൾ നടത്തിത്തുടങ്ങി. പഴയ ആസ്സത്രികളിൽ പലതും ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ "ആസ്സത്രികളെ സംബന്ധിച്ച കുറിപ്പുകളി"ലെ നിർദ്ദേശങ്ങള

നുസരിച്ച് പുതുക്കിപ്പണിയുവാനും അധികൃതർ പുറപ്പെട്ടു. ചില പഴയ ആസ്പത്രിക്കെട്ടിടങ്ങൾ ഫ്ലോറൻസിൻെറ നിർദ്ദേശമനുസരിച്ച പുതിയ സ്ഥലങ്ങളിലേയ്ക്കുപോലും മാററി സ്ഥാപിച്ചു. ഇംഗ്ലണ്ടിൽനിന്നു മാത്രമല്ല വിദേശങ്ങളിൽനിന്നുപോലും ആസ്പത്രിനിർമ്മാണം സംബന്ധിച്ച നിർദ്ദേശങ്ങൾ പലരും ആവശ്യപ്പെട്ടുകയുണ്ടായി. ഉദാഹരണമായി, ബേർലിനിൽ ഒരാസ്പത്രി സ്ഥാപിക്കുവാൻ പ്രഷ്യയിലെ രാജകുമാരൻ അതിൻെറ പ്ലാനുമായി ഫ്ലോറൻസിനെ ചെന്നു കണ്ടു. ഹോളണ്ടിലെ രാജ്ഞി ചില ആസ്പത്രികളുടെ പ്ലാനുകൾ ഫോറൻസിൻെറ അംഗീകരണത്തിനു വേണ്ടി അവർക്കയച്ചുകൊട്ടുത്തു. ലിസ്ബണിൽ ഒരാസ്പത്രി സ്ഥാപിയ്ക്കുവാനുള്ള പ്ലാൻ തയ്യാറാക്കുവാൻ പോർച്ചുഗലിലെ രാജാവ് ഫ്ലോറൻസിനോട് അഭ്യർത്ഥിച്ചു. തെക്കെ ഇന്ത്യയിലെ ഒരു ബൃഹദ് വൈദ്യസ്ഥാപനമായ മദ്രാസിലെ ഗവമ്മേണ്ട് ജനറൽ ആസ്പത്രിയുടെ നിർമ്മാണത്തിനുള്ള പ്ലാനുകൾ ഇന്ത്യാഗവമ്മേണ്ട് ഫ്ലോറൻസ് നൈററിൻഗെയ്ലിൻെറ നിർദ്ദേശങ്ങൾ വാങ്ങിയാണ് തയ്യാറാക്കിയതെന്ന വസ്തുത, ആ ആസ്പത്രിയിൽനിന്ന് നേഴ്സിങ്ങ്പരിശീലനം സമ്പാദിച്ച ഇതെഴുതുന്നയാളെപ്പോലുള്ളവക്കു മാത്രമല്ല, മദ്രാസ് സംസ്ഥാനത്തിലെ പൊതുജനങ്ങൾക്കാകമാനം അഭിമാനംകൊള്ളുവാൻ അർഹതയുള്ള ഒന്നാണ്.

അക്കാലത്ത് ആസ്പത്രികളിൽ കിടത്തിയിരുന്ന രോഗികളെയോ രോഗങ്ങളെയോ തരംതിരിച്ചിരുന്നില്ല. ആസ്പത്രികളിൽനിന്ന് രോഗം സുഖമായി പോകുന്നവരുടെയും, ആസ്പത്രികളിൽവെച്ച മരിക്കുന്നവരുടെയും, കണക്കുകളൊന്നും ശരിയായി രേഖപ്പെടുത്തിയിരുന്നില്ല. ഈ വിഷയത്തെപ്പററി ഫ്ലോറൻസ് എല്ലാ ആസ്പത്രി അധികൃതന്മാരുമായി കത്തിടപാടുകൾ നടത്തുകയും, രോഗികളെ ആസ്പത്രികളിൽ “അഡ്മിററ്” ചെയ്യുമ്പോഴും ആസ്പത്രിയിൽനിന്ന് പറഞ്ഞയയ്ക്കുമ്പോഴും അവർ മരണമടയുമ്പോഴും മററും ഇന്ന് ആസ്പത്രികളിൽ പൂരിപ്പിക്കാറുള്ള നിശ്ചിതഫോറങ്ങളുടെ ആദ്യമാതൃക ഫ്ലോറൻസ് നൈററിൻഗെയ്ൽ അക്കാലത്തെ ആസ്പത്രി അധികൃതരുടെ ആവശ്യപ്രകാരം തയ്യാറാക്കിക്കൊടുക്കയും ചെയ്തു. മാത്രമല്ല, ആ ഫോറങ്ങളെ അടിസ്ഥാനമാക്കി പ്രതി

വഷം ഓരോ റിപ്പോർട്ടുകൾ തയ്യാറാക്കുവാനും ഫ്ലോറൻസ് അധികൃതന്മാരോട് ആവശ്യപ്പെട്ടു. അവർ ആ നിർദ്ദേശവും സ്വീകരിച്ചു.

ഒരു നേഴ്സിങ്ങ് വിദ്യാലയം സ്ഥാപിക്കുന്നതിന് 45,000 പവനാണ് "നൈററിൻഗെയ്ൽ ഫണ്ടി"ൻെറ കമ്മിററി ഫ്ലോറൻസിനെ ഏല്പിച്ചിരുന്നത്. അതിനുള്ളൊരു പശ്ചാത്തലം സൃഷ്ടിയ്ക്കുവാനായി "നേഴ്സിങ്ങിനെ സംബന്ധിച്ച കുറിപ്പുകൾ" (Notes on Nursing) എന്നൊരു ചെറു ഗ്രന്ഥം ഫ്ലോറൻസ് എഴുതുകയും, 1859-ൽ അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അതിൻെറ ഒരു കോപ്പിയ്ക്കു അഞ്ചു ഷില്ലിങ്ങാണ് വിലയിട്ടിരുന്നതെങ്കിലും ഒരു മാസത്തിനുള്ളിൽ അതിൻെറ 15,000 പ്രതികളാണ് വിററഴിഞ്ഞത്! അതിൻെറ പതിപ്പുകൾ വീണ്ടും വീണ്ടും ആവശ്യമായിത്തീർന്നു. ഫാക്ടറികളിലും വിദ്യാലയങ്ങളിലും ഗ്രാമങ്ങളിൽപോലും അതിൻെറ അനേകായിരം പ്രതികൾ പ്രചരിപ്പിക്കപ്പെട്ടു.

ഈ വിശിഷ്ടഗ്രന്ഥം പ്രസിദ്ധപ്പെടുത്തി ആറു മാസങ്ങൾ കഴിഞ്ഞപ്പോൾ നേഴ്സുമാക്കുള്ള പരിശീലനവിദ്യാലയം സ്ഥാപിയ്ക്കുവാനുള്ള ഉദ്യമത്തിലായി ഫ്ലോറൻസിൻെറ ശ്രദ്ധ. പക്ഷെ, അവരുടെ ആരോഗ്യം കൂടുതൽ ക്ഷയിയ്ക്കുകയും തൻെറ സമയം മുഴുവനും ഒരു ദീനശയ്യയിൽത്തന്നെ കഴിച്ചുകൂട്ടേണ്ടി വരികയും ചെയ്യുതുകൊണ്ട് അവൾക്ക് ആ വിദ്യാലയത്തിൻെറ സജീവമായ പ്രവത്തനങ്ങളിൽ പങ്കെടുക്കുവാൻ നിവ്വാഹമില്ലായിരുന്നു. എങ്കിലും, അതിൻെറ ജീവനാഡിയായി വത്തിയ്ക്കുവാൻ ഫ്ലോറൻസിനു സാദ്ധ്യമായിരുന്നു.

ഇംഗ്ലണ്ടിൽ അക്കാലത്ത് വളരെ പ്രശസ്തമായ നിലയിൽ നടന്നിരുന്ന ഒരു രോഗാതുരപരിചരണസ്ഥാപനമായിരുന്നു സെൻറ്തോമസ് ആസ്പത്രി. മിസിസ് വാർഡ്റോപ്പർ എന്ന സ്ത്രീയായിരുന്നു അവിടത്തെ മെയ്ട്രൻ. തൻെറ ആലോചനയിലുള്ള നേഴ്സിങ്ങ് വിദ്യാലയം സെൻറ്തോമസ് ആസ്പത്രിയോട് അനുബന്ധിച്ചു തുടങ്ങുവാനും, മിസിസ് വാർഡ്റോപ്പറെ പരിശീലനവിദ്യാലയത്തിൻെറ സൂപ്രണ്ടായി നിയമിയ്ക്കുവാനും, ഫ്ലോറൻസ് തീർച്ചയാക്കി.

ഈ വിദ്യാലയത്തിൽ പരിശീലനം സമ്പാദിക്കുന്ന നേഴ്സുമാർ മററുള്ള ആസ്പത്രികളിൽ നേഴ്സിങ്ങ് പഠിപ്പിയ്ക്കുവാൻ പ്രാപ്തരായിത്തീരണമെന്നതായിരുന്നു ഫ്ളോറൻസിൻെറ ലക്ഷ്യം. പിന്നീട് "നൈററിൻഗെയ്ൽ നേഴ്സുമാർ" എന്ന പേരിൽ അറിയപ്പെടേണ്ടിയിരുന്ന ഈ പരിശീലനവിദ്യാലയത്തിലെ വിദ്യാർത്ഥിനികൾ നേഴ്സിങ്ങ് ജോലിയിൽ ഉൽകൃഷ്ടവും ഉത്തമവുമായ ഒരു മാതൃക നല്കത്തക്കവിധം ഒരു ഉയർന്ന നിലയിൽ ജീവിയ്ക്കേണ്ടതു് അപരിത്യാജ്യമാണെന്ന് ഫ്ളോറൻസ് വ്യക്തമാക്കി. ഒരു മിഷ്യനറിയുടെ ത്യാഗപൂർണ്ണതയും സേവനചാതുര്യവും നിറഞ്ഞ പ്രകൃതിയോടുകൂടിയവരും, ധാർമ്മികബോധത്തിലും സദാചാരനിയമങ്ങളിലും അണുപോലും വ്യതിചലിയ്ക്കാത്തവരുമായ സ്ത്രീകളെയാണ് നേഴ്സിങ്ങ് പരിശീലനത്തിനായി തിരഞ്ഞെടുക്കേണ്ടതെന്നും, പരിശീലനലബ്ധിയ്ക്കു ശേഷം അവർ ഇതര ആസ്പത്രി സ്ഥാപനങ്ങളിൽ പോയി ജോലിചെയ്കയല്ലാതെ "പ്രൈവററ് പ്രാക്ടീസി"നു പോയിക്കൂടരുതെന്നും, ഫ്ളോറൻസ് അനുശാസിച്ചു.

പരിശീലനവിദ്യാലയത്തിലേയ്ക്ക് അപേക്ഷകരെ ക്ഷണിച്ചുകൊണ്ടുള്ള ഒരു പരസ്യം 1860 മേയ് മാസത്തിൽ ഇംഗ്ലണ്ടിലെ ചില പത്രങ്ങളിൽ പരസ്യംചെയ്തു. പക്ഷേ, അപേക്ഷകർ വളരെ കുറവായിരുന്നു. എങ്കിലും, അവരിൽനിന്ന് 15 പേരെ തിരഞ്ഞെടുത്ത് 1860 ജൂൺ 24-ാംനു- ആധുനികരീതിയിലുള്ള ആദ്യത്തെ നേഴ്സിങ്ങ് വിദ്യാലയം സമാരംഭിക്കപ്പെട്ടു.

ഒരു കൊല്ലമായിരുന്നു പരിശീലനകാലാവധി. ആസ്പത്രിയുടെ മുകളിലുള്ള ഒരു നിലയിൽ പ്രത്യേകം സജ്ജീകരിക്കപ്പെട്ട ഒരു സ്ഥലത്തായിരുന്നു നേഴ്സുമാരുടെ "ഭവനം." ഓരോ നേഴ്സിനും താമസത്തിനുവേണ്ടി ഓരോ മുറി വീതം നല്കപ്പെട്ടു. തവിട്ടുനിറത്തിലുള്ള ഒരു 'ഫ്രോക്കും', ഒരു വെളുത്ത 'ഏപ്രനും', ഒരു വെള്ളത്തൊപ്പിയുമായിരുന്നു അവരുടെ 'യൂനിഫോം'. താമസസൌകര്യങ്ങളും, ഭക്ഷണവും, വസ്ത്രങ്ങളുടെ അലക്കുകൂലിയും, 'യൂനിഫോമി'നുള്ള പണവും പരിശീലനവിദ്യാർത്ഥിനികൾക്ക് "നൈററിൻഗെയ്ൽ ഫണ്ടി"ൽനിന്ന് സൌജന്യമായി നല്കപ്പെട്ടു. മാത്രമല്ല, ഓരോ വിദ്യാർത്ഥി

നിയ്ക്കും ഒരു കൊല്ലം പത്തു പവൻ വീതം പണമായും കൊടു ത്തിരുന്നു. അവർ കൊല്ലാവസാനം ഒരു പരീക്ഷ പാസ്സാകേ ണ്ടിയിരുന്നു. പരീക്ഷയിൽ ജയിച്ചവക്കു സർട്ടിഫിക്കററുകൾ നല്കവാനും ഫ്ളോറൻസ് ഏർപ്പാടുകൾ ചെയ്തു.

ആധുനികനേഴ്സിങ്ങിൻെറ മുന്നോടികളായിരുന്ന ആ "നൈററിൻഗെയ്ൽ നേഴ്സുമാർ" തീക്ഷ്ണതയോടുകൂടി പഠിച്ചു. ആസ്പത്രിയിലെ ഡോക്ടർമാർ ദിവസേന അവരോടു പ്രസംഗിയ്ക്കുകയും, വിദ്യാർത്ഥിനികൾ നോട്ടുകൾ കുറിച്ചെടു ക്കയും ചെയ്തു. പഠനവിഷയത്തിൽ മാത്രമല്ല അധികൃതരുടെ ശ്രദ്ധ പതിഞ്ഞതു്. വിദ്യാർത്ഥിനികളുടെ സ്വഭാവസംശുദ്ധി യിലും, അധികൃതർ പ്രത്യേകം നിഷ്കർഷവെച്ചു. വിദ്യാർത്ഥി നികളിൽ ആരെങ്കിലും ഏതെങ്കിലും പുരുഷനുമായി പ്രേമബ ന്ധത്തിലോ പ്രണയസല്ലാപത്തിലോ ഏർപ്പെടുന്നതിനുള്ള ലക്ഷണം കണ്ടാൽ മതിയായിരുന്നു അവളെ പരിശീലനവിദ്യാ ലയത്തിൽനിന്നു ബഹിഷ്കരിയ്ക്കുവാൻ.

മറെറാരു പരീക്ഷണത്തിനുകൂടി ഫ്ളോറൻസ് ഉദ്യുക്ത യായി. സൂതികമ്മിണികൾക്കു പരിശീലനം നല്കുന്ന ഒരു വി ദ്യാലയം 1861 ഡിസമ്പറിൽ ഫ്ളോറൻസ് സ്ഥാപിച്ചു.

നേഴ്സിങ്ങ് പരിശീലനവും സൂതികമ്മിണികൾക്കു വേ ണ്ടിയുള്ള പരിശീലനവും നല്കുന്ന ആയിരമായിരം സ്ഥാപന ങ്ങളാണ് ഇന്നു ഭൂമുഖത്തുള്ളത്. എന്നാൽ ഈ രണ്ടു സ്ഥാ പനങ്ങളുടേയും ആദ്യസ്ഥാപിക ഫ്ളോറൻസ് നൈററിൻ ഗെയ്ലായിരുന്നു എന്ന വസ്തുത, അവയുടെ സ്ഥാപനം കഴിഞ്ഞ് ഒരു ശതാബ്ദക്കാലശേഷം ജീവിയ്ക്കുന്നവരായ നമുക്കും നമുക്കുശേഷം വരുന്ന ഭാവിപുരുഷാന്തരങ്ങൾക്കും എത്രയോ അഭിമാനകരമായ ഒന്നാണ്!

ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല
മലയിൻകീഴ്.

## അധ്യായം 14

# ലോകത്തോടുള്ള വിടവാങ്ങൽ

**1856**–ലാണ് ഫ്ലോറൻസ് നൈററിൻഗെയ്ൽ ക്രീമിയായിൽനിന്ന് ഇംഗ്ലണ്ടിലേയ്ക്കു മടങ്ങിയത്. അതിനുശേഷം 44 കൊല്ലങ്ങളോളം അവർ ജീവിച്ചു. അതിൽ 40 കൊല്ലത്തിലധികവും സംഭവബഹുലമായ ഒരു ജീവിതമാണ് ഫ്ലോറൻസ് ഇംഗ്ലണ്ടിൽ നയിച്ചത്. രാജാക്കന്മാരും, രാജകുമാരന്മാരും, മന്ത്രിമാരും, രാജ്യകാര്യവിശാരദന്മാരും, അവളുടെ വസതിയിൽ ചെന്ന് അവരെ നിരന്തരം സന്ദർശിയ്ക്കുകയും, സൈനികാരോഗ്യം, പൊതുജനാരോഗ്യം, നഗരശുചീകരണം, ആസ്പത്രിസ്ഥാപനം, ആസ്പത്രിനിമ്മാണം, ആദിയായ വിവിധ വിഷയങ്ങളിൽ ഫ്ലോറൻസിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയും ചെയ്യുക പതിവായിരുന്നു. ഇംഗ്ലണ്ടിലെ മന്ത്രിസഭകളിൽ ഫ്ലോറൻസിനുണ്ടായിരുന്ന സ്വാധീനശക്തിമൂലം സൈനികാസ്പത്രികളിലും സിവിലാസ്പത്രികളിലും നിരവധി പരിഷ്കാരങ്ങൾ വരുത്തുവാനും പൊതുജനാരോഗ്യപ്രധാനമായ പല നിയമങ്ങൾ ക്രോഡീകരിയ്ക്കാനും, അവൾക്കു സാധിച്ചു. ക്രീമിയായുദ്ധത്തിനുശേഷം 40 കൊല്ലങ്ങൾക്കുള്ളിൽ ആരോഗ്യപരമായും മററും ഇംഗ്ലണ്ടിൽ മാത്രമല്ല വിദേശരാജ്യങ്ങളിൽപോലും ഫ്ലോറൻസ് സാധിച്ച മഹൽകാര്യങ്ങളും തദ്വിഷയകമായി ചെയ്ത നിസ്തുലസേവനങ്ങളും നിരവധിയായിരുന്നു എന്നുമാത്രം പ്രസ്താവിയ്ക്കുവാനേ ഈ ചെറുഗ്രന്ഥത്തിൽ നിവ്വാഹമുള്ളു. മദ്രാസ്, ബോംബെ, കല്ക്കത്ത ആദിയായ ഇന്ത്യയിലെ വലിയ നഗരങ്ങളിൽപ്പോലും ശുചീകരണസംബന്ധമായി ഉണ്ടായ പല ഏർപ്പാടുകൾക്കും ഇന്ത്യയിലെ അക്കാലത്തെ വൈസ്രോയിമാരും ഗവണ്ണർമാരും ഫ്ലോറൻസ് നൈററിൻഗെയ്ലിന്റെ അഭിപ്രായങ്ങൾ ആരായുകയും

അവരുടെ നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിയ്ക്കുയും ചെയ്തിരുന്നു എന്നതു ഭാരതീയരായ നമുക്ക് അഭിമാനം കൊള്ളുവാൻ അർഹതയുള്ള ഒരു വസ്തുതയാണ്.

1867 മുതൽ ഫ്ലോറൻസിൻെറ കണ്ണുകൾ അവൾക്കു വലിയ വേദന നല്കിക്കൊണ്ടിരുന്നു. 1889-ൽ ആ വേദന വർദ്ധിച്ചു. 1901-ൽ ഫ്ലോറൻസിനു് അവരുടെ കാഴ്ചശക്തി പരിപൂർണ്ണമായി നഷ്ടപ്പെട്ടു. ഇടയ്ക്കിടെ അവൾക്കു പ്രജ്ഞയില്ലാതായിത്തീരുകയും, തുടർന്ന് അവരുടെ ധാരണശക്തി നിശ്ശേഷം നശിച്ചുപോകയും ചെയ്തു.

1907-ൽ ഇംഗ്ലണ്ടിലെ എഡ്വേർഡ് ഏഴാമൻ രാജാവ് "ഓർഡർ ഓഫ് മെറിററ്" (Order of Merit) എന്ന ബഹുമതിയും, പിറേറകൊല്ലം "ഫ്രീഡം ഔഫ് ദി സിററി ഓഫ് ലണ്ടൻ" (Freedom of the City of London) എന്ന ബഹുമതിയും ഫ്ലോറൻസിനു നല്കി. പക്ഷേ, ആ ബഹുമതികളെപ്പററി സന്തോഷിയ്ക്കുവാനുള്ള മാനസികശക്തികളെല്ലാം ഫ്ലോറൻസിനു പരിപൂർണ്ണമായി അപ്പോൾ നഷ്ടപ്പെട്ടിരുന്നു. ദർശനശക്തിയില്ലാതെയും പ്രജ്ഞയില്ലാതെയും തൻെറ ശയ്യയിൽ കഴിച്ചുകൂട്ടിയിരുന്ന ഫ്ലോറൻസ് 1910 ഫെബ്രുവരിയ്ക്കു ശേഷം പിന്നീടൊരിയ്ക്കലും സംസാരിച്ചിട്ടില്ല.

1910 ആഗസ്റ്റ് 13-ാംനു- ഉച്ചതിരിഞ്ഞു ഫ്ലോറൻസ് നൈററിൻഗെയ്ൽ ഉറക്കത്തിൽ ഈ ലോകത്തോടു യാത്ര പറഞ്ഞു പിരിഞ്ഞു. മരിയ്ക്കുമ്പോൾ അവൾക്കു 90 വയസ്സും 3 മാസവും പ്രായമായിരുന്നു.

സുബോധമുണ്ടായിരുന്നപ്പോൾ ഫ്ലോറൻസ് തയ്യാറാക്കിയിരുന്ന തൻെറ മരണപത്രികയിൽ പ്രേതസംസ്കാരം ആർഭാടരഹിതമാകണമെന്ന് ആവശ്യപ്പെട്ടിരുന്നു. സംസ്കരിയ്ക്കുന്ന സ്ഥലത്ത് യാതൊരുവക സ്മാരകസ്തംഭങ്ങളും പാടില്ലെന്ന് അവർ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. അതിനു നിവ്വാഹമില്ലെങ്കിൽ, തൻെറ പേരിൻെറ ആദ്യാക്ഷരങ്ങളും ജനനമരണത്തിയ്യതികളും രേഖപ്പെടുത്തിയിട്ടുള്ള ഒരു കുരിശുമാത്രംസ്ഥാപിയ്ക്കുവാനാണ് അവർ ആവശ്യപ്പെട്ടിരുന്നത്.

ഫ്ലോറൻസിൻെറ മരണവാർത്തയറിഞ്ഞ ബ്രിട്ടീഷ്ഗവ

മ്മേണ്ട് അവരുടെ പ്രേതം വെസ്റ്റ്മിനിസ്റ്റർ ആബിയിൽ സംസ്കരിയ്ക്കുന്നതിനും, അതിനു ദേശീയപ്രാധാന്യം നല്കുന്നതിനും വേണ്ട സന്നദ്ധത പ്രകാശിപ്പിച്ചു. പക്ഷേ, മരണപത്രികയിലെ അവരുടെ ഇംഗിതമറിഞ്ഞപ്പോൾ, അതിനെ ആദരിയ്ക്കുയാണ് ഗവമ്മേണ്ട് ചെയ്തത്.

ഫ്ലോറൻസിൻെറ പ്രേതം നൈററിൻഗെയ്ൽ കുടുംബത്തിൻെറ ശവസംസ്കാരസ്ഥലമായിരുന്ന "ഈസ്റ്റ് വെല്ലോ" എന്നിടത്തു സംസ്കരിയ്ക്കപ്പെട്ടു. ബ്രിട്ടീഷ്സേനയിലെ ആറു സർജൻറുമാരാണ് അവരുടെ പ്രേതം സംസ്കാരസ്ഥലത്തേയ്ക്കു ചുമലിൽ വഹിച്ചുകൊണ്ടു പോയതു്.

കൊല്ലംതോറും ലോകത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നും അനേകമനേകം പേർ "ഈസ്റ്റ് വെല്ലോ" സന്ദർശിയ്ക്കാറുണ്ട്. അവിടെ യാതൊരു വക അലങ്കാരവുമില്ലാത്ത ഒരു ശവകുടീരസ്തംഭത്തിൽ:

**എഫ്. എൻ.**

ജനനം: 1820

മരണം: 1910

എന്ന വാക്കുകൾ മാത്രമേ ആ സന്ദർശകർ കാണാറുള്ളൂ.

സമാപ്തം

ശ്രീചിത്തിരതിരുനാൾ ഗ്രന്ഥശാല

ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല
മലയിൻകീഴ്.

ജോൺസ്

# [illegible]

മിസിസ് ഹെലൻ തോമസ്